ചെറുതുരുത്തി യുപി സ്കൂൾ

പോരൂർ ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസന രേഖ




കേരളം
പോരൂർ
മലപ്പുറം ജില്ല

9-ാം പദ്ധതി ജനകീയ പദ്ധതി

പോരൂർ ഗ്രാമ പഞ്ചായത്ത്

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

സമഗ്ര വികസന രേഖ



മലപ്പുറം ജില്ല

പോരൂർ ഗ്രാമ പഞ്ചായത്ത്



എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : വി. എം. ഡി. ഭട്ടതിരിപ്പാട്
എഡിറ്റർ : കെ. പി ഭാസ്കരൻ നായർ

★ ★ ★

എഡിറ്റോറിയൽ സ്റ്റാഫ്

ഇ. മുഹമ്മത് കുഞ്ഞി
കെ. ടി. ജമീല
എൻ. എം. ശങ്കരൻ നമ്പൂതിരി
കെ. ടി. അബ്ദുൺ റഷീദ്
എൻ. മുഹമ്മത് ബഷീർ
പി. ശങ്കരനാരായണൻ
കെ. കെ. അബ്ബാസ്
പി. കൃഷ്ണൻ വൈദ്യർ
വി. എം, മുഹമ്മത് ഹാജി
ഇ. ഉണ്ണിക്കൃഷ്ണൻ
യു. സി. നന്ദകുമാർ
കെ. പി. വാസുദേവൻ നായർ
ഇ. രവീന്ദ്രനാഥ്
കെ. അബ്ദുൾ മജീദ്
സി. എം. വിനയചന്ദ്രൻ

★ ★ ★

D.T.P & LayOut

MEDIA SOFT,
Manjeri, Ph: 66332

പോരൂർ ഗ്രാമ പഞ്ചായത്ത്

ഭരണ സമിതി

ശ്രീമതി. കെ. ടി. ജമീല
പ്രസിഡണ്ട്

എൻ. എം. ശങ്കരൻ നമ്പൂതിരി
വൈസ് പ്രസിഡണ്ട



കെ. ടി. അബ്ദുൾ റഷീദ്
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



ഇ. മുഹമ്മത് കുഞ്ഞി
ജില്ലാ പഞ്ചാ: സ്റ്റാന്റിംഗ്
കമ്മിറ്റി ചെയർമാൻ



കെ. സി. കുഞ്ഞിമുഹമ്മത്
ബ്ലോക്ക് പഞ്ചായത്ത്
വൈസ് പ്രസിഡണ്ട്

വി. എം. ഡി. ഭട്ടതിരിപ്പാട്
മുൻ പഞ്ചാ. പ്രസിഡണ്ട്
(ചീഫ് എഡിറ്റർ)

ഉണ്ണികൃഷ്ണൻമാസ്റ്റർ
കോ – ഓർഡിനേറ്റർ

കെ. പി. ഭാസ്ക്കരൻ നായർ
കൺവീനർ



വി. കെ. എസ്. വാര്യർ
മുൻ പഞ്ചാ. പ്രസിഡണ്ട്



കെ. ടി. ഉണ്ണി മമ്മുട്ടി
മുൻ പഞ്ചാ. പ്രസിഡണ്ട്

മെമ്പർമാർ

ലീനാ സോമൻ



എൻ. മുഹമ്മദ് ബഷീർ



പി. ശങ്കരനാരായണൻ

കെ. കെ. അബ്ബാസ്

വി. കെ, ദ്രൗപതി

കെ. രമാദേവി

പി. കൃഷ്ണൻ വൈദ്യർ

ഉള്ളടക്കം

1. ആമുഖം 7
2. പഞ്ചായത്ത് പൊതുവിവരണം 10
3. സാമൂഹ്യസാംസ്കാരിക ചരിത്രം 11
4. ഭൂപ്രകൃതി 17
5. സാമൂഹിക സാമ്പത്തിക മേഖലകൾ..... 19
    5.1 കൃഷിയും ജലസേചനവും 20
    5.2 മൃഗ സംരക്ഷണം 26
    5.3 വ്യവസായം, വാർത്താവിനിമയം 28
    5.4 വിദ്യാഭ്യാസം 31
    5.5 പാർപ്പിടവും സാമൂഹ്യക്ഷേമവും 38
    5.6 കുടിവെള്ളവും പൊതുജനാരോഗ്യവും 46
    5.7 ഗതാഗതം, ഊർജ്ജം 56
    5.8 സംസ്കാരം 66
    5.9 വനിത 70
    5.10 സഹകരണം 74
    5.11 പട്ടികജാതി, പട്ടികവർഗ്ഗം 78
    5.12 വിവേ സമാഹരണം 83
6. ഉപസംഹാരം 85



ആമുഖം

ഭാരത സാതന്ത്ര്യത്തിന്റെ 50-ാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ കേരളത്തിൽ ' ഒമ്പതാം പദ്ധതി - ജനകീയ പദ്ധതി ' എന്ന അതിബൃഹത്തായ താഴെ തലത്തിൽ നിന്നുള്ള ആസൂത്രണ പരിപാടി നടന്നുകൊണ്ടിരിക്കുന്നു.

രാഷ്ട്ര പിതാവായ മഹാത്മാഗാന്ധിയുടെ ' ഗ്രാമസ്വരാജ് ' എന്ന സങ്കൽപം, 6ഃ-ാം ഭരണഘടനാ ഭേദഗതിയിലൂടെ മുൻ പ്രധാനമന്ത്രി ശ്രീ രാജീവ് ഗാന്ധി തുടങ്ങി വച്ച പഞ്ചായത്തീരാജ് നിയമം 73, 74 ഭരണഘടനാ ഭേദഗതി വഴി സാക്ഷാൽ കരിക്കപ്പെട്ടിരിക്കയാണ്. പദ്ധതി ആസൂത്രണത്തിലേയും നടത്തിപ്പിലേയും പോരായ്മകൾ പരിഹരിക്കുന്നതിനുവേണ്ടി, ശ്രീ രാജീവ് ഗാന്ധി ഇന്ത്യയിലെ മുഴുവൻ പഞ്ചായത്തു പ്രസിഡണ്ടുമാരുടെ അഭിപ്രായങ്ങൾ നേരിട്ട് കേൾക്കുകയും താഴെ തലത്തിൽ നിന്നുള്ള ആസൂത്രണ പരിപാടിക്ക് അങ്ങിനെ തുടക്കം കുറിക്കുകയുമുണ്ടായി. ഭരണഘടനാ ഭേദഗതി നിലവിൽ വരുന്നതിനുമുമ്പുതന്നെ ജവഹർ റോസ്ഗാർ യോജന, മില്യൺ വെൽഫെയർ സ്കീം തുടങ്ങിയ പദ്ധതികൾ ജനപങ്കാളിത്തത്തോടെ ഇന്നും നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നതോടുകൂടി ആസൂത്രണത്തിലും വികസന പ്രക്രിയയിലും ഗ്രാമസഭകൾക്ക് നിയമപരമായി ലഭിച്ച അവകാശങ്ങളും അധികാരങ്ങളും ഗ്രാമസഭകളെ സജീവവും സമ്പുഷ്ടവുമാക്കുകയും ചെയ്യുന്നു. ഈ സാഹചര്യം സർക്കാരിന്റെ ബൃഹത്തായ ജനകീയാസൂത്രണ പ്രസ്ഥാനത്തെ പ്രവർത്തനാത്മകവും ഓജസ്സുറ്റതുമായ വമ്പിച്ച ഒരു ജനമുന്നേറ്റമായി മാറ്റിയിരിക്കുന്നു.

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ വണ്ടൂർ ബ്ലോക്കിൽ പെട്ടതാണ് പോരൂർ ഗ്രാമ പഞ്ചായത്ത്. 1961 ലാണ് ഇന്നത്തെ ഈ പഞ്ചായത്ത് നിലവിൽ വന്നത്. വടക്ക് വണ്ടൂർ ഗ്രാമ പഞ്ചായത്തും, തെക്ക് പാണ്ടിക്കാടും, കിഴക്ക് കാളികാവും, പടിഞ്ഞാറ് തൃക്കലങ്ങോടും ഈ ഗ്രാമ പഞ്ചായത്തുമായി അതിരുകൾ പങ്കിടുന്നു. ഈ ഗ്രാമ പഞ്ചായത്തിന്റെ വിസ്തീർണ്ണം 35 ചതുരശ്ര കാലോമീറ്ററും ജനസംഖ്യ 22000 ഉം ആണ്. കൊച്ചു കൊച്ചു മലകളും കുന്നുകളും താഴ്വാരങ്ങളും നിറഞ്ഞതാണ് പഞ്ചായത്തിന്റെ ഭൂപ്രകൃതി. നെല്ല്, തെങ്ങ്, കമുക്, കശുമാവ്, റബ്ബർ, കപ്പ, ഏത്തവാഴ എന്നിവയാണ് മുഖ്യ കാർഷിക വിളകൾ. ജനങ്ങളധികവും കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നു. ഈ പഞ്ചായത്തിൽ പുഴകളോ കാര്യമായ ജലസ്രോതസ്സുകളോ ഇല്ല. വ്യവസായ ശാലകളും മറ്റു തൊഴിൽ സംരംഭങ്ങളുമില്ല.

വീട്ടുകരം, തൊഴിൽനികുതി എന്നിവയാണ് ഈ ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വരുമാന മാർഗ്ഗങ്ങൾ. സാമ്പത്തികമായി ഈ പഞ്ചായത്ത് വളരെ പിന്നോക്കാവസ്ഥയിലാണ്. സാമ്പത്തിക പരാധീനതയുണ്ടെങ്കിലും ഈ പ്രദേശത്തിന്റെ വികസനപ്രക്രിയകൾക്ക് ആക്കം കൂട്ടുവാൻ ആദ്യം മുതൽ ഇന്നുവരെയുള്ള ഭരണസമിതികൾ ശ്രമിക്കുകയും, ബഹുജനപങ്കാളിത്തത്തോടുകൂടി വികസനരംഗത്ത് വളരെയധികം നേട്ടങ്ങൾ കൈവരിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ചെറുകോട് - തിരുനെല്ലി റോഡ്, പോരൂർ ഗവ: ഹൈസ്കൂൾ കെട്ടിടം എന്നിവയുടെ നിർമ്മാണം ജനപങ്കാളിത്തത്തോടെ നടത്തിയതിന് ഉദാഹരണങ്ങളാണ്. 1992 - 93 കാലഘട്ടത്തിൽ സാശ്രയ ഗ്രാമമായി തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് ലഭ്യമായ ഫണ്ടും പഞ്ചായത്തിന്റെ ഫണ്ടും പൊതുനപങ്കാളിത്തവും ഉപയോഗപ്പെടുത്തി ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നടത്താനും, തൊഴിലാളികൾക്ക് സൗജന്യമായി തൊഴിലുപകരണങ്ങളും മറ്റും നൽകി അവരുടെ തൊഴിൽനിലമെച്ചപ്പെടുത്തുവാനും കഴിഞ്ഞു.

1990 ലെ സമ്പൂർണ്ണ സാക്ഷരതാ പരിപാടി നല്ല വിജയമാക്കിത്തീർക്കുന്നതിന് അന്നത്തെ ഭരണസമിതിക്ക് കഴിഞ്ഞിട്ടുണ്ട്. ദരിദ്രകുടുംബങ്ങളുടെ ക്ഷേമത്തിനായി ആരംഭിച്ച CBNP പദ്ധതി ഈ പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നു. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ CBNP യുടെ ' അയൽക്കൂട്ട ' ങ്ങളുടെ പ്രവർത്തനം ശ്ലാഘനീയമാണ്.

ജനകീയാസൂത്രണ പരിപാടിയുടെ പ്രധമഘട്ടമെന്ന നിലക്ക് പഞ്ചായത്തിൽനിന്നും 10 പേർ വണ്ടൂരിൽവെച്ച് നടന്ന ജില്ലാ റിസോഴ്സ് പേഴ്സൺ ക്യാമ്പിൽ പങ്കെടുത്തു. അതിനുശേഷം 1996 സെപ്റ്റംബർ 19ന് ചെറുകോടു വെച്ച് 60 പേർക്ക് ലോക്കൽ റിസോഴ്സ് പേഴ്സൺ പരിശീലനം നൽകി. തുടർന്ന് 1996 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 2 ാം തീയ്യതി വരെ പത്തു വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ നടന്നു. ഗ്രാമസഭകളിൽ സാമാന്യം നല്ല ജനപങ്കാളിത്തവും പ്രതികരണവും വർദ്ധിച്ച ആവേശവും പ്രകടമായിരുന്നു. അതിനു ശേഷം ദ്വിതീയ വിവരശേഖരണവും സമഗ്ര സാമൂഹ്യ സാമ്പത്തിക സർവ്വേയും

എല്ലാ വാർഡുകളിലും നടത്തി. പിന്നീട് 2/11/96 ൽ L.R.P 2 ാം ഘട്ട ശിൽപശാലയും നടത്തി. തുടർന്ന് പഠന പര്യടനവും സാമൂഹ്യ ചരിത്ര പശ്ചാത്തല ശേഖരണവും നടത്തുകയുണ്ടായി. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ അടുത്ത 5 വർഷത്തേക്കുള്ള സമഗ്ര വികസനരേഖ തയ്യാറാക്കുവാൻ ഇതിന്റെ കർമ്മസമിതി വളരെ വസ്തുനിഷ്ഠമായി ശ്രമിച്ചിട്ടുണ്ട്.

വികസനരംഗത്ത് മുൻകാലങ്ങളിൽ ലഭിച്ച പൊതുജനപങ്കാളിത്തം മേലിലും ലഭിക്കുമെന്ന ആത്മവിശ്വാസവും വിശേഷാൽ ഗ്രാമസഭകളിൽ ദൃശ്യമായ ആവേശവും തൽപരതയും ' ഒമ്പതാം പദ്ധതി - ജനകീയ പദ്ധതി ' ഒരു മഹത്തായ മാതൃകയും വൻവിജയവുമായിത്തീരുമെന്ന ശുഭാപ്തിവിശ്വാസത്തോടെ ഈ വികസനരേഖ ഇവിടെ സമർപ്പിക്കുന്നു. ചർച്ചകളിലൂടെയും നിർദ്ദേശങ്ങളിലൂടെയും ഇതിനെ സമ്പുഷ്ടമാക്കുക.

പഞ്ചായത്ത് പൊതു വിവരണം

പഞ്ചായത്തിന്റെ പേര്	:	പോരൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	പോരൂർ
ബ്ലോക്ക് പഞ്ചായത്ത്	:	വണ്ടൂർ
താലൂക്ക്	:	നിലമ്പൂർ
അസംബ്ലി നിയോജക മണ്ഡലം	:	വണ്ടൂർ
പാർലിമെന്റ് നിയോജക മണ്ഡലം	:	മഞ്ചേരി
വിസ്തീർണ്ണം	:	34.86 ച. കി. മീ.
വാർഡുകൾ	:	10
അതിരുകൾ	:	വടക്ക് വണ്ടൂർ, തിരുവാലി പഞ്ചായത്തുകൾ കിഴക്ക് വണ്ടൂർ, കാളികാവ് പഞ്ചായത്തുകൾ തെക്ക് പാണ്ടിക്കാട് പഞ്ചായത്ത് പടിഞ്ഞാറ് തുക്കലങ്ങോട് പഞ്ചായത്ത്
ജനസംഖ്യ	:	22353
പുരുഷൻ	:	10950
സ്ത്രീ	:	11397
ജനസാന്ദ്രത	:	639
അക്ഷരാഭ്യാസമുള്ളവർ	:	15630
പ്രസിഡണ്ടിന്റെ പേര്	:	ശ്രീമതി. കെ. ടി. ജമീല
വൈസ് പ്രസിഡണ്ട്	:	എൻ. എം. ശങ്കരൻ നമ്പൂതിരി
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	കെ. ടി. അബ്ദുൾ റഷീദ്
മെമ്പർമാർ	1)	ലീനാ സോമൻ
	2)	എൻ. മുഹമ്മദ് ബഷീർ
	3)	പി. ശങ്കരനാരായണൻ
	4)	കെ. കെ. അബ്ബാസ്
	5)	വി. കെ, ദ്രൗപതി
	6)	കെ. രമാദേവി
	7)	പി. കൃഷ്ണൻ വൈദ്യർ



സാമൂഹ്യ സാംസ്കാരിക ചരിത്രം

പോരൂർ അംശവും ചാത്തങ്ങോട്ടുപുറം അംശവും കൂടിച്ചേർന്നുണ്ടായതാണ് ഇന്നത്തെ പോരൂർ പഞ്ചായത്ത്.

പോരൂർ ശിവക്ഷേത്രത്തിന്റെ ഉൽപത്തിയുമായി ബന്ധപ്പെട്ടാണ് ഈ പേർ വന്നതെന്നാണ് പഴമക്കാർ കൈമാറിത്തന്ന ഐതിഹ്യം. കാടു വെട്ടിത്തെളിയിച്ചുകൊണ്ടിരുന്ന ഒരു പണിക്കാരന്റെ ആയുധം തട്ടി കല്ലിൽനിന്നും ക്രമാതീതമായി പുക ഉയർന്നു എന്നും അങ്ങിനെ പുകയൂരായെന്നും, അത് ലോപിച്ച് പോരൂരായെന്നുമാണ് പറയപ്പെടുന്നത്. ആ സ്ഥലത്താണ് പ്രസ്തുത ക്ഷേത്രം നിലനിൽക്കുന്നത്. രാവണ സഹോദരനും മഹാ ശിവഭക്തനുമായിരുന്ന 'ധരൻ' പ്രതിഷ്ഠിച്ചതാണ് ഇവിടത്തെ ശിവ പ്രതിഷ്ഠാ എന്ന് ഐതീഹ്യമുണ്ട്.

സുപ്രസിദ്ധവും പുരാതനവുമായ രണ്ടു ജന്മി കുടുംബങ്ങളായ ഉൽപ്പിലാപ്പറ്റ മനക്കാരും, വെള്ളക്കാട്ടു മനക്കാരുമാണ് ക്ഷേത്രത്തിന്റെ ഊരാളന്മാർ.

പ്രസിദ്ധമായ ചാത്തങ്ങോട്ടുപുറം ശ്രീ. തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് സ്ഥലനാമം വന്നത്. പുരാതനമായ അച്ചത്ത് നായർ തറവാട്ടിലെ ഒരു കാരണവർ (പൈക്കാട്ട് നായരാണെന്നും പറയുന്നുണ്ട്) അങ്ങാടിപ്പുറം ശ്രീ. തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രത്തിൽ പതിവ് ദർശനം നടത്തിയിരുന്നു. പ്രായാധിക്യത്താൽ തനിക്കിനി ഇവിടെ വന്ന് ദർശനം നടത്താൻ സാധിക്കില്ലെന്ന് ദേവിയോട് മനമുരുകി പറഞ്ഞു തിരിച്ച് പോരുമ്പോൾ തിരുമാന്ധാംകുന്ന് ഭഗവതി അദ്ദേഹത്തിന്റെ ഓലക്കുടപ്പുറത്തു കയറി കൂടെ വന്നു എന്നും അന്ന് ശാസ്താ ക്ഷേത്രമായിരുന്ന ഇപ്പോഴത്തെ ക്ഷേത്രത്തിൽ കുടിയിരിക്കുകയും ശാസ്താവിനെ അപ്പുറത്തേക്ക് മാറ്റുകയും ചെയ്തു എന്നതാണ് ഐതീഹ്യം. ' ശാസ്താവിനെ ' അങ്ങോട്ടപ്പുറത്തേക്ക് മാറ്റി കുടിയിരുത്തിയതിനാൽ ശാസ്താവങ്ങോട്ടുപുറം എന്ന പേരു വരുകയും ലോപിച്ച് ചാത്തങ്ങോട്ടുപുറം ആയിത്തീരുകയും ചെയ്തു എന്നാണ് നാട്ടറിവ്. ഭഗവതി കുടപ്പുറത്ത് എഴുന്നള്ളിയതിന്റെ അടയാളമായി ക്ഷേത്രത്തിലെ ഉൽസവ ദിവസങ്ങളിൽ പ്രധാന ചടങ്ങായി കുടയെഴുന്നള്ളിപ്പ് ഇന്നും നടന്നുവരുന്നു.

പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറു മാറി രവിമംഗലം എന്ന ഒരു ഗ്രാമമുണ്ട്. ഇവിടെയുള്ള സുപ്രസിദ്ധമായ വിഷ്ണു ക്ഷേത്രത്തിൽ രവിയുടെ (സൂര്യൻ) അംശമുള്ള വിഷ്ണുവായതിനാൽ രവിമംഗലം എന്ന് പേർ വന്നു എന്നൂഹിക്കപ്പെടുന്നു. കാലപ്പഴക്കം നിർണയിക്കപ്പെട്ടിട്ടില്ല ടിപ്പുവിന്റെ പടയോട്ടക്കാലത്ത്

അൽപം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പായത്തക്ക കേടുപാടുകൾ ഒന്നുമില്ലാതെ ഇന്നും നിലനിൽക്കുന്നു. നടുവിൽ മണ്ണഴി, കാഞ്ഞിരത്തു മണ്ണഴി, കിടങ്ങേഴി മന, മരനാട്ടു മന, എന്നിവരാണ് ഊരാളന്മാർ.

വളരെ പുരാതന കാലം തൊട്ടുതന്നെ രണ്ടു മുസ്ലീം ആരാധനാലയങ്ങളാണ് എടപ്പുലം, തൊടിക്കപ്പുലം പള്ളികൾ. എടപ്പുലം പള്ളിക്ക് ഏകദേശം 200 വർഷത്തിലധികം പഴക്കമുണ്ടെന്നാണറിവ്.

ഈ പള്ളിയിലെ ഒരു പ്രധാന പുരോഹിതനായിരുന്നു ഖാസി പ്രസിദ്ധ മതപണ്ഡിതനും, ആദരണീയനുമായ പൊറ്റയിൽ മാനു മുസ്ല്യാർ. ഇദ്ദേഹത്തെ ഈ അവസരത്തിൽ അനുസ്മരിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു.

എടപ്പുലം പള്ളിയോടനുബന്ധിച്ച് വളരെ മുമ്പ് കാലത്ത് ഒരങ്ങാടിയുണ്ടായിരുന്നു. പള്ളിയും അങ്ങാടിയും സ്ഥാപിക്കുന്നതിൽ കുത്തേടത്ത്, മുസ്ല്യാരകത്ത്, പൊറ്റയിൽ, കുന്നുമ്മൽ, വെള്ളയൂർ മാത്തിൽ എന്നീ കുടുംബക്കാർ വഹിച്ച പങ്ക് പ്രത്യേകം സ്മരണീയമാണ്. ഇന്നും എടപ്പുലം പള്ളി കാര്യമായ മാറ്റങ്ങളൊന്നും വരുത്താതെ പഴമയിൽത്തന്നെ നിലനിൽക്കുന്നു.

ദേശീയ പ്രസ്ഥാനം

ദേശീയ പ്രസ്ഥാനത്തിന് ഈ ഗ്രാമം അതിന്റേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. രാമനാട്ടുകരക്കാരനായ കൃഷ്ണ മേനോനാണ് ഇവിടെ ദേശീയ പ്രസ്ഥാനത്തിന്റെ വിത്തു പാകിയത്. സർവ്വശ്രീ പൂങ്കുഴി മമ്മുണ്ണിക്കുട്ടി, കക്കുഴി മാധവൻ നായർ, പൂങ്കുഴി ഇമ്പിച്ചി മമ്മദ്, നീലേങ്ങാടൻ മമ്മു മൗലവി, പടിഞ്ഞാറേ വാര്യത്ത് കൃഷ്ണ വാര്യർ എന്നിവർ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായ ഐതിഹാസികമായ ഖിലാഫത്ത്, നിസ്സഹകരണം, വിദേശ വസ്ത്ര ബഹിഷ്കരണം, വിദ്യാഭ്യാസ പ്രചരണം എന്നീ തുറകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പൊതുയോഗങ്ങൾ നടത്തിയിട്ടുണ്ട്. മമ്മു മൗലവി, മുഹമ്മദ് കുഞ്ഞാലൻ മൊല്ല, മമ്മിണിക്കുട്ടി, വടക്കുംപറമ്പൻ അയമ്മുമൊല്ല, മധുരക്കാരിയൻ ഇബ്രാഹിം, പോക്കർ നീലാണ്ടൻ പൊങ്കയിൽ മമ്മുണ്ണിഹാജി എന്നിവർ ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ജയിൽവാസം വരിച്ചവരായിരുന്നു.

മലബാർ കലാപത്തോടനുബന്ധിച്ച് നടന്ന അക്രമപവണതയെ ചൊല്ലി ദേശീയ പ്രസ്ഥാനത്തിൽ ഉറച്ചു നിന്ന ഇവരെ ബ്രിട്ടീഷുകാർ അന്തമാനിലേക്ക് നാടുകടത്തുകയുണ്ടായി. ശിക്ഷ കഴിഞ്ഞുവന്നിട്ടും ഇവർ ദേശീയ പ്രസ്ഥാനത്തിൽ ഉറച്ചുനിന്നു പ്രവർത്തിച്ചു.

1921 ലെ മലബാർ ലഹളയോടെ പൊട്ടിത്തെറിച്ച ജന്മി കുടിയാൻ ബന്ധത്തിന്റെ ഒരു ഉപോൽപ്പന്നമാണ് 1929 ലെ മലബാർ കുടിയായ്മ നിയമം. ഒരു പരിധിവരെയെങ്കിലും കർഷകർക്ക് ആശ്വാസം പകരാൻ ഇത് ഉപകരിച്ചെങ്കിലും കൃഷിഭൂമി കൃഷിക്കാരന്റേതാകാൻ നിരവധി സമരങ്ങൾ വേണ്ടിവരികയും 1976 വരെ കാത്തിരിക്കേണ്ടി വരികയും ചെയ്തു. ഇത്തരം സമരങ്ങൾ ഈ പഞ്ചായത്തിലും അലയൊലി സൃഷ്ടിച്ചിട്ടുണ്ട്. എന്തൊക്കെ അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും മലബാർ ലഹളക്കു ശേഷമാണ് മലബാറിൽ നവോത്ഥാന പ്രസ്ഥാനം ഉടലെടുക്കുന്നതും വളർന്നതും.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഭൂവുടമ സമ്പ്രദായത്തിലെ സ്ഫോടനാത്മകമായ മാറ്റങ്ങൾക്കും നാന്ദി കുറിച്ചത് മലബാർ ലഹളയായിരുന്നു എന്നത് തർക്കമറ്റ വസ്തുതയാണ്. വിദ്യാഭ്യാസ കാര്യത്തിൽ വളരെ പിന്നോക്കം നിന്നിരുന്ന മാപ്പിളമാരുടെ വിദ്യാഭ്യാസ പുരോഗതിക്കായി ധാരാളം സ്കൂളുകൾ അക്കാലത്ത് ആരംഭിക്കുകയുണ്ടായി. മദ്രസ്സ കെട്ടിടം കൈവശമുള്ള മുസ്ല്യാൻമാർക്കായിരുന്നു അന്ന് അതിൽ മുൻഗണന. അങ്ങിനെയാണ് മലബാറിൽ മാപ്പിള സ്കൂളുകളുടെ ആവിർഭാവം.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് ശക്തി കൂടിവന്നു. വയോജന വിദ്യാഭ്യാസം, ഹരിജനോദ്ധാരണം കലാ സാംസ്കാരിക രംഗത്തെ പ്രവർത്തനം എന്നിവ അവയിൽ ചിലതുമാത്രം

കോവിൽ കുട്ടികൃഷ്ണൻ നായർ, പുതിയകുന്നത്ത് കേശവമേനോൻ, കുട്ടികൃഷ്ണമേനോൻ എന്നിവരുടെ നേതൃത്വത്തിൽ ക്ഷേത്രപ്രവേശനം നടന്നിട്ടുണ്ട്. ഈ പ്രസ്ഥാനത്തിൽ പങ്കെടുത്തവരിൽ ഇന്നു ജീവിച്ചിരിക്കുന്ന വ്യക്തിയാണ് പോരൂരിലെ ' പി. എൻ. നമ്പീശൻ '

കോൺഗ്രസ്സ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ശ്രീ. മുഹമ്മദ് അബ്ദുറഹിമാൻ സാഹേബ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വന്നിട്ടുണ്ട്.

ചികിത്സാരംഗത്തും ജ്യോതിഷരംഗത്തും ചാത്തങ്ങോട്ടുപുറം പുറംനാടുകളിൽ അറിയപ്പെടുന്ന പ്രദേശമാണ്. ഉണ്ണിക്കുട്ടി വൈദ്യർ അക്കാലത്ത് ഈ പ്രദേശത്തെ പ്രധാന ആയുർവ്വേദ വൈദ്യനായിരുന്നു. ആ വൈദ്യ പാരമ്പര്യം കുടുംബം ഇന്നും നിലനിർത്തുന്നു. ഡോ. ശിവശങ്കരൻ (ഗവ: ആയുർവ്വേദ ഹോസ്പിറ്റൽ, പോരൂർ) അദ്ദേഹത്തിന്റെ മകനാണ്.

പ്രസിദ്ധ വേദപണ്ഡിതനായിരുന്ന ശ്രീ. കാഞ്ഞിരത്ത് മണ്ണഴി കേശവൻ നമ്പൂതിരി കേൾവികേട്ട പേപ്പട്ടി വിഷ ചികിത്സകൻ കൂടിയായിരുന്നു. അദ്ദേഹത്തിന്റെ പുത്രനാണ് ഡോ. രാമൻ നമ്പൂതിരി (K. M. R.) പേരെടുത്തു പറയത്തക്ക ഒരു ബാലചികിത്സകനായിരുന്നു വിനശ്ശേരിയിലെ നൊട്ടൻ വൈദ്യർ. ജ്യോതിഷ രംഗത്തും ചാത്തങ്ങോട്ടുപുറം പുറംനാടുകളിൽപോലും അറിയപ്പെടുന്നു. അവരിൽ പ്രധാനികൾ ചാത്തങ്ങോട്ടുപുറം കളരിക്കൽ പണിക്കച്ചാർതന്നെ.

അക്കാലത്ത് പോരൂർ ഭാഗത്ത് നാട്ടുചികിത്സാവിഭാഗത്തിൽ പേരെടുത്ത വൈദ്യന്മാരായിരുന്നു മൊടപ്പിലാശ്ശേരി കുഞ്ഞൻ വൈദ്യർ, പോരൂർ അയ്യപ്പൻ വൈദ്യർ എന്നിവർ.

പഴയ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിലേക്കുള്ള തിരഞ്ഞെടുപ്പിൽ പ്രഗൽഭനായ മുഹമ്മദ് അബ്ദുറഹിമാൻ സാഹേബിനെ തോൽപ്പിച്ച കോട്ടമ്മൽ തണ്ടുപാറക്കൽ മൂസ്സക്കുട്ടി ഹാജി ഈ പഞ്ചായത്തിലെ പ്രസിദ്ധനായ വ്യക്തിയായിരുന്നു.

അരനൂറ്റാണ്ടുമുമ്പ് പരിശുദ്ധ ഖുർ ആൻ മലയാളത്തിൽ പരിഭാഷപ്പെടുത്തിയ അമാനത്ത് മുഹമ്മദ് നാനി മൗലവി ഈ പഞ്ചായത്തിലെ ആദരണീയ വ്യക്തിയാണ്. ഇദ്ദേഹം വളരെയധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ആദ്യകാല ബിരുദധാരിയും മലപ്പുറം ഹൈസ്കൂൾ ഹെഡ് മാസ്റ്ററും തുടർന്ന് DEO യും ആയി പെൻഷൻ പറ്റിയ കെ. ടി. അബ്ദുള്ളക്കുട്ടിഹാജി പോരൂർ സ്വദേശിയായിരുന്നു. ഇദ്ദേഹത്തിന്റെ പുത്രൻ കെ. ടി. ഉണ്ണുച്ചേക്കു ടെലിഫോൺ ജനറൽ മാനേജറായി റിട്ടയർ ചെയ്ത വ്യക്തിയാണ്.

ജില്ലാ റജിസ്ട്രാറായി റിട്ടയർ ചെയ്ത ഉമ്മുൽ വാഹിദ പോരൂർ സ്വദേശിയാണ്. രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുകയും ഈ പഞ്ചായത്തിന്റെ വൈസ് പ്രസിഡണ്ടായും പ്രവർത്തിച്ച മാന്യവ്യക്തിയായിരുന്നു ശ്രീ എം. കുഞ്ഞിമുഹമ്മത് മാസ്റ്റർ. അദ്ദേഹത്തെപ്പറ്റി ഈ അവസരത്തിൽ സ്മരിക്കുന്നു.

നെല്ലിപ്പാമ്പൻ കുഞ്ഞാലൻ മൊല്ല, തൊരപ്പ അഹമ്മത് മലബാർ കലാപവുമായി ബന്ധപ്പെട്ട് ജയിൽവാസമനുഷ്ഠിച്ച വ്യക്തികളായിരുന്നു. പഴയകാല സാമൂഹ്യ സാംസ്കാരിക നായകന്മാരായിരുന്ന കമ്മുണ്ണി മൗലവി, ഇ. മ്മുമൊല്ല, പി. അയമു മാസ്റ്റർ, മുസ്ല്യാരകത്ത് കുഞ്ഞമ്മത് മുസ്ല്യാർ, വള്ളുവമ്പായി മോയിൻകുട്ടി മൊല്ല, സി. ടി. അബൂബക്കർ സാഹേബ്, പൊറ്റയിൽ കോയാമു ഹാജി, കെ. ടി. ചേക്കുട്ടി ഹാജി, കുന്നുമ്മൽ മുഹമ്മത് മാസ്റ്റർ, കണ്ണിയൻ വീരാൻ മാസ്റ്റർ, സി. ടി. അലവിക്കുട്ടി ഹാജി എന്നിവർ.

ഉത്സവങ്ങളും ആഘോഷങ്ങളും

കുംഭമാസത്തിലെ പുണർതം നാൾ തുടങ്ങി ചിത്ര ആറാട്ടോടുകൂടി 8 ദിവസത്തെ ഉത്സവം വിവിധ പരിപാടികളോടെ പോരൂർ ശിവക്ഷേത്രത്തിൽ നടത്തിവരുന്നു. പഴയ പോരൂർ അംശത്തിന്റെ ദേശീയോത്സവമാക്കി കണക്കാക്കുന്നു. അടുത്ത കാലത്തായി പോരൂർ ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിൽ ഉത്രം വിളക്ക് ആഘോഷിക്കുന്നു.

മേടമാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ച പാട്ട് കൂറയിട്ട് അവസാനത്തെ ചൊവ്വാഴ്ച താലപ്പൊലിയോടുകൂടി അവസാനിക്കുന്നതാണ്. ചാത്തങ്ങോട്ടുപുറം ക്ഷേത്രത്തിലെ

പാട്ടുത്സവം. ചാത്തങ്ങോട്ടുപുറം താലപ്പൊലി പ്രധാനമായും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടതാണ്. താലപ്പൊലിക്കു ശേഷമാണ് പുതുവർഷത്തെ കൃഷിപ്പണി പോലും തുടങ്ങുന്നത്. കാലി മേയൽ പോലും അതിന് ശേഷം മാത്രമാണ് തുടങ്ങുന്നത്. ജാതിമത വ്യത്യാസമില്ലാതെ എല്ലാപേരും ഈ ഉത്സവത്തിൽ പങ്കെടുക്കുന്നു. അന്ന് ഹരിജനങ്ങൾക്ക് കൂലിയോടുകൂടിയ അവധി ദിവസമായിരുന്നു. തങ്ങളുടെ ഇടയിലെ കിടമൽസരവും വഴക്കും തല്ലിയാണെങ്കിൽപോലും തീർക്കുന്നത് അവിടെവെച്ചായിരുന്നു.

താലപ്പൊലിയോടനുബന്ധിച്ച് കാളക്കണ്ടത്തിൽ വെച്ച് നടക്കുന്ന തല്ല് പ്രസിദ്ധമാണ്. പോലീസ് ഇടപെടാറില്ല. മദ്യനിരോധനനിയമം ഉണ്ടായിരുന്ന കാലത്ത് താലപ്പൊലി ദിവസം ഇവർക്ക് മദ്യപിക്കാമായിരുന്നു.

മതമൈത്രിയുടെ പ്രകടമായ ഒരടയാളവും താലപ്പൊലിയോടനുബന്ധിച്ച് ഉണ്ടായിരുന്നു. എഴുന്നുള്ളത്തിന്റെ മുന്നിൽ ഒരു തലേക്കെട്ടുകാരൻ (മുസ്ലീം) നടക്കണം. മുണ്ടയിൽ തറവാട്ടുകാരാണ് ഇതുചെയ്തിരുന്നത്.

സ്വാതന്ത്ര്യ ലബ്ധിക്കുശേഷം 30/12/1955 നാണ് പോരൂർ പഞ്ചായത്ത് നിലവിൽ വന്നത്. സ്ഥലത്തെ ഏതാനും പേർ യോഗം ചേർന്ന് പ്രാതിനിധ്യ സ്വഭാവത്തിൽ നിയമിച്ച ഒരു ഭരണസമിതിയായിരുന്നു ആദ്യമുണ്ടായിരുന്നത്. ശ്രീ പി കെ. എസ്സ്. വാര്യർ പ്രസിഡണ്ട്, ശ്രീ പി. എൻ. നമ്പീശൻ വൈസ് പ്രസിഡണ്ട്, തടത്തിൽ കൃഷ്ണൻ നായർ, പി. ടി. കരുണാകരൻ നായർ, കെ. കെ. വേലു നായർ, ആട്ടീരി മുഹമ്മത് കോയ തങ്ങൾ, കുഞ്ഞിരേവി എന്നിവർ അംഗങ്ങളായിരുന്നു. ആദ്യത്തെ ജീവനക്കാരൻ ശ്രീ പരമേശ്വര മാരാരായിരുന്നു. അക്കാലത്ത് പഞ്ചായത്തിന്റെ റീജനൽ ഇൻസ്പെക്ടറാഫീസ് കോഴിക്കോട്ടുരായിരുന്നു.

30/01/1957 ന് 4-ാം വാർഡ് മെമ്പറായി കെ. ടി. മുഹമ്മത് എന്ന ബാപ്പുഹാജിയും, സംവരണ മണ്ഡലത്തിൽനിന്ന് ഹരിജൻ മെമ്പർ ശ്രീ. നീലാണ്ടനും സത്യപ്രതിജ്ഞ ചെയ്തു. ഹരിജൻ മെമ്പറെഴികെ മറ്റംഗങ്ങളിൽനിന്ന് 5 രൂപ നിരക്കിൽ വരിയിട്ടാണ് ആദ്യ പ്രവർത്തന മൂലധനം സ്വരൂപിച്ചത്.

1961 ലെ വില്ലേജ് പുനഃസംഘടനയെ തുടർന്ന് പോരൂരും ചാത്തങ്ങോട്ടുപുറവും സംയോജിപ്പിച്ചു. സൗകര്യപ്രദമായും ചാത്തങ്ങോട്ടുപുറം പോരൂർ പഞ്ചായത്തിന്റെ ഭാഗമായി.

1921 ലെ മലബാർ ലഹളക്കുമുൻപ് പയ്യനാട് വില്ലേജിന്റെ 2 ദേശങ്ങളായിരുന്നു പോരൂരും ചാത്തങ്ങോട്ടുപുറവുമെന്ന് റവന്യൂ രേഖകളിൽനിന്ന് മനസ്സിലാകുന്നു. പയ്യനാട് വില്ലേജിന്റെ ഒരു ചാവടി (ഇടത്താവളം) യായി ഉപയോഗിച്ചിരുന്ന റവന്യൂ സ്ഥലത്താണ് ഇപ്പോഴത്തെ വില്ലേജാഫീസ് സ്ഥിതി ചെയ്യുന്നത്.

പാരമ്പര്യമായി അധികാരിപ്പണി കയ്യാളിയിരുന്ന പല കുടുംബങ്ങളും ഇവിടെയുണ്ട്. യു. സി. ശങ്കരൻ നമ്പൂതിരി, ഏമുണ്ണി പണിക്കർ, പുതിയകുന്നത്ത് മാധവമേനോൻ, മാങ്കാവിൽ രാമൻനായർ, കെ. ടി. അഹമ്മതുകുട്ടിഹാജി, വി. യം. മൂസ്സക്കുട്ടി, വി സി. വേലുക്കോരു സഹോദരന്മാർ അത്തരം കുടുംബാംഗങ്ങളാണിവർ. അവരെ ഈ അവസരത്തിൽ സ്മരിക്കുന്നു.

1945 ന് ശേഷമാണ് യോഗ്യതയുടെ അടിസ്ഥാനത്തിൽ അധികാരിമാരെ നിയമിക്കാൻ തുടങ്ങിയത്. ഇതോടു കൂടി പാരമ്പര്യ നിയമനം നിർത്തലാക്കി.

അധികാര ദുർവിനിയോഗത്തിനും, അഴിമതിക്കും, താന്തോന്നിത്തത്തിനുമെതിരെ ജനങ്ങൾ അക്കാലത്തു തന്നെ ശക്തിയായി പ്രതികരിച്ചതിന് ധാരാളം തെളിവുകളുണ്ട്. 1963 ലാണ് തിരഞ്ഞെടുക്കപ്പെട്ട ഒരു പഞ്ചായത്ത് ബോർഡ് അധികാരത്തിൽ വന്നത്. പല കാരണവശാലും ആ ബോർഡ് 16 കൊല്ലക്കാലം തുടർന്നു. ശ്രീ വി എം. ദാമോദരൻ ഭട്ടതിരിപ്പാട് പ്രസിഡന്റ്, കുന്നുമ്മൽ മുഹമ്മത് മാസ്റ്റർ, കെ. കുഞ്ഞാലൻ, പി. ബാലൻ മാസ്റ്റർ, യു. വി. വാസുദേവൻ നമ്പൂതിരി, വി. സി. കുമാരൻ, കുന്നുമ്മൽ അബു എന്നവർ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ജാനകി ടീച്ചർ നാമ നിർദ്ദേശം ചെയ്യപ്പെട്ട അംഗവുമായിരുന്നു. ഈ ബോർഡിന്റെ കാലഘട്ടത്തിലാണ് ചെറുകോട് - തിരുനെല്ലി റോഡ് പൊതുജന പങ്കാളിത്തത്തോടു കൂടി നിർമ്മിച്ചത്.

തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ പ്രഥമ യോഗത്തിന്റെ ആദ്യ തീരുമാനം ചെറുകോട് എൽ. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യാനുള്ളതായിരുന്നു. ചില സാങ്കേതിക നിയമപശ്നങ്ങളാൽ അദ്ധ്യാപകരായിരുന്ന കെ. മുഹമ്മദ് മാസ്റ്ററും ബാലൻ മാസ്റ്ററും രാജിവെക്കുകയും തുടർന്നുണ്ടായ കെ. ടി. ഉമ്മർ ഹാജിയും, സി. കെ. കുട്ട്യാലിയും മെമ്പർമാരായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. വൈസ് പ്രസിഡന്റായിരുന്ന കുന്നുമ്മൽ മുഹമ്മദ് മാസ്റ്റർ രാജിവെച്ച ഒഴിവിനെ തുടർന്ന് കുന്നങ്ങാടൻ കുഞ്ഞാലൻ സാഹിബ്ബ് വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ തീരെ അവഗണിക്കപ്പെട്ടു കിടന്നിരുന്ന ഈ കൃഗ്രാമം വികസനത്തിന്റെ പാതയിലേക്ക് കൈപിടിച്ചുയർത്തപ്പെട്ടത് ഈ കാലത്താണ്.

1979 - ൽ നടന്ന രണ്ടാമത്തെ തെരഞ്ഞെടുപ്പിൽ ശ്രീ. ഇ. മുഹമ്മദ് കുഞ്ഞി പ്രസിഡന്റ്, എം. കുഞ്ഞിമുഹമ്മദ് മാസ്റ്റർ വൈസ് പ്രസിഡന്റ്, സർവ്വശ്രീ കെ. ടി. ഉണ്ണിമ്മുട്ടി, കെ. പി. ഉണ്ണ്യലവി, കെ. പി. അമാനുള്ള, നീലേങ്ങോടൻ അലവി, മാച്ചാട്ട് രേവി, ശ്രീമതി. കെ. യം. വിലാസിനി എന്നിവരടങ്ങിയ ബോർഡ് നിലവിൽ വന്നു.

ഈ കാലഘട്ടത്തിൽ പോരൂർ ഹൈസ്കൂളിന് ജനപങ്കാളിത്തത്തോടുകൂടി 6 ക്ലാസു മുറികളുള്ള ഒരു കെട്ടിടം ഏകദേശം 60000 രൂപ ചിലവഴിച്ച് നിർമ്മിച്ചു. ഇതിൽ 22000 രൂപ മാത്രമാണ് പഞ്ചായത്ത് നൽകിയത്. ഇതേ സമയത്തു തന്നെയാണ് ഗവ: ആശുപത്രിക്ക് സുമാർ 40000 രൂപ ചിലവിൽ പൊതു ജനപങ്കാളിത്തത്തോടുകൂടി കെട്ടിടം നിർമ്മിച്ചത്. ഇതിന് 15000 രൂപ മാത്രമെ പഞ്ചായത്ത് ചിലവഴിച്ചിട്ടുള്ളൂ.

ശ്രീ. ഇ. മുഹമ്മത് കുഞ്ഞി പ്രസിഡന്റു സ്ഥാനവും എം. കുഞ്ഞിമുഹമ്മത് മാസ്റ്റർ വൈസ് പ്രസിഡന്റു സ്ഥാനവും രാജിവെക്കുകയും കെ. ടി ഉണ്ണിമ്മുട്ടി പ്രസിഡന്റും കെ. പി. ഉണ്ണ്യലവി വൈസ് പ്രസിഡന്റാവുകയും ചെയ്തു. കാലാവധി പൂർത്തിയാക്കി 2 വർഷത്തോളം ഈ ഭരണ സമിതിതന്നെതുടരുകയും തുടർന്ന് ഉദ്യോഗസ്ഥഭരണത്തിൻ കീഴിലാവുകയും ചെയ്തു.

1988 ൽ നടന്ന 3 - മത്തെ തിരഞ്ഞെടുപ്പിൽ വി. എം. നാരായണൻ ഭട്ടതിരിപ്പാട് - പ്രസിഡന്റ്, ടി. പി. അബു ഹാജി - വൈസ് പ്രസിഡന്റ്, എം. ടി. കാപ്പൻ. എൻ. മുഹമ്മത് ബഷീർ, ഇ. കെ. സരോജിനി, കെ. ടി. അഹമ്മത്കുട്ടി എന്ന കുഞ്ഞാപ്പ, പി. അച്ചുതൻ നായർ, യു. സി. സാവിത്രി, എൻ. എം. ശങ്കരൻ നമ്പൂതിരി എന്നിവർ അംഗങ്ങളായ ഭരണ സമിതി നിലവിൽ വന്നു.

ശ്രീ. അച്ചുതൻ നായർ, ടി. പി. അബു ഹാജി എന്നിവർ വിദേശത്തുപോവുകയും അഞ്ചുവർഷത്തെ കാലാവധി തികച്ച് ശ്രീ. വി. എം. നാരായണൻ ഭട്ടതിരിപ്പാട് പ്രസിഡന്റ് സ്ഥാനം രാജി വെക്കുകയും തുടർന്ന് ശ്രീ. എൻ. എം. ശങ്കരൻ നമ്പൂതിരിപ്പാട് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും രണ്ടുവർഷം കൂടി ഈ ഭരണ സമിതി തുടരുകയും ചെയ്തു.

ഈ കാലഘട്ടത്തിൽ J. R. Y പദ്ധതിയിൽ വാണിയമ്പലം - പൂളമണ്ണ റോഡ്, താളിയംകുണ്ട് റോഡ് ടാർ ചെയ്ത് PWD യെ ഏൽപ്പിച്ചു. പാറ - കരുവാറ്റക്കുന്ന് റോഡ്, അയനിക്കോട് സ്കൂൾപടി റോഡ് അയനിക്കോട് വീതനശ്ശേരി റോഡ്, ചെറുകോട് തിരുനെല്ലി റോഡ്, ചേരിപറമ്പ് മുണ്ടത്തോട് റോഡ്, ചുള്ളി പാലക്കോട് റോഡ്, ചെറുകോട് ചുണ്ടങ്ങാച്ചോല റോഡ്, പുളിയക്കോട് കോട്ടക്കുന്ന് റോഡ്, ചുണ്യൻപാറ പടിക്കൽപറമ്പ് റോഡ്, എന്നിവയുടെ ടാറിംഗ്, നിർമ്മാണ്ണം മുതലായ പണികൾ ഭാഗികമായി നടത്തുവാൻ കഴിഞ്ഞു. ഗവ. ആയുർവ്വേദാസ്പത്രി, ഗവ: മൃഗാസ്പത്രി, അംഗവാടികൾ എന്നിവ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. സമ്പൂർണ്ണ ഗ്രാമപദ്ധതി പ്രകാരം പൊതുജനപങ്കാളിത്തത്തോടികൂടി വളരെയധികം കാര്യങ്ങൾ ഈ കാലയളവിൽ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

1995 സെപ്റ്റംബർ 25 ന് 73 - 74 ഭരണഘടനാ ഭേദഗതിപ്രകാരം പഞ്ചായത്തീരാജ് സംവിധാനത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ഇപ്പോഴത്തെ ബോർഡ് നിലവിൽവന്നു.

സംവരണ തത്വമനുസരിച്ച് ഈ പഞ്ചായത്ത് പ്രസിഡണ്ടുസ്ഥാനം സ്ത്രീകൾക്ക് സംവരണം ചെയ്തതാണ്.

അത് പഞ്ചായത്തീരാജ് സംവിധാനം നടപ്പാക്കാൻ

ഉദ്ദേശിച്ചുകൊണ്ട് മുൻപ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി നടത്തിയ അന്വേഷണത്തിൽ വികസനരംഗത്ത് ചെലവഴിക്കുന്ന തുകയുടെ 15 മുതൽ 18% മാത്രമേ യഥാർത്ഥ ഗുണഭോക്താവിന്റെ കൈകളിൽ എത്തുന്നുള്ളൂ എന്ന് കണ്ടെത്തുകയും ഈ ചോർച്ച അവസാനിപ്പിക്കുന്നതിന് ആസൂത്രണം താഴേ തട്ടിൽനിന്നാരംഭിച്ച് ജനപങ്കാളിത്തത്തോടെ നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ ജനങ്ങൾക്കും ജനപ്രതിനിധികൾക്കും വിപുലമായ അധികാരാവകാശങ്ങൾ കൈവന്നിരിക്കുന്ന ഈ പശ്ചാത്തലത്തിലാണ് 9-ാം പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് ഒരു പുതിയ പ്രസ്ഥാനം - ജനകീയാസൂത്രണ പ്രസ്ഥാനം രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്.

1996 ലെ കർഷകദിനമായ ആഗസ്റ്റ് 17, ചിങ്ങം 1 ന് ജനകീയസൂത്രണത്തിന്റെ സംസ്ഥാനതല ഉൽഘാടനം ഔപചാരികമായി നിർവ്വഹിക്കപ്പെട്ടു. കേന്ദ്ര സ്റ്റേറ്റ് ഗവർമ്മേണ്ടുകളുടെ പിൻതുണയോടെ വരുന്ന 5 വർഷക്കാലം ഈ ചരിത്ര ദൗത്യം പൂർത്തിയാക്കേണ്ടുന്ന കടമ ഭരണസമിതിക്കും ഈ പ്രദേശത്തെ ജനങ്ങൾക്കുമാണ് എന്ന കാര്യം ഇവിടെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

ഭൂപ്രകൃതി - ജലശോഷി

പശ്ചിമഘട്ടത്തിന്റെ കിഴക്കേ ചെരുവിൽ കുന്നിൻ ചുവും, സമതലങ്ങളും, ഇടകലർന്ന ഭൂപ്രകൃതിയോടുകൂടിയ ഒരു ഗ്രാമമാണ് പോരൂർ ഗ്രാമപഞ്ചായത്ത്. മലപ്പുറം ജില്ലയിൽ പുതുതായി രൂപം കൊണ്ട നിലമ്പൂർ താലൂക്കിൽപ്പെട്ട ഈ ഗ്രാമത്തെ രണ്ടായ കീറിമുറിച്ചുകൊണ്ടാണ് നിലമ്പൂർ - പെരിന്തൽണ്ണ റോഡ് കടന്നുപോകുന്നത്. ഒരു നദിപോലും ഈ പഞ്ചായത്തിലൂടെ ഒഴുകുന്നില്ല. പഞ്ചായത്തിന്റെ ഒരു ചെറിയ ഭാഗം മാത്രം സ്പർശിച്ചുകൊണ്ട് കാക്കാത്തോട് ഒഴുകുന്നു. ഭൂപരിഷ്കരണ നടപടികൾ വരുന്നതുവരെ ഇവിടുത്തെ കുന്നിൻപ്രദേശം കാടുപിടിച്ച് കിടക്കുകയായിരുന്നു. കടുവ പോലുള്ള വന്യമൃഗങ്ങൾ ഈ കാടുകളിൽ ഉണ്ടായിരുന്നു. സ്വാഭാവിക ജലാശയങ്ങൾ ഒന്നുംതന്നെയില്ല.

ഭൂപ്രകൃതി അനുസരിച്ച് ഈ പഞ്ചായത്തിനെ 4 മേഖലകളാക്കിത്തിരിക്കാം.

കുന്നിൻ പ്രദേശം	25%
താഴ്വര	10%
3) സമതലം	45%
4) ഈർപ്പമുള്ള (വയലുകൾ) പ്രദേശങ്ങൾ	20%

ഉപരിതല മൺതരങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

1) കരിങ്കൽ പാറയും, മൂട പാറയും ഉള്ള പ്രദേശം.
2) ഫലഭൂയിഷ്ഠമായ കറുത്ത മണ്ണ്.
3) ചെമ്മണ്ണും മണൽമണ്ണും.
4) പശിമരാശിമണ്ണും മണൽമണ്ണും.

ജനപ്രകൃതി

ജനകീയസൂത്രണത്തിന്റെ ഭാഗമായി നടത്തിയ സാമൂഹ്യ - സാമ്പത്തിക സർവ്വേ പ്രകാരം പോരൂർ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 22351 ആകുന്നു. ഇതിൽ 10956 പുരുഷന്മാരും 11397 പേർ സ്ത്രീകളുമാണ്. ആകെ വീടുകൾ 3618 ആകുന്നു. ശരാശരി വീടൊന്നിന് 6.44 ആളുകൾ വീതം താമസിക്കുന്നു. പട്ടികജാതി ജനസംഖ്യ 3878 ആകുന്നു. ആകെ ജനസംഖ്യയിൽ വിദ്യാഭ്യാസമുള്ളവർ 15360 പേർ

മാത്രമാകുന്നു. 1990 ലെ സാക്ഷരതാപ്രവർത്തനം ഏറെ പേരെ സാക്ഷരരാക്കുവാൻ സഹായിച്ചിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് മലപ്പുറം ജില്ലയിൽ തീരെ പിന്നോക്കമല്ലാത്ത ഒരു പഞ്ചായത്താണ് പോരൂർ. കാലാനുക്രമമായ വർദ്ധനവ് ഈ രംഗത്തുണ്ടായിട്ടുണ്ടെങ്കിലും, നിലവാരം ഉയർന്നതല്ല. ഈ സ്ഥിതിവിശേഷം അടിയന്തിരമായി മാറ്റിയെടുക്കേണ്ടതുണ്ട്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഒരു പ്രശ്നമാണ്. തൊഴിലിധിഷ്ഠിത വിദ്യാഭ്യാസത്തിൽ - പ്രത്യേകിച്ച് കാർഷിക വൃത്തിയിൽ - ഊന്നൽ നൽകിയാലേ ഇതിന് പരിഹാരമാകൂ. പ്രധാന തൊഴിൽ മേഖലയായിരുന്ന കാർഷികരംഗം തകർന്നതോടെ നിർമ്മാണമേഖലയിലേക്ക് തൊഴിലെടുക്കുന്നവരുടെ കടന്നുകയറ്റം വർദ്ധിച്ചിട്ടുണ്ട്. രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകളിലാണ് കൂടുതലുള്ളത്.

തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും സാമ്പത്തിക ഉച്ചനീചത്വങ്ങളും നിലനിന്നിരുന്നുവെങ്കിലും നവോത്ഥാന പ്രസ്ഥാനങ്ങളുടെ ആവിർഭാവം മതനിരപേക്ഷ സമൂഹത്തിന്റെ വളർച്ചക്ക് കാരണമായിട്ടുണ്ട്.

ജലപ്രകൃതി

മഴയെമാത്രം ആശ്രയിച്ചാണ് ഈ പ്രദേശത്തെ ജനങ്ങളുടെ ജലാവശ്യം നിർവ്വഹിക്കുന്നത്. ജൂൺ - ജൂലായ് മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. ഒക്ടോബർ - നവമ്പർ മാസങ്ങളിൽ വളരെ കുറഞ്ഞ തോതിൽ മഴ ലഭിക്കാറുണ്ട്. ജനുവരി മുതൽ മേയ് മാസം കൂടി തികച്ചും വരണ്ട കാലാവസ്ഥയാണ്. അപൂർവ്വം ചില കാലങ്ങളിൽ വേനൽമഴ ലഭിക്കാറുണ്ട്. പഞ്ചായത്തിന്റെ തെക്ക് ഭാഗത്തുകൂടെ ഒഴുകുന്ന കാക്കാത്തോട് വേനൽക്കാലങ്ങളിൽ വറ്റിവരണ്ടുപോകുന്നു. ചെറുതും വലുതുമായ 67 കുളങ്ങളും കൂടി ജലസ്രോതസ്സുകളായിട്ടുണ്ട്. അമ്പത് ശതമാനം പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാണ്. മാർച്ച് - ഏപ്രിൽ മാസങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ 30 ശതമാനത്തിലധികം വരും. ബാക്കി ഭാഗങ്ങൾ എക്കാലത്തും ജലക്ഷാമമുള്ളവയാകുന്നു.

സാമൂഹ്യ സാമ്പത്തിക മേഖലകൾ

5.1

കൃഷിയും ജലസേചനവും

പോരൂർ ഗ്രാമ പഞ്ചായത്ത് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. കുന്നിൻപ്രദേശങ്ങളും താഴ്വരകളും നെൽവയലുകളും അടങ്ങിയതാണ് ഇവിടുത്തെ ഭൂപ്രകൃതി. പായപ്പെട്ട ജലാശയങ്ങളോ, പുഴയോ, ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. മുഖ്യകൃഷി നെല്ല്, തെങ്ങ്, കശുമാവ്, റബ്ബർ, കുരുമുളക്, വാഴ, കപ്പ എന്നിവയാണ്. ഇടവിളകളായി കിഴങ്ങുവർഗ്ഗങ്ങളും പഴവർഗ്ഗങ്ങളും കൃഷിചെയ്ത് വരുന്നു. ഇന്നും ജനങ്ങളുടെ മുഖ്യതൊഴിലും ഉപജീവനമാർഗ്ഗവും കൃഷി തന്നെയാണ്.

പ്രകൃതിക്കനുസരിച്ച് പഞ്ചായത്തിന്റെ 50% ചെങ്കൽ മണ്ണും 30% മണൽ മണ്ണും 15% പശിമരാശി മണ്ണും 5% ചെമ്മണ്ണുമാണ്. ഭൂരിഭാഗം ഭൂ ഉടമസ്ഥരും ഒരേക്കറിൽ താഴെ മാത്രം കൈവശമുള്ളവരാണ്.

ജന്മിവ്യവസ്ഥ നിലനിന്നിരുന്ന 1970 വരെ നെൽ കൃഷി തന്നെയായിരുന്നു മുഖ്യകൃഷി. ഭൂമിയിൽ ജന്മാവകാശംലഭിക്കുകയും കൃഷിഭൂമി തുണ്ടുവൽക്കരിക്കുകയും ചെയ്തതിന്റെ ഫലമായി ഭൂമി യഥേഷ്ടം ഉപയോഗിക്കാൻ തുടങ്ങിയതോടുകൂടി നെൽകൃഷിയുടെ പ്രാധാന്യം കുറഞ്ഞ് വന്നു. ഈ പ്രവണതക്ക് താങ്ങായി വർത്തിച്ചത് വർദ്ധിച്ചുവന്ന ഉൽപ്പാദന ചെലവും, കുറഞ്ഞുവന്ന ഉൽപ്പാദനക്ഷമതയുമാണ്. പൂർണ്ണമായും കാലാവസ്ഥയെ മാത്രം ആശ്രയിച്ചാണ് ഇന്നും കൃഷി നടത്തുന്നത്. കൃഷിഭൂമിയോടനുബന്ധിച്ച് ഏതാനും കുളങ്ങൾ മാത്രമേ ജലസേചനരംഗത്തുള്ളൂ. പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും വൻകിട ജന്മിമാരായിരുന്നു.

പല നാടൻ വിത്തുകളും ജൈവവളങ്ങളും ഉഴവുമാടുകളും ഉപയോഗിച്ചായിരുന്നു പ്രധാനകൃഷി നടത്തിയിരുന്നത്. പാമ്പുകളിൽ മോഡൻ കൃഷിയും കിഴങ്ങ് കൃഷിയും നടത്തിയിരുന്നു. കാളപൂട്ടായിരുന്നു കർഷകരുടെ പ്രധാന വിനോദം. ജലസേചനത്തിനായി തോടുകളും കുളങ്ങളും താൽക്കാലിക തടയിണകളും നിർമ്മിച്ച് എത്തം പോള എന്നിവ ഉപയോഗിച്ചാണ് തേവിയിരുന്നത്. എലികളെ നശിപ്പിക്കുന്നതിന് കെണിയും കീടങ്ങളെ നശിപ്പിക്കുന്നതിനു വീശൽ, വെണ്ണീർതൂവൽ എന്നീ നാടൻ രീതികളുമാണ് ഉപയോഗിച്ചിരുന്നത്.

NES ബ്ലോക്കുകളുടെ ആവിർഭാവത്തോടുകൂടിയാണ് ആധുനിക വിത്തുകളും രാസവളങ്ങളും ഉപയോഗിച്ചുള്ള കൃഷി തുടങ്ങിയത്. വൈദ്യുതിയുടെ ലഭ്യതയും പമ്പ് സെറ്റുകളുടെ ആവിർഭാവവും കൃഷിക്ക് പ്രോൽസാഹനമായിത്തീർന്നു. ഹ്രസ്വകാല വിളകല്ലാതെ ദീർഘകാല വിളകൾക്കാര്യമായുണ്ടായിരുന്നില്ല. " മുതുഫലം " എന്ന ജന്മിക്കുള്ള അവകാശമായിരുന്നു ഇതിന് പ്രധാന കാരണം. കൃഷിഭൂമി സ്വന്തമായതിന് ശേഷമാണ് പ്രധാന വൃക്ഷ വിളകളായ കശുമാവ്, തെങ്ങ്, കമുങ്ങ്, നാണ്യവിളകളായ റബ്ബർ, കുരുമുളക് എന്നിവ കൃഷി ചെയ്യുവാൻ കൃഷിക്കാർ വ്യാപകമായി തുടങ്ങിയത്.

ക്രമേണ കർഷകർക്ക് സമൂഹത്തിലുള്ള മാന്യതക്ക് കോട്ടം തട്ടുകയും അവർ മറ്റു മേഖലകളിലേക്ക് ശ്രദ്ധതിരിക്കുകയും ചെയ്തു. വർദ്ധിച്ചുവന്ന ജനസംഖ്യയും കുടുംബങ്ങളുടെ വേർപിരിയലും കാരണം വർദ്ധിച്ചുവന്ന പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ നെൽപാടങ്ങൾ നികത്തി

വീടു വെക്കുക എന്ന പ്രവണതയും വർദ്ധിച്ചു വന്നു. ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതോടെ കർഷക തൊഴിലാളികളുടെ പിൻമുറക്കാർ ഈ രംഗത്തുനിന്നും പിൻമാറാൻ തുടങ്ങി. താരതമ്യേന പരിചരണം കുറവായ തെങ്ങ്, കവുങ്ങ് കൃഷികൾക്ക് നെൽ വയലുകൾ വഴിമാറിക്കൊണ്ടിരുന്നു. കൃഷിയുമായി ബന്ധപ്പെട്ട് സംരക്ഷിച്ചിരുന്ന തോടുകളും കുളങ്ങളും തൂർന്നും തൂർത്തും നശിച്ചതും പ്രശ്നങ്ങൾ തന്നെയാണ്. പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 3448 ഹെക്ടർ ആണ്.

ഭൂവിനിയോഗം

പട്ടിക - 2

നമ്പർ	വിനിയോഗ വിസ്തൃതി	
1	നിലം	960 ഹെക്ടർ
2	പുരയിടം	1842 ,,
3	പുറംപോക്ക്	94 ,,
4	കൃഷി യോഗ്യത്തിന്	450 ഹെക്ടർ
5	കൃഷി യോഗ്യമല്ലാത്ത തരിശ്	102 ,,
	ആകെ	3448 ഹെക്ടർ

പട്ടിക - 3

നമ്പർ	വിളകൾ	വിസ്തീർണ്ണം
1.	നെല്ല്	823 ഹെക്ടർ
2.	തെങ്ങ്	525 ,,
3.	വാഴ	280 ,,
4.	മരച്ചീനി	280 ,,
5.	കശുമാവ്	358 ,,
6.	റബ്ബർ	440 ,,
7.	മറ്റുവിളകൾ	205 ,,

അമിതമായ രാസവളപ്രയോഗം മൂലം മണ്ണിന്റെ അമ്ല സ്വഭാവം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അശാസ്ത്രീയമായ കീടനാശിനി പ്രയോഗം സസ്യജാലങ്ങളിലും ജീവികളിലും മാരകമായ പ്രതികരണങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

സഹകരണ മേഖലയിൽ ഒന്നും സ്വകാര്യ മേഖലയിൽ 4 ഉം വളം വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ഉപയോഗ നിരക്ക് താഴെ കാണിക്കുന്നു.

പട്ടിക - 4

വർഷം	രാസവളം	കീടനാശിനി	
		ദ്രാവക രൂപം	ഖര രൂപം
1993	70 MT	36 lit	60 Kg
1994	105 MT	25 lit	125 Kg
1995	226 MT	ലഭ്യമല്ല	

കാർഷിക ഉപകരണങ്ങൾ

പാടശേഖര കമ്മിറ്റികൾക്കായി കൃഷിഭവൻ മുഖാന്തരം യന്ത്രസാമഗ്രികൾ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ പദ്ധതികൾ ഉണ്ടെങ്കിലും ആയത് പ്രയോജനപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. വിഹിതമായി സ്വരൂപിക്കേണ്ട 50% സംഖ്യ സ്വരൂപിക്കുവാൻ തീർത്തും ചെറുകിട കൃഷിക്കാരായ അംഗങ്ങൾ ഉൾക്കൊള്ളുന്ന പാടശേഖര സമിതികൾക്കായില്ല. ഈ പഞ്ചായത്തിലെ ഒരു ഹരിജൻ കോളനി - കിഴക്കേക്കര - ക്ക് അനുവദിച്ച ഒരു ട്രാക്ടറും മറ്റു സമീപ പഞ്ചായത്തുകളിൽ നിന്നും, സ്വകാര്യ വ്യക്തികളുടേയും മറ്റും ഉപയോഗിച്ചാണ് മിക്കവാറും കാർഷിക പ്രവർത്തനം നടത്തുന്നത്. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഉള്ള ഒരു ഹരിജൻ തൊഴിലധിഷ്ഠിത സംഘത്തിൽ സ്പ്രെയർ, മൺവെട്ടി, കലപ്പ എന്നീ പരിമിത ഉപകരണങ്ങൾ വാടകക്കും കൂലിക്കും കൊടുക്കുന്ന ഒരു സംവിധാനമുണ്ട്.

പാടശേഖര സമിതികൾ

കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട 9 പാടശേഖര സമിതികളുണ്ട്. ഫലപ്രദമായി പ്രവർത്തിക്കാൻ അവക്കാവുന്നില്ല. തുണ്ടുവൽക്കരിച്ച ഭൂമികളും വൈവിധ്യമുള്ള കൃഷിരീതിയും ആണ് പാടശേഖര സമിതികളുടെ പ്രവർത്തനത്തിന് തടസ്സം.

പടിക - 4

പാടശേഖര സമിതികളും വിള ക്രമങ്ങളും

നമ്പർ	പാടശേഖരത്തിന്റെ പേര്	ഒന്നാം വിള	രണ്ടാം വിള	മൂന്നാം വിള
1.	വീതനശ്ശേരി	നെല്ല്	നെല്ല്	പച്ചക്കറി
2.	എടപ്പലം	വാഴ ,,	വാഴ ,,	മരച്ചീനി ,,
3.	പോരൂർ	,,	,,	,,
4.	പൂത്തക്കോവ്	,,	,,	,,
5.	കോട്ടക്കുന്ന്	,,	,,	,,
6.	പുളിയക്കോട്	,,	,,	,,
7.	(തോട്ടുപുറം) വാക്കോട്	,,	,,	,,
8.	തൊടികപുലം	,,	,,	,,
9.	അയനിക്കോട്	,,	,,	,,

കൂലിനിരക്ക്

കാർഷിക മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞ് വരികയാണെന്ന് നേരത്തേ തന്നെ സൂചിപ്പിച്ചിരുന്നല്ലോ. ആകെ 3484 കുടുംബങ്ങളിൽ 1/3 കുടുംബങ്ങൾ മാത്രമേ കൃഷിയെ മുഖ്യ ജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളൂ. 3005 കർഷകതൊഴിലാളികളാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. ശരാശരി കൂലി നിരക്ക് 90 രൂപയും 60 രൂപയുമാണ്.

വലുതും ചെറുതുമായ 67 കുളങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. കുളങ്ങളൊന്നും തന്നെ ശാസ്ത്രീയമായ രീതിയിൽ പരിചരിക്കപ്പെടുകയോ, കൃഷിക്ക് ഉപയോഗപ്പെടുകയോ ചെയ്യുന്നില്ല. 1957 മാർച്ച് 13 - ന്റെ 'റെസല്യൂഷൻ' പ്രകാരം ഞാറക്കുളം നന്നാക്കുന്നതിന് വേണ്ടി മുപ്പതു രൂപ പഞ്ചായത്ത് വിഹിതവും ബാക്കി ജന വിഹിതവും സ്വരൂപിച്ച് പ്രവർത്തിച്ചതായി കാണുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടത്തിയിരുന്ന ആ അപൂർവ്വ സിദ്ധി നമുക്ക് എവിടെയോ വെച്ച് കൈമോശം വന്നിരിക്കുന്നുവെന്ന വസ്തുത പുനഃപരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. രവിമംഗലം ഭാഗത്ത് രണ്ട് മലയിടുക്കുകൾക്കിടയിൽ സ്ഥിതിചെയ്യുന്നതും അന്നത്തെ 'കിടങ്ങേഴി' നമ്പൂതിരി നിർമ്മിച്ചതും സുമാർ 50 സെന്റ് സ്ഥലത്ത് പരന്നു കിടക്കുന്നതുമായ "മലങ്കുളം" ഇന്ന് തൂർന്ന് കിടക്കുകയാണ്. മണ്ണ് കോരി വൃത്തിയാക്കുകയാണെങ്കിൽ ഒരു യൂണിറ്റ് വിദ്യുച്ഛക്തി പോലും ആവശ്യമില്ലാതെ തന്നെ 100 കണക്കിന് ഹെക്ടർ കൃഷിക്ക് വെള്ളമെത്തിക്കാൻ കഴിയും.

മണ്ണ് - ജല സംരക്ഷണം

അതിർത്തിക്കുള്ളിൽ മരങ്ങൾ വച്ച് പിടിപ്പിച്ചു മരങ്ങൾ ഇട്ടും ഒരു പരിധിവരെ മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഭൂമിയുടെ തുണ്ടുവൽക്കരണവും ജീവിതക്രമത്തിലുണ്ടായ മാറ്റവും ഈ പ്രവണതകളെ പുറകോട്ടടിപ്പിച്ചു. വലിയ തറവാടുകളോട് ചേർന്ന് നിന്നിരുന്ന സർപ്പക്കാവുകൾ പോലും അപത്യക്ഷമായി കൊണ്ടിരിക്കുന്നു. വിരലിലെണ്ണാവുന്ന മുന്നോ നാലോ മാത്രമാണ് ഈ രംഗത്ത് അവശേഷിക്കുന്നത്. നടീൽ വസ്തുക്കളുടെ ലഭ്യതയുടെ കാര്യത്തിൽ മുഖ്യ സ്രോതസ്സ് കൃഷി ഭവൻ മാത്രമാണ്. രണ്ട് സ്വകാര്യ നഴ്സറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഫല വൃക്ഷതൈകളും അലങ്കാര സസ്യങ്ങളും ശാസ്ത്രീയമോ, ആവശ്യത്തിന് നിരക്കുന്നതോ അല്ല.

കൃഷി ഭവൻ

കാർഷിക മേഖലയിൽ നിരവധി സർക്കാർ ഏജൻസികൾ പ്രവർത്തിച്ചിരുന്നത് 1987 - ൽ ഏകോപിപ്പിക്കുകയും സെപ്തംബർ 1 ന് കൃഷി ഭവൻ നിലവിൽ വരികയും ചെയ്തു. ഒരു കൃഷി ഓഫീസറും രണ്ട് കൃഷി അസിസ്റ്റന്റുകളും മാത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. കൂരിക്കുണ്ട് നീർമറി, കോരമല പദ്ധതി, OPEC - സഹായത്തോടെയുള്ള കാക്കത്തോട് നീർമറി, 9 പാടശേഖര സമിതികൾ, കേര വികസന സമിതികൾ എന്നിവ കൃഷി ഭവൻ കേന്ദ്രീകരിച്ചാണ് പ്രവർത്തനം നടക്കുന്നത്.

കൃഷി ഭവന്റെ പ്രവർത്തനം മുഴുവൻ കൃഷിക്കാരിലും ഇനിയും എത്തിക്കാൻ സാധിച്ചിട്ടില്ല. സാങ്കേതികമായി കൃഷിക്കാരെ സഹായിക്കേണ്ട കൃഷി ഭവൻ ഉദ്യോഗസ്ഥന്മാർ ഓഫീസ് ജോലികളിൽ മുഴുകി കഴിയുന്ന ഒരവസ്ഥയാണിന്നുള്ളത്. കൃഷി ഭവന് നിർമറി പദ്ധതിയിൽ

ഒരു ഇരു ചക്ര വാഹനം അനുവദിച്ചിട്ടുണ്ടെങ്കിലും അതിന്റെ പ്രയോജനം വേണ്ടത്ര കൃഷിക്കാർക്ക് ലഭിക്കുന്നില്ല. ഇതിനുള്ള പ്രധാന കാരണം കൃഷി ഭവനിൽ ഒരു മുഴുവൻ സമയ ആപ്പീസർ ഇല്ലാത്തതാണ്.

പ്രശ്നങ്ങൾ

പരമ്പരാഗതമായി നിലനിന്നിരുന്ന കുളങ്ങൾ തന്നെ തൂർന്നും തൂർത്തും ഇല്ലാതെയായി. ഉൽപാദന ചെലവിൽ വന്ന വർദ്ധനവ്, തൊഴിലാളികളുടെ ദൗർലഭ്യത, ഉൽപന്നങ്ങൾക്ക് മതിയായ വില കിട്ടായ്മ, കാലാവസ്ഥാ വ്യതിയാനങ്ങൾ, പ്രകൃതി ക്ഷോഭങ്ങൾ, കൃഷി മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ്, അഭ്യസ്തവിദ്യരിൽ കാർഷിക വൃത്തിയോടുള്ള വിമുഖത, കൃഷിത്തൊഴിലിൽ മുമ്പുണ്ടായിരുന്ന കുടുംബ കൂട്ടായ്മയുടെ അഭാവം എന്നിവ.

മറ്റൊരു മുഖ്യകാർഷിക വിളയായ തെങ്ങു കൃഷിയും ഇന്ന് വെല്ലുവിളിയെ നേരിടുകയാണ്. മെച്ചപ്പെട്ട ഉൽപാദന ക്ഷമതയില്ലായ്മ, ജലസേചന സൗകര്യമില്ലായ്മ, ഉൽപന്നങ്ങളുടെ വിലക്കുറവ്, നല്ലയിനം നടീൽ വസ്തുക്കളുടെ അഭാവം, പാർപ്പിടങ്ങളുടെ ക്രമാതീതമായ വർദ്ധനവ്, മണ്ണാലിപ്പ് എന്നിവ തെങ്ങ് കൃഷിയിലെ പ്രശ്നങ്ങളാണ്. മറ്റു വിളകൾക്കനുയോജ്യമല്ലാത്ത ധാരാളം സ്ഥലം കശുമാവ് കൃഷിക്കനുയോജ്യമായുണ്ടെങ്കിലും അത് ഫലപ്രദമായി ഉപയോഗപ്പെടുത്തിയിട്ടില്ല. ഓണക്കാലത്ത് നെൽപാടങ്ങളിൽ ഇടവിളയായി കൃഷി ചെയ്തിരുന്ന പയർ വർഗ്ഗങ്ങൾ, എള്ള് തുടങ്ങിയ എണ്ണ കുരുക്കൾ, പച്ചക്കറി എന്നിവയുടെ കൃഷി ഗണ്യമായി കുറഞ്ഞിരിക്കുന്നു. ജലസേചന സൗകര്യങ്ങളുടെ കുറവ്, ഉൽപാദന ചെലവിലുള്ള വർദ്ധന, മതിയായ മാർക്കറ്റില്ലായ്മ എന്നിവ ഈ രംഗത്തെ പ്രശ്നങ്ങളാണ്.

രോഗങ്ങൾ

നെൽ കൃഷിക്ക് പ്രധാനമായും മുഞ്ഞരോഗം, പൊട്ടക്കതിർ, പോളരോഗം, ചാഴി ബാധ, പുഴുക്കേട് എന്നിവ കണ്ടു വരുന്നു. കൂമ്പു ചീയൽ, തെങ്ങോലപ്പുഴു, ചെല്ലിയുടെ ആക്രമണം, എലി ശല്യം എന്നിവ തെങ്ങുകൃഷിയുടെ പ്രശ്നങ്ങളാണ്. വാഴകൃഷിയും പ്രതിസന്ധി നേരിടുകയാണ്. വ്യാപകമായ രോഗങ്ങൾ കണ്ടുവരുന്നു. അപൂർവ്വമായി നില നിൽക്കുന്ന ജലാശയങ്ങളിൽ നിലനിന്നിരുന്ന മത്സ്യ സമ്പത്തും ഇന്ന് നശിച്ചുകൊണ്ടിരിക്കുന്നു. അമിതമായ കീടനാശിനി പ്രയോഗവും മറ്റും ഇതിന് കാരണമാണ്.

ജലസേചനം (തോടുകൾ)

നിർദ്ദേശങ്ങൾ

1. പരതോടു മുതൽ വള്ളിക്കുന്നുവരെയുള്ള തോടിന് സംരക്ഷണ ഭിത്തി കെട്ടുക.
2. കിഴക്കൻ ഏറനാട്ടിലെ ജലസേചന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ ഉതകുന്ന ചാലിയാർ പ്രൊജക്ടിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുക.
3. പാക്കോട്ടിൽപടി മുതൽ എടക്കര തോടുവരെയുള്ള തോടിന് പാർശ്വ ഭിത്തി കെട്ടുക.
4. അയ്യപ്പൻതോട്, പടിക്കൽപാടം, പള്ളിപ്പാടംതോട് ആഴം കൂട്ടി ജലസേചനയോഗ്യമാക്കുക.
5. ചാത്തംകുളം മുതൽ കാക്കത്തോട് വരെ സംരക്ഷണ ഭിത്തികെട്ടുക. കൂറ്റം മൂച്ചിത്തോടിന് സംരക്ഷണ ഭിത്തി കെട്ടുക.
6. വിളക്കുചിറ മുതൽ പട്ടണംകുണ്ട് കൂനം മൂച്ചിവരെ തോട് ആഴം കൂട്ടി സംരക്ഷിക്കുക.
7. അങ്ങോടിക്കുളം - പുതുപ്പറമ്പ് തോട് ആഴം കൂട്ടി സംരക്ഷിക്കുക.
8. കതിർക്കുല - മരപ്പള്ളി പടി മുതൽ കാക്കത്തോട് വരെയുള്ള കൈതോടിന് ആഴം കൂട്ടി സംരക്ഷണ ഭിത്തി കെട്ടുക.
9. മൂളിക്കാം പൊയിക തോട്, നമ്പിതോട്, ചാലിപുറതോട് എന്നിവയ്ക്ക് സൈഡ് കെട്ടുക.

കുളങ്ങൾ

കോളോളിക്കുളം, പാറക്കുളം, പാറാലിൽ കുളം, കൊമ്പൻ കുളം, ആർത്തല കുളം, പുഴക്കൽ കുളം, കുറ്റങ്ങോട്, ചാലങ്ങോട്, നീർക്കലങ്ങോട് കുളങ്ങൾ, ചാത്തൻ കുളം, പറമ്പരിക്കാട് കുളം, എരഞ്ഞിക്കുന്ന് പുത്തൻ കുളം, തുറക്കുളം, മലക്കുളം, കാവക്കുളം, പൊട്ടാടിക്കുളം, പാറക്കുളം, പുതുപ്പറമ്പ് കുളം, ചെറുകോട് കുളം, മാണിച്ചോല കുളം, താമരക്കുളം, മാങ്ങോട്ടിൽ കുളം,

ചാഴിയോട്ടിൽ കുളം, പെരുമുണ്ടക്കുളം, പുള്ളിച്ചിക്കുളം, തല്ലാനി കുളം, മാരുണ്ണിക്കുളം, നീലാമ്പ്രക്കുളം, പുത്തൻ കുളം, അത്തം കുളം, കാലിക്കുളം, പാറക്കുളം, മേലണ്ണം കുളം, ഞാക്കുളം, താമരക്കുളം, കുറ്റിതരച്ചക്കുളം, പൈപ്പാക്കുളം, നന്മണ്ടചോലക്കുളം, ഇട്ടിക്കരക്കുളം എന്നിവ ജലസേചനയോഗ്യമാക്കുക.

ബണ്ട്

കാക്കത്തോടിന് കൂമംകുണ്ട്, പഴയപാലം, കാഞ്ഞിരക്കുണ്ട്, ചേലക്കൽ, കൽക്കെടി, മുണ്ടത്തോട്, കാക്കേങ്ങോട് എന്നിവിടങ്ങളിൽ തടയണകൾ സ്ഥാപിക്കുക.

വിളക്കു ചിറ തോടിനും കൽച്ചിറ, അഴകി പാടം ഭാഗത്ത് ബണ്ടും ചീപ്പും സ്ഥാപിക്കുക. ചേക്രത്തോടിന് ബണ്ടു കെട്ടുക. വെള്ളച്ചാലിത്തോടിന്റെ പൊറമുണ്ടപ്പാടി ഭാഗത്തും പടിഞ്ഞാറെപാടം ഭാഗത്തും സൈഡും ബണ്ടും കെട്ടുക.

വലിയപൊയിൽ ഭാഗത്തെ കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് നീക്കി വഴിതടസ്സം തീർക്കുക. പോരൂർ യു. പി. സ്ക്കൂളിന്റെ പടിക്കലുള്ള പാലത്തിന്റെ ഭാഗത്ത് നീർക്കെട്ട് തീർക്കുക.

മറ്റു നിർദ്ദേശങ്ങൾ

1. കാർഷിക രംഗത്ത് വിവിധ തുറകളിൽ വിതരണം ചെയ്യുന്ന വളം, കീടനാശിനി സബ്സിഡികൾ വർദ്ധിപ്പിച്ച് ഏകോപിപ്പിച്ച് അവയുടെ വിൽപ്പനസ്ഥലത്തുവെച്ച് തന്നെ കുറഞ്ഞ വിലക്കു ലഭ്യമാക്കുക. (വളം, കീടനാശിനികൾ എന്നിവ കൃഷിക്കാർ മാത്രം ഉപയോഗിക്കുന്നതാകയാൽ എല്ലാവർക്കും സാങ്കേതിക പ്രശ്നങ്ങൾ ഇല്ലാതെ ലഭ്യമാവുകയും, കൃഷി ഭവൻ ഉദ്യോഗസ്ഥൻമാർക്ക് ജോലി ഭാരം കുറയുകയും കൃഷിക്കാർക്കുണ്ടാവുന്ന അനാവശ്യ ബുദ്ധിമുട്ട് ഒഴിവാക്കുകയും ചെയ്യാം.)

2. കൃഷിയുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും സേവനം പരസ്പരം ബന്ധിപ്പിക്കുകയും ഒരേ കൗണ്ടറിൽ നിന്നും ലഭ്യമാക്കുകയും ചെയ്യുക. (ഉദാഹരണം : കൃഷി, ക്ഷീരോൽപാദനം, മൃഗസംരക്ഷണം, മണ്ണ് സംരക്ഷണം, ജലസേചനം മുതലായവ)

3. പഞ്ചായത്ത് തലത്തിൽ കൃഷി ഭവൻ ആസ്ഥാനമാക്കി ക്കൊണ്ട് കാർഷികോപകരണങ്ങൾ, ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത്, മെതി, നടീൽ യന്ത്രങ്ങളും സ്പ്രേ പമ്പുകളും മിതമായ നിരക്കിൽ കൃഷിക്കാർക്കു ലഭിക്കുവാൻ വേണ്ട ഏർപ്പാടുണ്ടാക്കുക.

4. കാർഷികോപകരണങ്ങൾക്ക് മിതമായ വില ഉറപ്പാക്കുകയും സംഭരണ വിതരണ കേന്ദ്രങ്ങൾ തുറക്കുകയും ചെയ്യുക.

5. കാർഷികാവശ്യത്തിനുള്ള വൈദ്യുതി മുൻഗണനാ ക്രമത്തിൽ, പെട്ടെന്നും സൗജന്യമായും ലഭ്യമാക്കുക.

6. കൃഷി ഭവൻ പഞ്ചായത്ത് ആസ്ഥാനത്തേക്ക് മാറ്റി സ്ഥാപിക്കുക.

7. വർഷത്തിലൊരിക്കലെങ്കിലും കൃഷി ഭവനിൽ വെച്ച് മണ്ണ് പരിശോധനാ സൗകര്യം ലഭ്യമാക്കുക.

8. കൃഷി ഭവന്റെ പ്രവർത്തനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുക.

9. സൗജന്യ കൃഷി ഇൻഷൂറൻസ് നടപ്പാക്കുക.

10. കാർഷിക വായ്പകൾക്കുള്ള നടപടിക്രമം ഉദാരമാക്കുകയും ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യുക.

11. പ്രകൃതിക്ഷോഭ നാശനഷ്ടങ്ങൾ വിലയിരുത്തുവാൻ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുക.

12. പാടശേഖരങ്ങൾക്ക് സമീപം കളപ്പുരകൾ പണിയുക.

13. നെല്ലുൽപാദക സംഘങ്ങളുടേയും കേര വികസന സമിതിയുടേയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

14. നടീൽ വസ്തുക്കളുടെ നഴ്സറി സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ തന്നെ ലഭ്യമാക്കുകയും ചെയ്യുക.

15. കൂരിക്കുണ്ട് - കാക്കത്തോട് നീർത്തി, കോരമല പ്രത്യേക പദ്ധതികൾ കാര്യക്ഷമമാക്കാൻ ജനകീയ സമിതികൾ രൂപീകരിക്കുക. ഒരു ഫാർമേർസ് ക്ലബ് രൂപീരിക്കുക.

16. നാണ്യവിളകൾക്കും വ്യവസായത്തിനും നൽകുന്ന പ്രോത്സാഹനവും പരിഗണനയും നെൽകൃഷിക്കും നൽകുക.

17. ഏറ്റവും കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള ടാപ്പിംഗ് മേഖലയിൽ പരിശീലനം നൽകുക.

18. ജൈവവള നിർമ്മാണം പ്രോത്സാഹിപ്പിക്കുവാൻ കമ്പോസ്റ്റ് പിറ്റുകൾക്കാവശ്യമായ ചിലവ് സൗജന്യമായി അനുവദിക്കുക.

19. ധാരാളം തൊഴിൽ സാദ്ധ്യതയും സർക്കാർ സഹായങ്ങളുമുള്ള പട്ടുനൂൽ പുഴു വളർത്തൽ കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

20. പെട്ടെന്ന് പ്രയോജനം കിട്ടുന്ന ഇടവിളക്കൃഷിയും തെങ്ങുകളത്തോട്ടവും വിത്തും വളവും നൽകി പ്രോത്സാഹിപ്പിക്കുക.

21. കുൺ, പൂവ്, പഴവർഗ്ഗങ്ങൾ, ഔഷധ സസ്യങ്ങൾ എന്നീ കൃഷികൾ പ്രോത്സാഹിപ്പിക്കുകയും വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

22. തോണിയം പാടം, നന്മണ്ട പാടം, മലക്കൽ പാടം, വെള്ളക്കാട്ടു പാടം, പ്ലാപറ്റ പാടം, ചങ്ങേണം പൊയിൽ പാടം, വാക്കോട്, പൊന്നു മുണ്ടശ്ശേരി പാടം, പൊഴായി മുണ്ട പാടം, തുറക്കൽ പാടം, പാക്കോട്ടിൽ പാടം, എടക്കത്തോട് എന്നിവിടങ്ങളിലെ പാടശേഖരങ്ങളിലേക്ക് ട്രാക്ടർ ഇറക്കുവാൻ വേണ്ട സൗകര്യമുണ്ടാക്കുക.

23. നീർമറി പ്രദേശങ്ങളിലേയും മറ്റു കുന്നിൻ പ്രദേശങ്ങളിലേയും മണ്ണ് സംരക്ഷണ നടപടികൾ ഊർജ്ജിതമാക്കുക.

24. പ്രധാന കാർഷികോൽപ്പന്നങ്ങളായ കശുവണ്ടി, നാളികേരം, റബ്ബർ, മരച്ചീനി, അടയ്ക്ക, ഏത്തക്കായ എന്നിവ പ്രയോജനപ്പെടുത്തി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ, ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ മുൻകൈയെടുക്കണം.

25. മൈനർ ഇറിഗേഷൻ ജലധാരാ പദ്ധതിയിൽ ഉൾപ്പെടുത്തി ചക്കാലപ്പടി - പനച്ചം കുന്ന്,ഇട്ടലിങ്ങൽ - വലിയപറമ്പ്, ചേക്രപാടം, ഏർമുള്ളി പാടം, എടപ്പുലം പാടം, വിളക്കുചിറ പാടം, കാരുത്തോടത്ത് മന പാടം, പടിഞ്ഞാറേ പാടം, പോക്കാവിൽ പാടം, ചെമ്മം കോട്ടിൽ പാടം എന്നീ സ്ഥലങ്ങൾ ജലധാരാ പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മിക്കുക.

കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള ഒരു സംസ്കാരം വളർത്തിയെടുക്കുകയും പഞ്ചായത്തുതലത്തിൽ അവാർഡുകൾ ഏർപ്പെടുത്തുകയും വേണം. ഏകീകൃതവും ഉൽപാദനക്ഷമതയും ജീവിതാവശ്യങ്ങളും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു കൂലി സമ്പ്രദായവും നടപ്പിലാക്കണം. ഇത് ഫലപ്രദമായി നടപ്പാക്കുന്നതിന് ഒരു മോണിറ്ററിങ് സെൽ രൂപീകരിക്കണം. മൊത്തത്തിൽ ഈ പഞ്ചായത്തിലെ കാർഷിക രംഗത്തെ സാദ്ധ്യതകളും പ്രശ്നങ്ങളും പരിഹാരങ്ങളും വിശകലനം ചെയ്തുകൊണ്ട് സമഗ്രപുരോഗതിക്ക് ഉതകുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിൽ ഉണ്ട്. മുൻഗണനാ ക്രമത്തിൽ അവ ഏറ്റെടുത്തുകൊണ്ട് നടപ്പാക്കുവാൻ ജനങ്ങളും ജനപ്രതിനിധികളും തോളോട് തോൾ ചേർന്ന് മുന്നോട്ടുമെന്ന് പ്രതിജ്ഞ ചെയ്യുന്നു.



5.2

മൃഗസംരക്ഷണം

പശു, ആട് എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമ മാത്രമായി ഉഴവു കാളകളും എരുമകളും ഉണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴി തന്നെയാണ്.

പട്ടിക

വളർത്തു മൃഗങ്ങളും പക്ഷികളും

ഇനം	എണ്ണം
പശു / എരുമ	1104
കാള / പോത്ത്	203
ആട്	967
കോഴി	9961

താറാവ് കൃഷി തീരെയില്ലെന്ന് തന്നെ പറയാം. ചിലരെങ്കിലും മുയൽ വളർത്തുന്നുണ്ട്. ഇറച്ചിക്കോഴികളുടെ ഇറക്കുമതിയും വിപണനവും വേറെയുമുണ്ട്. കോഴി വളർത്തൽ പ്രധാനമായും അടുക്കളമുറ്റത്തെ ആശ്രയിച്ചാണ് നടക്കുന്നത്. ശാസ്ത്രീയമായി നടത്തുന്ന വളർത്തുകേന്ദ്രങ്ങൾ ഒന്നും തന്നെയില്ല. നെൽകൃഷി കുറഞ്ഞതും കാർഷിക യന്ത്രങ്ങളുടെ ആവിർഭാവവും മേച്ചിൽ സ്ഥലങ്ങളുടെ ദൗർലഭ്യവും വളർത്തുമൃഗങ്ങളുടെ എണ്ണം ഗണ്യമായി കുറയുവാൻ ഇടയാക്കി. ഇടക്കിടെ ഉണ്ടാകുന്ന കോഴി വസന്ത പോലുള്ള രോഗങ്ങൾ കാരണം കോഴികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു.

ലഭ്യമായ കണക്കുകൾ വെച്ച് നോക്കുമ്പോൾ 1995 ൽ 148256 ലിറ്റർ പാൽ ഈ പഞ്ചായത്തിൽ ഉൽപാദിപ്പിച്ചിട്ടുണ്ട്. പ്രാദേശികാവശ്യം കഴിച്ച് ബാക്കിയുള്ളത് ചിറ്റൂർ വഴി പുറത്തേക്ക് അയക്കുന്നു. കാലിതീറ്റയുടെ വിലവർദ്ധനവ്, മേച്ചിൽ സ്ഥലങ്ങളുടെ ശോഷണം, വൈക്കോലിന്റേയും പുല്ലിന്റേയും ദൗർലഭ്യം എന്നിവ ഈ രംഗത്തെ പ്രധാനപ്രശ്നങ്ങളാണ്. ഈ പഞ്ചായത്തിൽ രണ്ട് പാൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്, എങ്കിലും മുഴുവൻ പ്രദേശങ്ങളേയും ഉൾക്കൊള്ളാൻ അവക്ക് കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റെ സേവനം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ലഭ്യമാകുന്നില്ല. അഞ്ച് മുതൽ എട്ട് വരെ കി.മീ വരെ നടത്തിച്ച് മൃഗങ്ങളെ ചികിത്സിക്കുവാൻ പ്രയാസമുണ്ട്. സമയത്ത് ചികിത്സ ലഭിക്കാതെ കന്നുകാലികൾ ചത്തു പോകുന്ന സ്ഥിതി വിശേഷം പലപ്പോഴും ഉണ്ടാകുന്നു. ചാത്തങ്ങോട്ടുപുറത്ത് ഒരു സബ് സെന്റർ സ്ഥാപിച്ചാൽ പഞ്ചായത്തിലെ വലിയ ഒരു ഭാഗത്ത് അതിന്റെ സേവനം ലഭിക്കും.

കന്നുകാലികളിൽ പ്രധാനമായി കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദര രോഗങ്ങൾ, പനി തുടങ്ങിയവയാണ്. രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും ശുചിത്വമുള്ള തൊഴുത്തുകളുടെ ആവശ്യകതയെക്കുറിച്ചും കർഷകരെ ബോധവൽക്കരിക്കേണ്ടതുണ്ട്.

നേരത്തെ ഏതാനും ഗോബർ ഗ്യാസ് പ്ലാന്റുകൾ ഈ പ്രദേശത്ത് ഉണ്ടായിരുന്നു. അവയെല്ലാം പ്രവർത്തന രഹിതമായിരിക്കയാണ്. കുറേക്കൂടെ ബോധവൽക്കരണവും സാങ്കേതിക വൈദഗ്ധ്യവും ലഭ്യമാക്കുകയാണെങ്കിൽ മൂക്ഷ്മായ ഇന്ധനക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ സാധിക്കും. കൃഷിക്കാവശ്യമായ ജൈവ വള ത്തിന്റെ കുറവും പരിഹരിക്കാനാകും.

മുൻ കാലങ്ങളിൽ എല്ലാ വീടുകളിലും കോഴി വളർത്തൽ വ്യാപകമായിരുന്നു. മാംസത്തിന്റെ ആവശ്യത്തി ലേക്ക് ഇപ്പോൾ മുഖ്യമായും ഇറക്കുമതി ചെയ്യുന്ന കോഴികളെയാണ് ആശ്രയിക്കുന്നത്. കോഴി വളർത്തലിനുള്ള വൻ സാദ്ധ്യതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഇറച്ചി ആവശ്യത്തിന് മുയൽ വളർത്തലും ആദായകരമായ ഒരു തൊഴിൽ മേഖലയാണ്.

പരിഹാരമാർഗങ്ങൾ

ചാത്തങ്കോട്ടുപുറം, അയനിക്കോട് ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ക്ഷീരോൽപ്പാദക സഹകരണ സംഘ ങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് കൂടുതൽ പാലുൽപ്പാദനത്തിന് ക്ഷീരകർഷകർക്ക് കറവമാടുകളെ ലഭ്യമാക്കുക.

ചെറുകോട് ആസ്ഥാനമാക്കി ഒരു കേന്ദ്ര ക്ഷീരോൽപ്പാദക സംഘം രൂപീകരിക്കുക. മേലണ്ണം, പുളിയക്കോട്, പാലക്കോട് എന്നീ സ്ഥലങ്ങളിൽ പുതിയ ക്ഷീരോൽപ്പാദക സഹകരണ സംഘം സ്ഥാപിക്കുക.

രവിമംഗലം, പൂത്രക്കോവ്, പോരൂർ എന്നീ കേന്ദ്ര ങ്ങളിൽ കളക്ഷൻ സെന്റർ സ്ഥാപിക്കുക. കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കുക. സി. ബി. എൻ. പരിപാടിയിലുള്ള അയൽപക്കക്കൂട്ടങ്ങളെ ഉപയോഗിച്ച് കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക. കന്നുകാലികൾക്കും, മനുഷ്യർ ക്കുതന്നേയും ഭീഷണിയാകുന്ന പേപ്പട്ടി ശല്യം ഒഴിവാക്കാൻ കർശന നടപടികൾ സ്വീകരിക്കുക.

നല്ലയിനം ജനുസ്സിൽപ്പെട്ട ആടുകളെ വിതരണം ചെയ്ത് ആട് കൃഷി പ്രോത്സാഹിപ്പിക്കുക. കാലാകാല ങ്ങളിൽ മൃഗങ്ങൾക്കുണ്ടാകുന്ന പകർച്ചവ്യാധികൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തുക.

മത്സ്യബന്ധനം

പറയത്തക്ക ജലാശയങ്ങൾ ഒന്നും തന്നെയില്ലാത്ത ഈ പഞ്ചായത്തിൽ മത്സ്യക്കൃഷി വികസനം ആത പ്രായോ ഗികമല്ല. ഉണ്ടായിരുന്ന നാടൻ മത്സ്യങ്ങളിൽ വരാൽ തുടങ്ങിയവ രോഗങ്ങൾ കാരണം നാമാവശേഷമായി ക്കൊണ്ടിരിക്കയാണ്. ഇതിനുള്ള പരിഹാര മാർഗ്ഗങ്ങൾ ഇനിയും കണ്ടെത്തേണ്ടതായിട്ടാണിരിക്കുന്നത്. നിലവിലുള്ള കുളങ്ങൾ ആഴം കൂട്ടി കേടുപാടുകൾ തീർക്കുന്നതോടുകൂടി ഉൽപാദനശേഷിയുള്ള വളർത്തു മത്സ്യക്കൃഷി പ്രോത്സാ ഹിപ്പിക്കാവുന്നതാണ്.

5.3

വ്യവസായം, വാർത്താവിനിമയം

വ്യവസായം

വ്യവസായികമായി ഈ പഞ്ചായത്ത് വളരെ പിന്നോക്കാവസ്ഥയിലാണ്. പൊതു ഉടമയിലുള്ള വ്യവസായങ്ങൾ ഒന്നും തന്നെ ഈ മേഖലയിലില്ല. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഏതാനും ഈർച്ച മില്ലുകളും അനുബന്ധ വ്യവസായങ്ങളുമാണ് ഇവിടെയുള്ളത്. ഏതാനും പേർ പ്രവൃത്തി ചെയ്യുന്ന ഒരു ഇഷ്ടിക കമ്പനി മാത്രമാണ് മറ്റൊന്ന്. ധാരാളം കുടിൽ വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവയ്ക്ക് ഒരേകീകൃത സ്വഭാവമില്ല. കൊട്ട മുറം വ്യവസായം, ഓലക്കുട നിർമ്മാണം, കൊപ്ര മില്ലുകൾ, നെല്ലുകുത്തു മില്ലുകൾ, തയ്യൽ, ബീഡി, പപ്പടം തുടങ്ങിയവയും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. മുൻകാലങ്ങളിൽ ഈ പ്രദേശത്തെ ഏറ്റവും വലിയ ഒരു കുടിൽവ്യവസായമായിരുന്നു ' അവിലിടിയും-കച്ചവടവും '. യന്ത്രവൽകൃതമില്ലുകളുടെ ആവിർഭാവവും, നെൽകൃഷിയുടെ തകർച്ചയും, വിറക് മുതലായ ഊർജ്ജവസ്തുക്കളുടെ ക്ഷാമവും കാരണം പാടെ തകർന്ന നിലയിലാണ്. വളരെയധികം വ്യവസായങ്ങൾക്കുള്ള അസംസ്കൃത പദാർത്ഥങ്ങൾ ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. അവ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വ്യവസായങ്ങൾ കണ്ടെത്തി ആരംഭിച്ചാൽ പരസ്പര പൂരകങ്ങളായ കൃഷിയും വ്യവസായവും അഭിവൃദ്ധിപ്പെടുകയും ധാരാളം പേർക്ക് തൊഴിൽ സാധ്യതകൾ ലഭ്യമാകുകയും ഉൽപ്പന്നങ്ങൾക്ക് നല്ലവില ലഭിക്കുവാൻ ഇടയാകുകയും ചെയ്യും.

ഈ അടുത്ത കാലത്തായി ഈ പഞ്ചായത്തിൽ കശുവണ്ടി ഉൽപാദനം കുറഞ്ഞുവരികയും, റബ്ബറിന്റെ ഉൽപാദനം വർദ്ധിച്ചുവരികയും ചെയ്തുകൊണ്ടിരിക്കുകയാണ്. നാളികേരം, അടക്ക, കപ്പ, ഏത്തവാഴ എന്നിവയും മോശമല്ലാത്ത രീതിയിൽ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. ഇത്തരം ഉൽപ്പന്നങ്ങൾ അസംസ്കൃത പദാർത്ഥമായിക്കൊണ്ടുള്ള ചെറുകിട വ്യവസായ യൂനിറ്റുകൾക്ക് നല്ല സാധ്യതയുണ്ട്. കൂടാതെ ധാരാളം കരിങ്കൽക്വാറികളും, ചെങ്കൽക്വാറികളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയെ വ്യാവസായികാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുകയാണെങ്കിൽ കെട്ടിടനിർമ്മാണ സാമഗ്രികൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുവാനും, കൂടുതൽ തൊഴിലവസരങ്ങൾ ഈ മേഖലയിൽ ലഭ്യമാക്കുവാനും സാധിക്കും. പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കാത്ത ഒരു സമീപനമാണ് ഈ രംഗത്ത് ആവശ്യം.

ഇപ്പോൾ നാമമാത്രമായും, ഒറ്റപ്പെട്ടും നടത്തുന്ന പരമ്പരാഗത കുടിൽ വ്യവസായങ്ങൾ ഏകോപിച്ചുകൊണ്ടും

...ത്തൽ, കരകൗശലവസ്തുക്കളുടെ നിർമ്മാണം, വസ്ത്രനിർ...ാണം, ഭക്ഷ്യസംസ്കരണം, കുടനിർമ്മാണം, തുടങ്ങിയവ ...ു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ച് അതിന്റെ ...ിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും, പരി...ിന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്താൽ ...ാഴിൽ മേഖലയിൽ ഒരു കുതിച്ചുചാട്ടത്തിന് കാരണ...ാകുകയും ചെയ്യും.

ബാങ്കുകൾ, ഖാദി ബോർഡ്, PMRY, IRDP, ...ിതാവികസന കോർപ്പറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, പട്ടിക ജാതി - പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, KSFKFC, വികലാംഗ കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖാന്തിരം ലഭിക്കുന്ന വ്യവസായ വായ്പകൾ ലഭിക്കുവാനുള്ള നടപടികൾ ...ുടുതൽ ഉദാരമാക്കേണ്ടിയിരിക്കുന്നു. ഗവൺമെന്റിന്റെ ...ീഴിലുള്ള KSIDC യുടെ കീഴിൽ പഞ്ചായത്തിൽ ഒരു ...വലപ്മെന്റ് പ്ലോട്ട് തുടങ്ങുന്ന കാര്യവും പരിഗണിക്കേ...തുണ്ട്. ഒരു റബ്ബർ വുഡ് പ്രോസ്സസ്സിംഗ് യൂനിറ്റ് ...ൊതുമേഖലയിൽ സ്ഥാപിക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

1) ...ത്തൽ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളു...ടേയും, വസ്ത്ര നിർമ്മാണ യൂനിറ്റുകളുടേയും സഹകരണ ...ംഘം ആരംഭിക്കുക.

2) ...വിനഗ്ലേരിയിൽ ഒരു പേപ്പർ കവർ യൂനിറ്റ് ആരംഭിക്കുക.

3) പരമ്പരാഗത കുടിൽ വ്യവസായങ്ങളുടെ അസംസ്കൃ...വസ്തുക്കളായ ഓട, മുള, ഓല എന്നിവ ലഭ്യമാക്കാൻ ...ചുകോട് ആസ്ഥാനമായി ഡെപ്പോ തുടങ്ങുക.

4) ബീഡി നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.

5) ...െഴുകു തിരി, സോപ്പ് നിർമ്മാണ യൂനിറ്റുകൾ ആരംഭി...ുക.

6) സ്കാഷ്, അച്ചാർ, ചിപ്സ്, പപ്പട നിർമ്മാണ യൂനിറ്റുകൾ ...ാരംഭിക്കുക.

7) പരമ്പരാഗത പനമ്പ് വ്യവസായ തൊഴിലാളികൾക്ക് ...ാസ്റ്റ വെട്ടുന്നതിന് വനം വകുപ്പിന്റെ തിരിച്ചറിയൽ കാർഡ് ...ൽകുക.

8) ചകിരി, ചിരട്ട, നാളികേരവെള്ളം എന്നീ അസംസ്കൃത ...സ്തുക്കൾ ഉപയോഗിച്ച് നടത്താവുന്ന നിർമ്മാണ ...ൂനിറ്റുകൾ ആരംഭിക്കുക.

9) ഈ പഞ്ചായത്തിലെ പൊൻകുന്ന് എന്ന സ്ഥലത്ത് സ്വർണ്ണ നിക്ഷേപമുണ്ടെന്ന് പറയപ്പെടുന്നു. വേണ്ട രീതിയിൽ പര്യവേഷണം നടത്തി ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഇത് ഒരു ദേശീയനേട്ടം തന്നെയാക്കി മാറ്റാവുന്നതാണ്.

10) ഖാദിഗ്രാമ വ്യവസായത്തിന്റെ വിവിധ യൂനിറ്റുകൾ ആരംഭിക്കുക.

ഇതിനെല്ലാം പുറമെ റബ്ബർ, കശുവണ്ടി അധിഷ്ഠിത വ്യവസായങ്ങൾക്ക് നല്ല സാധ്യതയാണുള്ളത്. കുറഞ്ഞത് പത്ത് ചെറുകിട വ്യവസായ യൂനിറ്റുകളെയെങ്കിലും ഉൾക്കൊള്ളാൻ കഴിയുന്ന ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എല്ലാ പശ്ചാത്തല സൗകര്യങ്ങളോടുകൂടി പഞ്ചായത്തിൽ സ്ഥാപിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അടുത്ത അഞ്ച് വർഷത്തിനകം അത് പ്രാവർത്തികമാക്കാൻ ശ്രമിക്കാം.

11) ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള KSIDC യുടെ കീഴിൽ ഡവലപ്മെന്റ് പ്ലോട്ടുകൾ പഞ്ചായത്തിൽ തുടങ്ങുക.

12) റബ്ബർവുഡ് പ്രോസ്സസ്സിംഗ് യൂനിറ്റ് (കെമിക്കലൈസ്ഡ്) പൊതുമേഖലയിൽ സ്ഥാപിക്കുക.

13) ഫർണ്ണീച്ചർ നിർമ്മാണ യൂനിറ്റുകൾ ആരംഭിക്കുക.

14) വിവിധ കേന്ദ്രങ്ങളിൽ വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കുക.

വാർത്താവിനിമയം

വാർത്താവിനിമയ രംഗത്ത് പഞ്ചായത്ത് പിന്നോക്കാവസ്ഥയിലാണ്. പഞ്ചായത്തിൽ രണ്ട് ബ്രാഞ്ച് പോസ്റ്റാഫീസുകൾ മാത്രമാണുള്ളത്. പഞ്ചായത്തിലെ ജനസംഖ്യ കണക്കിലെടുക്കുമ്പോൾ ഇത് വളരെ അപര്യാപ്തമാണ്. ഇവ രണ്ടും പഞ്ചായത്താസ്ഥാനത്തുനിന്നും അകലെ സ്ഥിതി ചെയ്യുന്നു. പോസ്റ്റാഫീസുകളുടെ പ്രവർത്തന മേഖല വളരെ വിപുലമായതിനാൽ ദൂരെ ദിക്കുകളിൽ താമസിക്കുന്നവർക്ക് കത്തുകളും മറ്റും വളരെ വൈകിയാണ് കിട്ടുന്നത്.

പഞ്ചായത്തിൽ ഇപ്പോൾ 50 ഓളം ടെലിഫോൺ കണക്ഷനും മൂന്നു പബ്ലിക്ക് ടെലിഫോൺ ബൂത്തുകളും ഉണ്ട്. ടെലിഫോൺ കണക്ഷനുവേണ്ടി അപേക്ഷ കൊടുത്ത് കാത്തിരിക്കുന്നവർ ധാരാളമുണ്ട്. ഗൾഫ് മേഖലയിലും മറ്റും ജോലി ചെയ്യുന്നവരുമായി ബന്ധപ്പെടുന്നതിനും കച്ചവടം, ബിസിനസ്സ് തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി ബന്ധപ്പെടുന്നതിനും ടെലിഫോൺ വരിക്കാരുടെ എണ്ണം

കൂടിവരികയാണ്.

ടെലിവിഷൻ, റേഡിയോ തുടങ്ങിയവ ഇന്ന് സാർവ്വത്രികമായിരിക്കുന്നു. പഞ്ചായത്തിലെ സാമ്പത്തികമായി മുന്നിട്ടുനിൽക്കുന്ന വീടുകളിലെല്ലാം ഇന്ന് ടെലിവിഷനുണ്ട്. അതും ഡിഷ് ആന്റിനയോടുകൂടി. കൂടാതെ പഞ്ചായത്തിലെ രണ്ടു ഹരിജൻ കോളനികളിൽ സൗജന്യമായി ടെലിവിഷൻ സ്ഥാപിക്കുകയും വൈദ്യുതീകരിച്ച മറ്റു കോളനികളിൽ ടെലിവിഷൻ സ്ഥാപിച്ചുകൊടുക്കാൻ ശ്രമിച്ചുവരികയും ചെയ്യുന്നു.

നിർദ്ദേശങ്ങൾ

1) പഞ്ചായത്ത് ആസ്ഥാനമായ ചെറുകോട്ടിൽ കമ്പി സൗകര്യത്തോടുകൂടിയ ഒരു സബ്-പോസ്റ്റാഫീസ് അനുവദിക്കുക. അതുവരെ ചാത്തങ്ങോട്ടുപുറത്ത് ഒരു പോസ്റ്റ്മാനെക്കൂടി നിയമിക്കുക.

2) മൂളിപാമ്പ്, കരുവാറ്റക്കുന്ന്, വീതനശ്ശേരി, പാലക്കോട്, കോട്ടക്കുന്ന്, താലപ്പൊലി പാമ്പ്, രവിമംഗലം, എന്നിവിടങ്ങളിൽ തപാൽപെട്ടി സ്ഥാപിക്കുക.

3) അയനിക്കോട്, ചേരിപാമ്പ് എന്നിവിടങ്ങളിൽ ഓരോ ബ്രാഞ്ച് പോസ്റ്റാഫീസുകൾ കൂടി അനുവദിക്കുക.

4) വണ്ടൂർ ടെലഫോൺ എക്സ്ചേഞ്ച് വിപുലീകരിക്കുകയും പഞ്ചായത്തിൽ ടെലഫോൺ കണക്ഷന് അപേക്ഷ കൊടുത്ത എല്ലാവർക്കും ഉടനെ തന്നെ കണക്ഷൻ നൽകുകയും ചെയ്യുവാൻ നടപടിയുണ്ടാകണം.

5) പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പൊതു ടെലഫോൺ ബൂത്തുകൾ സ്ഥാപിക്കുക.

6) ടെലഫോൺ തകരാറുകൾ പെട്ടെന്ന് തീർത്തുകിട്ടുവാൻ നടപടിയുണ്ടാകണം.

7) കൃഷിഭവൻ, PHC, ആയുർവ്വേദാശുപത്രി, മൃഗാശുപത്രി പോലീസ് ഗവ: ഹൈസ്കൂൾ എന്നീ പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ ടെലഫോൺ സൗകര്യം ഏർപ്പെടുത്തുക.

8) ചെറുകോട്, അയനിക്കോട് എന്നിവിടങ്ങളിൽ നാണയം ഇട്ട് വിളിക്കാവുന്ന പബ്ലിക് ടെലഫോൺ സ്ഥാപിക്കുക.

9) പഞ്ചായത്തിലെ ജില്ലാ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് / ഗ്രാമ പഞ്ചായത്ത് അംഗങ്ങൾക്ക് ടെലഫോൺ കണക്ഷന് മുൻഗണന നൽകുക.



5.4

വിദ്യാഭ്യാസം

നിലമ്പൂർ താലൂക്കിൽപ്പെട്ട പോരൂർ, മറ്റുപല കാര്യങ്ങളിലും പിന്നോക്കമാണെങ്കിലും, വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കിയ പഞ്ചായത്താണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽത്തന്നെ, ഇവിടെ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നിരുന്നു. പോരൂരിലെ പൂത്രക്കോവിൽ [illegible] ൽ പ്രശസ്ത വൈദിക കുടുംബമായ വെള്ളക്കാട്ട് മനക്കാർ സ്കൂളിനുവേണ്ടി കെട്ടിടം നിർമ്മിച്ച് കൊടുക്കുകയും, അതിൽ സർക്കാർ പ്രാഥമിക വിദ്യാലയം തുടങ്ങുകയും ചെയ്തു. ചാത്തങ്ങോട്ടുപുറം അംശത്തിലെ എടപ്പുലം അങ്ങാടിക്കടുത്തും, ചാത്തങ്ങോട്ടുപുറം ക്ഷേത്രത്തിനടുത്തും തുടങ്ങിയ പ്രാഥമിക വിദ്യാലയങ്ങളും, ആ കാലഘട്ടത്തിൽ ഉണ്ടായവയാണ്. മതപഠനത്തോടൊപ്പം മലയാളവും പഠിപ്പിച്ചിരുന്ന അന്നത്തെ മിക്ക ഓത്തുപള്ളികളും വിദ്യാഭ്യാസ പുരോഗതിയിൽ ഏറെ പങ്കു വഹിച്ചിട്ടുണ്ട്. നിലത്തെഴുത്താശാന്മാരും, കുടിപ്പള്ളിക്കൂടങ്ങളും ജ്ഞാനസമ്പാദന കേന്ദ്രങ്ങളായിരുന്നു.

മലബാർ ഡിസ്ട്രിക്ട് ബോർഡ് അംഗമായിരുന്ന കേളപ്പജി, പോരൂർ എൽ. പി. സ്കൂൾ സന്ദർശിച്ച അവസരത്തിൽ, ഹരിജൻകുട്ടികളെ സ്കൂളിൽ ചേർത്തിട്ടില്ലെന്ന് കണ്ടതിനാൽ, ആ വിഭാഗക്കാരെക്കൂടി ചേർക്കണമെന്ന് എഴുതിവെച്ചു. പിന്നീട് കൂടുതൽ സൗകര്യപ്രദമായ സ്ഥലം മറ്റൊരു പ്രസിദ്ധ ജന്മികുടുംബമായ ഉപ്പിലാപ്പറ്റ മനക്കാർ പൊറ്റയിൽ നിർമ്മിച്ചുകൊടുത്തു സ്കൂൾ അങ്ങോട്ടേക്ക് മാറ്റി. എന്നാൽ ഈ പ്രദേശത്തെ ആദ്യത്തെ യു. പി. സ്കൂൾ അനുവദിച്ച് കിട്ടിയ ഉപ്പിലാപ്പറ്റ മനക്കാർ, ഗവ: സ്കൂളിനടുത്തുതന്നെ യു. പി. സ്കൂൾ സ്ഥാപിക്കുകയും തുടർന്ന് എൽ. പി. വിഭാഗം കൂടി അനുവദിക്കപ്പെട്ടതിനാൽ, ഗവ: സ്കൂൾ നഷ്ടപ്പെടും എന്ന അവസ്ഥയിലായി. അവസരത്തിനൊത്തുയർന്ന വെള്ളക്കാട്ട് മനക്കാർ, പൂത്രക്കോവിൽ സ്കൂളിന് കെട്ടിടം നിർമ്മിച്ച് സ്കൂൾ നിലനിർത്തി. ഇന്ന് പോരൂർ ഗവ: എൽ. പി. സ്കൂൾ വെള്ളക്കാട്ട് മനക്കാരുടെ പ്രസ്തുത വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി മഞ്ചേരിയിലും, നിലമ്പൂരിലും പോകേണ്ടിയിരുന്ന ഈ പ്രദേശത്തുകാർക്ക് ഏറെ ആശ്രഹമായിത്തീർന്ന വണ്ടൂർ വി. എം. സി. ഹൈസ്കൂൾ സ്ഥാപിക്കാൻ മുൻകൈയെടുത്തത് വെള്ളക്കാട്ട് മനക്കൽ നാരായണൻ ഭട്ടതിരിപ്പാടാണ് എന്നത് ഇത്തരുണത്തിൽ എടുത്തു പറയേണ്ട വസ്തുതയാണ്. ഈ പ്രദേശത്തെ വിദ്യാഭ്യാസ-സാംസ്കാരിക പുരോഗതിയിൽ ആദ്യകാലം മുതൽക്കേ ഒട്ടേറെ സംഭാവനകൾനൽകിയ മേൽപറഞ്ഞ രണ്ടു കുടുംബക്കാരും, ഇന്നും ഈ രംഗത്ത് സജീവമായി നിലകൊള്ളുന്നു.

മറ്റ് രണ്ട് വിദ്യാലയങ്ങളായ എടപ്പുലം, ചാത്തങ്ങോട്ടുപുറം ദേവീവിലാസം എൽ. പി. സ്കൂൾ എന്നിവയിൽ, എടപ്പുലത്തുള്ളത് ഇന്നും നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ ദേവീവിലാസത്തിന്റെ സ്ഥിതി മറ്റൊന്നാണ്. നിലമ്പൂർക്കാരനായിരുന്ന ഒരു അയ്യർ 1928 ൽ സ്ഥാപിച്ച ഈ സ്കൂൾ, മങ്കാവിൽ ചിന്നപ്പൻ നായർ ഏറ്റെടുക്കുകയും അട്ടകളേടത്ത് നമ്പൂതിരിക്ക് കൈമാറുകയും ചെയ്തു. പിന്നീട് തിരുവാലിക്കാരനായ ശ്രീ. കണ്ണടത്തിൽ കുഞ്ഞിരാമൻ നായരുടെ ഉടമസ്ഥതയിലാവുകയും ചെയ്തു. വളരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം, വികലമായ മാനേജ്മെന്റിന്റേയും നാട്ടുകാർ അവസരത്തിനൊത്തുയർന്ന് പ്രവർത്തിക്കാത്തതിന്റെയും ഫലമായി എന്നെന്നേക്കുമായി നഷ്ടപ്പെടുകയാണുണ്ടായത്.

തുടർന്ന്, പലഘട്ടങ്ങളിലായി ഒരു യു. പി. സ്കൂളും ആറ് എൽ. പി. സ്കൂളും സ്ഥാപിക്കപ്പെട്ടുവെങ്കിലും ഒരു ഹൈസ്കൂളിനുവേണ്ടി നീണ്ട വർഷങ്ങൾ പിന്നെയും കാത്തിരിക്കേണ്ടിവന്നു. 1973 ലാണ് പഞ്ചായത്തിൽ ആദ്യമായി ഒരു ഹൈസ്കൂൾ സ്ഥാപിതമായത്. പോരൂർ ചാത്തങ്ങോട്ടുപുറം പ്രദേശങ്ങളിലായി മുൻകാല കുടിപ്പള്ളിക്കൂടങ്ങളും വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളും നടത്തി അനൗപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ച ശ്രീ. കെ. പി. ഭാസ്കരൻ മാസ്റ്റർ, എ. കെ. കുട്ടികൃഷ്ണൻ നായർ എന്നിവർ ഈ നാടിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി ഏറെ പ്രവർത്തിച്ചവരാണ്.

അറിഞ്ഞിടത്തോളം ഈ പ്രദേശത്തെ ആദ്യത്തെ ബിരുദധാരിയും, സർക്കാർ ഉദ്യോഗസ്ഥനും, മദിരാശി സർവ്വകലാശാലയുടെ ബി. എ. ബിരുദം നേടിയ ശ്രീ. ഗോപാലമേനോനായിരുന്നു.

ഈ പഞ്ചായത്തിൽ ഇപ്പോൾ ഒമ്പത് എൽ. പി. സ്കൂളും, രണ്ട് യു. പി. സ്കൂളും, ഒരു ഹൈസ്കൂളും പ്രവർത്തിക്കുന്നു. രണ്ട് എൽ.പി. സ്കൂളുകളും ഹൈസ്കൂളും സർക്കാർ മേഖലയിലാണ്. 22000 ത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 12 സ്കൂളുകളിലായി 4531 കുട്ടികൾ പഠിക്കുന്നു. ആകെ 134 അദ്ധ്യാപകരാണുള്ളത് (പട്ടിക 1 കാണുക)

പട്ടിക 1

പഞ്ചായത്തിലെ സ്കൂളുകളുടെ വിവരങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			പട്ടികജാതി			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	എ.എൽ.പി. സ്കൂൾ, തൊടികപ്പുലം	എയ്ഡഡ്	79	85	164	11	13	24	3	2	5
2.	ജി.എൽ.പി. സ്കൂൾ, പോരൂർ	ഗവ:	64	50	114	13	13	26	3	1	4
3.	എ.എൽ.പി.എസ്, കോട്ടക്കുന്ന്	എയ്ഡഡ്	126	132	258	20	21	41	3	6	9
4.	എ.എൽ.പി.എസ്, അയനിക്കോട്	"	79	62	141	--	--	--	--	5	5
5.	എ.എൽ.പി.എസ്, വീതനശ്ശേരി	"	117	96	213	15	5	20	1	7	8
6.	എ.എൽ.പി.എസ്, എടപ്പുലം	"	71	58	129	3	2	5	2	3	5
7.	ജി.എൽ.പി.എസ്, പട്ടണംകുണ്ട്	ഗവ:	57	48	105	9	5	14	2	2	4

യു.എം. എൽ.പിഎസ്, ചാത്തങ്ങോട്ടുപുറം	എയ്ഡഡ്	77	75	152	24	15	39	3	2	5
എ.എൽ.പിഎസ്, പാലക്കോട്	"	90	88	178	17	24	41	4	2	6
എ.യു.പിഎസ്, ചെറുകോട്	"	697	644	1341	127	118	245	15	21	36
എ.യു.പിഎസ്, പോരൂർ	"	402	382	784	93	101	194	12	13	25
ജി.എച്ച്. എസ്, പോരൂർ	ഗവ:	467	485	952	71	65	136	7	15	22
ആകെ		2326	2205	4531	403	382	785	55	79	134

ഈ പഞ്ചായത്തിലെ ബഹുഭൂരിപേരും കുട്ടികളെ പൊതുവിദ്യാലയങ്ങളിലാണ് ചേർക്കുന്നത്. ചുരുക്കം പേർ പുതിയ ഇംഗ്ലീഷ് മീഡിയം സംസ്കാരത്തിൽ ഭ്രമിച്ച് അത്തരം സ്കൂളുകളിലേക്ക് അയക്കുന്നുണ്ട്. ഇത്തരം ആൾക്കാരുടെ എണ്ണം കൂടിവരുന്നുണ്ട് എന്നത് ഗൗരവപൂർവ്വം ചിന്തിക്കേണ്ട ഒരു വസ്തുതയാണ്. പഞ്ചായത്തിൽ L.K.G, U.K.G ക്ലാസുകളുള്ള യു. പി, എൽ. പി എന്നീ ഓരോ അനംഗീകൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രവർത്തിക്കുണ്ട്.

1990 ജൂൺ മാസത്തിൽ ചെറുകോട് കേന്ദ്രമായി പ്രവർത്തനമാരംഭിച്ച യുവത ട്യൂഷൻ സെന്റർ സമാന്തര വിദ്യാഭ്യാസരംഗത്ത് ഇന്നും സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവെക്കുന്ന സ്ഥാപനമാണ്. പാഠ്യേതര പ്രവർത്തന മേഖലകളിലും സജീവമായ ശ്രദ്ധ പതിപ്പിക്കുന്ന ഈ സ്ഥാപന ത്തിന്റെ കീഴിൽ, വിപുലമായ ഒരു ഗ്രന്ഥശേഖരം തന്നെ യുണ്ട്. S.S.L.C. ഉന്നതവിജയികൾക്ക് വർഷം തോറും നൽകിവരുന്ന അവാർഡുകൾ, രക്തഗ്രൂപ്പ് നിർണയ ക്യാമ്പുകൾ, രക്തദാന പ്രവർത്തനങ്ങൾ, നിർധന വിദ്യാർത്ഥികൾക്കുള്ള സൗജന്യവിദ്യാഭ്യാസം, പഠനോ പകരണവിതരണം തുടങ്ങിയവ ഈ സ്ഥാപനം വർഷങ്ങ ളായി നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങളാണ്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. മഞ്ചേരി ഗവ. എസ്. എസ്, മമ്പാട് എം. ഇ. എസ്, എടവണ്ണ, അരീക്കോട് അറബിക് കോളേജുകൾ എന്നിവയാണ് ഏറ്റവും അടുത്തുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ. വണ്ടൂരി ലുള്ള ഗേൾസ് ഹൈസ്കൂളിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സും, വി. എം. സി. ഹൈസ്കൂളിലെ ഹയർ സെക്കണ്ടറി (പ്ലസ്ടു) കോഴ്സും ഉന്നത വിദ്യാഭ്യാസരംഗത്ത് ഏറെ അനുഗ്രഹം തന്നെ. അടുത്ത കാലത്തായി ആരംഭിച്ച എടവണ്ണ ബി. എഡ്. കോളേജും ഈ രംഗത്ത് ഏറെ സഹായകമായിട്ടുണ്ട്.

ഗൾഫ് പണത്തിന്റെ സ്വാധീനം വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ ബാധിച്ചിട്ടില്ലേയെന്ന് സംശയിക്കേണ്ടി യിരിക്കുന്നു. സ്വതന്ത്രമായി പണം കൈകാര്യം ചെയ്യാൻ അവസരം ലഭിക്കുന്ന കുട്ടികളുടെ ശ്രദ്ധ പലപ്പോഴും ക്ലാസ് മുറിക്ക് പുറത്തേക്ക് തിരിയുന്നു. പ്രായപൂർത്തിയായാൽ ഗൾഫ് സ്വപ്നം മനസ്സിൽ താലോലിക്കുന്ന വിദ്യാർത്ഥി, പഠനപ്രവർത്തനങ്ങളിൽനിന്നും അറിഞ്ഞോ അറിയാതേയോ അകന്നു പോകുന്നു. രക്ഷിതാക്കളുടേയും സന്നദ്ധപ്രവ ർത്തകരുടെയും ഗൗരവമായി ചർച്ചചെയ്യപ്പെടേണ്ട കാര്യമാണിത്.

വിദ്യാഭ്യാസ സ്ഥാപനങ്ങളും, വിദ്യാഭ്യാസ യോഗ്യതയുള്ളവരും നമ്മുടെ പഞ്ചായത്തിൽ ആവശ്യ ത്തിനുണ്ടെങ്കിലും എല്ലാ വാർഡിലേയും നിരക്ഷരരുടെ കണക്ക് നമ്മെ തെല്ല് നിരാശപ്പെടുത്താതിരിക്കില്ല. 1990ലെ സാക്ഷരതായജ്ഞത്തിന്റെ ആവേശം നിലനിർത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. നവസാക്ഷരർ വീണ്ടും

നിരക്ഷരതിലേക്കുതന്നെ വഴുതിവീഴുന്നു എന്നതാണ് വാസ്തവം.

പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ പഠന നിലവാരവും തൃപ്തികരമാണെന്ന് പറഞ്ഞുകൂടാ. കാരണങ്ങളും ന്യായീകരണങ്ങളും നിരവധിയുണ്ടാകാം. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, സിലബസ്സിന്റെ കാഠിന്യം, വിദ്യാർത്ഥികളുടെ ആധിക്യം (മലപ്പുറം ജില്ലയുടെ സവിശേഷത) എന്നിവക്ക് പുറമെ വാരാന്ത്യ അവധി, മദ്ധ്യവേനലവധി എന്നിവയിലുള്ള വ്യത്യാസം തുടങ്ങിയവ പഠനനിലവാരത്തെ ബാധിക്കുന്നുണ്ട്. പട്ടിക 2 കാണുക

കൂടുതൽ മാർക്ക് നേടുന്ന പഞ്ചായത്തിലെ [illegible] പ്രോത്സാഹന സമ്മാനം ഏർപ്പെടുത്തേണ്ടതാണ് അഭിപ്രായം പഞ്ചായത്ത് ഭരണ സമിതിയുടെ [illegible] പരിഗണനയിലാണ്.

പോരൂർ എ. യു. പി. സ്ക്കൂളിലെ ഒന്നു [illegible] ഏഴു വരെ ക്ലാസ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് [illegible] ഈരണ്ട് കുട്ടികൾക്ക് വർഷം തോറും ക്യാഷ് അവാർഡ് നൽകുന്നതിന് കെ. വി. പത്മാവതി ടീച്ചർ എന്റോവ്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്.

പട്ടിക - 2

അക്കാദമിക്ക് നിലവാരം

ക്ലാസ്സ്	ആകെ കുട്ടികൾ	കുട്ടികളുടെ പൊതുനിലവാരം					SSLC വിജയശതമാനം			
		30%ൽ താഴെ മാർക്ക്	30 40% മാർക്ക് നേടിയവർ	40 50% മാർക്ക് നേടിയവർ	50 60% മാർക്ക് നേടിയവർ	60% മുകളിൽ മാർക്ക്	92 - 93	93 - 94	94 - 95	95 - 96
III	516	223	88	93	56	56				
IV	523	198	110	94	52	69				
V	503	286	84	71	32	30				
VI	443	325	56	31	13	18				
VII	443	320	62	23	19	19				
VIII	365	37	164	127	29	8				
IX	331	33	149	116	26	7				
X	256	26	115	90	20	5	22	20	21	24

മിടുക്കരായ വിദ്യർത്ഥികളെ പ്രോൽസാഹിപ്പിക്കുന്നതിന് പി. ടി. എ. കളും പഞ്ചായത്തും അവാർഡുകളും എൻഡോവ്മെന്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. S.S.L.C. ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന പോരൂർ ഗവ: ഹൈസ്കൂളിലെ മൂന്ന് വിദ്യർത്ഥികക്ക് പഞ്ചായത്ത് ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്. പഞ്ചായത്തിലെ ഒരു നല്ല വിഭാഗം കുട്ടികൾ മറ്റുപഞ്ചായത്തിലെ സ്കൂളുകളിൽ പഠിച്ച് അഭിമാനകരമായ വിജയം കൈവരിക്കാറുണ്ടെങ്കിലും അവർക്ക് പഞ്ചായത്തിന്റെ പ്രോൽസാഹനം ലഭിക്കുന്നില്ല എന്നത് നാം കാണാതിരുന്നുകൂടാ. പത്താം ക്ലാസ്സിൽ ഏറ്റവും

ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം അക്കാഡമിക്ക് സൗകര്യങ്ങൾ പരമപ്രധാനമാണ്. [illegible] മുറിയിൽ ബന്ധനസ്ഥരാണ് തങ്ങളെന്ന തോന്നൽ [illegible] കൾക്ക് ഉണ്ടാകാതിരിക്കുന്നതിന് പഠനപ്രവർത്തനങ്ങൾക്ക് സൗകര്യമുണ്ടാകണം. പഠനം രസകരവും ഉൽപാദനക്ഷമവുമായി മാറ്റാനുതകുന്ന തരത്തിൽ ലൈബ്രറി, ലാബറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ - ശ്രവ്യോപകരണങ്ങൾ, വൃത്തിയും വലുപ്പവുമുള്ള ബോർഡുകൾ ആവശ്യത്തിന് ക്ലാസ്സ്മുറി ഉപകരണങ്ങൾ എന്നിവ ഉണ്ടായിരിക്കണം. എന്നാൽ മേൽ കാണിച്ച സൗകര്യങ്ങൾ എല്ലാ

വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. ഇവിടുത്തെ ഏക ഹൈസ്കൂൾ സ്ഥലപരിമിതിയാൽ വീർപ്പുമുട്ടുകയാണ്. ലൈബ്രറി, ലാബറട്ടറി, ഗെയിംസ് റൂം, ഓഫീസ് മുറി, സ്റ്റാഫ് റൂം എന്നിവയ്ക്കെല്ലാം കൂടി ഒരു ക്ലാസ്സ് മുറിയുടെ വലുപ്പമുള്ള ഒറ്റ മുറി മാത്രമാണുള്ളത്. വിശദ വിവരങ്ങൾ പട്ടിക 3 ൽ കാണിച്ചിരിക്കുന്നു.

രണങ്ങളും, പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങളും കളിസ്ഥലവും ഓരോ വിദ്യാലയത്തിലും ഉണ്ടാകണം. ഇക്കാര്യത്തിൽ സർക്കാരും മാനേജുമെന്റും, പി. ടി. എ. യും കൂടുതൽ ക്രിയാത്മകത കാണിക്കേണ്ടതാണ്.

വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റങ്ങൾ

പട്ടിക 3

അക്കാഡമിക് സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളും

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	അക്കാഡമിക് സൗകര്യങ്ങൾ					ഭൗതിക സാഹചര്യങ്ങൾ					
		ലൈബ്രറി	ലാബറട്ടറി	പഠനോപകരണങ്ങൾ	ഓഡിയോ വിഷ്വൽ ഉപകരണങ്ങൾ	ബ്ലാക്ക് ബോർഡ്	കെട്ടിടം	ഫർണ്ണിച്ചർ	കക്കൂസ്	മൂത്രപ്പുര	കുടിവെള്ളം	വൈദ്യുതി
1	A.L.P സ്കൂൾ തൊടികപ്പുലം	✗	✗	✓	✗	✓	✓	പരിമിതം	✗	✗	കിണർ	✗
2	G.L.P സ്കൂൾ പോരൂർ	✓	✗	✓	✓	✓		✗	✗	✗	"	✗
3	A.L.P.S കോട്ടക്കുന്ന്	✓	✗	✓	✓	✓	✓	"	✗	✓	"	✗
4	A.L.P.S. അയനിക്കോട	✓	✗	✗	✗	✓	✓	"	✗	✗	"	✗
5	A.L.P.S എടപ്പുലം	✓	✗	✓	✓	✓	✓	"	✗	✗	"	✗
6	A.L.P.S വീതനശ്ശേരി	✓	✗	✓	✗	✓	✓	"	✗	✗	"	✗
7	G.L.P.S ഹട്ടണം കുണ്ട്	✓	✗	✓	✓	✓	✓	"	✗	✗	"	✗
8	U.MA.L.P.S ചാത്തങ്ങോട്ടുറം	✓	✗	പരിമിതം	✓	✓	✓	"	✗	✗	"	✗
9	A.M.L.P.S പാലക്കോട്	✓	✗	✓	✓	✓	✓	"	✓	✓	"	✗
10	A.U.P.S ചെറുകോട്	✓	✓	പരിമിതം	✗	✓	✓	"	✗	✗	"	✗
11	A.U.P.S പോരൂർ	✓	പരി	"	✗	✓	✓	"	✓	✓	"	✓
12	G.H.S പോരൂർ	✓	✓	"	✓	✓	പരി	"	✓	✓	"	✗

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ പോരായ്മയാണ്. ഏറ്റവും അഘികം ശ്രദ്ധയും സൗകര്യങ്ങളും നൽകേണ്ട പ്രാഥമിക ഘട്ടം ഏറെ അവഗണിക്കപ്പെട്ടു കിടക്കുന്നു എന്നതാണ് ഏറെ പരിതാപകരം. പ്രാഥമിക വിദ്യാലയങ്ങ ഓലഷെഡ്ഡിലും കലാശാലകൾ രമ്യഹർമ്യങ്ങളിലും !. ഈ സ്ഥിതി മാറിയേ തീരൂ. വെയിലും മഴയും കൊള്ളാതെ ഇരുന്ന് പഠിക്കാനുള്ള സൗകര്യവും ഉപകരുത്തുന്നതിനും, അദ്ധ്യാപനം ആകർഷകവും, രസകരവും ആക്കി നിലവാരം ഉയർത്തുന്നതിനും ഒരു സമഗ്ര വിദ്യാഭ്യാസ പദ്ധതി പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി ഉദ്ദേശിക്കുന്നുണ്ട്. ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയും, പഞ്ചായത്തിലും, പുറത്തും ഉള്ള വിദ്യാഭ്യാസ പ്രവർത്തകരുടേയും അഭിപ്രായങ്ങളും വിശദമായി ചർച്ചക്ക് വിധേയമാക്കി. അടുത്ത അദ്ധ്യയനവർഷത്തിൽ നടപ്പാക്കാ

നുദ്ദേശിക്കുന്ന പരിപാടി, പഞ്ചായത്തിന്റെ വിദ്യാഭ്യാസ മേഖലക്ക് നവചൈതന്യം പകരാനുദ്ദേശിച്ചുള്ളതാണ്.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, വരുന്ന അഞ്ച് കൊല്ലക്കാലത്തേക്കുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

1) ഒന്നാം വാർഡിലെ പോരൂർ ഗവ: സ്കൂളിന് സ്വന്തം സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുക.

2) രണ്ടാം വാർഡിലെ തൊടികപ്പുലം എ. എൽ. പി. സ്കൂൾ യു. പി. സ്കൂളാക്കി ഉയർത്തുക.

3) രണ്ടാം വാർഡിലെ വിവിധ പ്രദേശങ്ങളിൽ നിന്നും വിദ്യാർത്ഥികൾക്ക് യു. പി., ഹൈസ്കൂൾ വിദ്യാലയങ്ങളിലേക്ക് എത്തുന്നതിന് മതിയായ ഗതാഗത സൗകര്യങ്ങൾ അപര്യാപ്തമാണ്. ഇത് പരിഹരിക്കണം.

4) മുസ്ലിം പെൺകുട്ടികൾക്ക് മാത്രമായി നൽകുന്ന സ്കോളർഷിപ്പ്, പാവപ്പെട്ട എല്ലാ വിഭാഗം പെൺകുട്ടികൾക്കും നൽകണം.

5) വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പരിപാടികൾ ആവിഷ്കരിക്കണം.

6) ഉന്നത വിദ്യാഭ്യാസ സൗകര്യം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിന് ബ്ലോക്ക് ആസ്ഥാനമായ വണ്ടൂരിൽ ഒരു കോളേജും, പോരൂർ ഗവ: ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സും ആരംഭിക്കുക.

7) പോരൂർ എ. യു. പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുക. അയനിക്കോട്, വീതനശ്ശേരി, പട്ടണംകുണ്ട്, ചാത്തങ്ങോട്ടുപുറം, പാലക്കോട്, കോട്ടക്കുന്ന് എന്നീ എൽ. പി. സ്കൂളുകൾ യു. പി. ആയി ഉയർത്തുക. പഞ്ചായത്തിൽ കേന്ദ്രസ്ഥാനത്ത് ഗേൾസ് ഹൈസ്കൂൾ അനുവദിക്കുക.

8) സ്ഥല പരിമിതി മൂലം വീർപ്പുമുട്ടുന്ന പോരൂർ ഗവ: ഹൈസ്കൂളിന് ആവശ്യത്തിന് മുറികളടങ്ങിയ കെട്ടിടം നിർമ്മിക്കുക.

9) എല്ലാ എൽ. പി. സ്കൂളുകളോടനുബന്ധിച്ചും ശാസ്ത്രീയമായ രീതിയിൽ ഉള്ള പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കുക.

10) പഞ്ചായത്തിലെ വികലാംഗ വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ വിധത്തിൽ പഞ്ചായത്തിൽ ഒരു വികലാംഗ വിദ്യാലയം അനുവദിക്കുക.

11) അഞ്ചാം വാർഡിൽ രവിമംഗലത്തും എട്ടാം വാർഡിൽ കിഴക്കേക്കര IHDP കോളനിയോടനുബന്ധിച്ചും എൽ. പി. സ്കൂൾ അനുവദിക്കുക.

12) വിദ്യാർത്ഥികൾക്കുള്ള കലാ-കായിക-ശാസ്ത്ര പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക.

13) പഞ്ചായത്ത് തലത്തിൽ അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ സംഘടിക്കുക.

14) പാഠപുസ്തകം എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

15) DPEP അനുസരിച്ചുള്ള സൗജന്യ പുസ്തക വിതരണം എല്ലാ വിദ്യാർത്ഥികൾക്കും ബാധകമാക്കുക.

16) പ്രൈമറി ക്ലാസ്സിലെ സിലബസ് ലഘൂകരിക്കുക.

17) സെക്കന്ററി തലം വരെ മാതൃഭാഷ നിർബന്ധ പാഠ്യവിഷയമാക്കുക.

18) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറക്കുക.

19) ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുന്നതിന് ചുമതല പൂർണ്ണമായും പഞ്ചായത്ത് ഏറ്റെടുക്കുക.

20) എന്യൂമറേഷൻ, സർവേ ജോലികൾക്ക് അദ്ധ്യാപകരെ നിയോഗിക്കാതിരിക്കുക.

21) കായിക പ്രതിഭകളെ ചെറുപ്പത്തിൽത്തന്നെ കണ്ടെത്തി പരിശീലനം നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ കുട്ടികൾക്കായി സ്പോർട്ട്സ് കോച്ചിംഗ് സെന്റർ സ്ഥാപിക്കുക.

22) പ്രധാനാദ്ധ്യാപകർക്ക് മുഴുവൻ സമയവും അദ്ധ്യാപനത്തിൽ ശ്രദ്ധിക്കാൻ കഴിയാത്തതുകൊണ്ട് എല്ലാ സ്കൂളിലും ഓരോ അഡീഷണൽ അദ്ധ്യാപക തസ്തികയും ക്ലാർക്ക് തസ്തികയും അനുവദിക്കുക.

23) സ്കൂൾ പാചകത്തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.

24) രക്ഷാകർത്താക്കൾക്ക് ടേർമിനൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

25) നിലവാരമുയർത്തുന്നതിന്, രാവിലത്തെ സമയങ്ങളിൽ കൂടുതൽ പഠനസമയം ലഭിക്കുന്നതിന് അദ്ധ്യയന സമയം രാവിലെ 8.30 മുതൽ 1.30 വരെയാക്കുക.

26) തുടർസാക്ഷരതാ പരിപാടി കാര്യക്ഷമമായി നടത്തുക.

27) പഞ്ചായത്തുതലത്തിൽ മൂല്യനിർണ്ണയ സമിതി രൂപീകരിച്ച് ഓരോ ടേമിലും സ്കൂൾ സന്ദർശിച്ച് പഠനപുരോഗതി വിലയിരുത്തുക.

28) പഞ്ചായത്തുതലത്തിൽ പൊതു പരീക്ഷ നടത്തുക.

29) മാതൃസംഗമം എല്ലാ വിദ്യാലയങ്ങളോടനുബന്ധിച്ച് സജീവമായി പ്രവർത്തിക്കാൻ വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കുക.

അനൗപചാരിക വിദ്യാഭ്യാസ പരിപാടിയിൽപ്പെടുത്തി എല്ലാ സ്കൂളുകളെയും ബന്ധപ്പെടുത്താവുന്ന കേന്ദ്രത്തിൽ ദൃശ്യ-ശ്രാവ്യ സങ്കേതത്തിന് രൂപം നൽകുക.

പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് സജീവമാക്കി വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഐകരൂപ്യം ഉണ്ടാക്കുക.

എല്ലാ യു. പി., ഹൈസ്കൂളുകളോടനുബന്ധിച്ചും പച്ചക്കറിത്തോട്ടങ്ങൾ ആരംഭിക്കുക, ഫലവൃക്ഷങ്ങളും നാണ്വവൃക്ഷങ്ങളും വച്ചുപിടിപ്പിക്കുക തുടങ്ങിയ പരിപാടികൾ നടപ്പാക്കുന്നതിന് വിദ്യാർത്ഥി കർഷക സംഘങ്ങൾ രൂപീകരിക്കുക.

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പരിശോധിക്കുമ്പോൾ ബോധ്യപ്പെടുന്ന വസ്തുത വിദ്യാഭ്യാസ രംഗത്ത് ഇന്ന് കാണപ്പെടുന്ന പിന്നോക്കാവസ്ഥയിലും ഗുണനിലവാരക്കുറവിലും പൊതുജനങ്ങൾ ആശങ്കാകുലരാണ് എന്നാണ്. ഈ ദുരവസ്ഥ പരിഹരിക്കുന്നതിന് നിരവധി പ്രവർത്തന പരിപാടികൾ മാറിമാറി പ്രാവർത്തികമാക്കാൻ ശ്രമിച്ചിട്ടും, എല്ലാംതന്നെ ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്താതെ വ്യർത്ഥവ്യായാമമായി കലാശിക്കുകയാണുണ്ടായത്. സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തന രംഗത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ച മലപ്പുറം ജില്ല ആവിഷ്ക്കരിച്ച തന്നെ വിദ്യാഭ്യാസ പരിപാടികളായിരുന്നു ' അമ്മതൻ തണ്ണിക്കുടൻ ', ' പുഞ്ചിരി പൊട്ടിച്ചിരി ' എന്നിവ. ഇത്തരം പരിപാടികൾ നമ്മുടെ വിദ്യാഭ്യാസരംഗത്ത് ചെറിയൊരു ചലനമെങ്കിലും സൃഷ്ടിക്കാൻ പര്യാപ്തമായിട്ടുണ്ട്. കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, വർഷങ്ങളായി സംസ്ഥാനത്ത് നടത്തിവരുന്ന യുറീക്ക / ശാസ്ത്രകേരളം വിജ്ഞാനോൽസവങ്ങളും, പ്രവർത്തന കേന്ദ്രിതങ്ങളായ വിദ്യാഭ്യാസ പ്രവർത്തനങ്ങളും, പുത്തൻ മൂല്യനിർണ്ണയോപാധികളും, കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന്റേയും അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സർവ്വോപരി രക്ഷിതാക്കളുടേയും പ്രശംസയും, അംഗീകാരവും ഇതിനകം തന്നെ നേടിയെടുത്തുകഴിഞ്ഞിട്ടുണ്ട് എന്ന വസ്തുത സ്മരണീയമാണ്. വിദ്യാലയങ്ങളിലെ ചുമരുകൾക്കുള്ളിൽ ബന്ധിക്കപ്പെടുന്ന ബാല്യങ്ങളുടെ, സർഗാത്മകവും, വൈകാരികവും, ബുദ്ധിപരവും, കായികവുമായ കഴിവുകൾ വിലയിരുത്തപ്പെടുമ്പോഴും, അവ കണ്ടെത്തി പ്രോൽസാഹിപ്പിക്കപ്പെടുമ്പോഴും മാത്രമേ വിദ്യാഭ്യാസപ്രക്രിയ ഫലപ്രാപ്തിയിലെത്തുകയുള്ളൂ. ഇതുതന്നെയാണ് വിജ്ഞാനോൽസവങ്ങളുടെ വിജയരഹസ്യവും. ഇതിനെ മാതൃകയാക്കിക്കൊണ്ട് അദ്ധ്യയന-അദ്ധ്യാപന രംഗങ്ങളിൽ വ്യാപകമായി വളരുന്ന മേൽപറഞ്ഞ പുത്തൻ മൂല്യനിർണ്ണയോപാധികളും വിജ്ഞാനോൽസവങ്ങളുടെ അന്തസ്സത്തയും നാം സ്വാംശീകരിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ വിദ്യാഭ്യാസ രംഗത്ത് വർഷങ്ങളായി നിലനിൽക്കുന്ന ദുരവസ്ഥക്ക് മാറ്റം വരുത്താൻ കഴിയൂ. ലോക ബാങ്കിന്റെ ധനസഹായത്തോടെ പ്രൈമറി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി, മലപ്പുറം ജില്ലയിൽ നടപ്പിലാക്കിവരുന്ന DPEP പരിപാടി, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് ഒരു പരിധി വരെയെങ്കിലും പര്യാപ്തമാകും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

5.5

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടവും സാമൂഹ്യക്ഷേമവും

സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണിത്. ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യന്റെ മറ്റൊരടിസ്ഥാന ആവശ്യമാണ് തലചായ്ക്കാനൊരിടം. 20-ാം നൂറ്റാണ്ട് വിടപറയാനിരിക്കുന്ന ഈ സന്ദർഭത്തിൽപ്പോലും കടത്തിണ്ണകളിലും മരച്ചുവട്ടിലും അന്തിയുറങ്ങുന്ന മനുഷ്യൻ സമൂഹത്തിനുതന്നെ നാണക്കേടാണ്. മറ്റു പിന്നോക്കാവസ്ഥകളെപ്പോലെത്തന്നെ ഇവിടത്തെ പാർപ്പിട പ്രശ്നം വളരെ രൂക്ഷമാണ്. ജനസംഖ്യയുടെ പകുതിയോളം ഇപ്പോഴും ദാരിദ്ര രേഖക്കു താഴെയാണ്. ആകെയുള്ള 3618 കുടുംബങ്ങളിൽ 300-ൽ അധികം കുടുംബങ്ങൾ താമസയോഗ്യമല്ലാത്ത വീടുകളിലാണ് താമസിക്കുന്നത്. അവിഭക്ത കുടുംബങ്ങളിൽ താമസിക്കുന്നവർ വേറെയുമുണ്ട്. മറ്റു പ്രദേശങ്ങളിൽ കാണപ്പെടുന്ന കോൺക്രീറ്റ് കെട്ടിട സംസ്ക്കാരം ഇവിടേക്കും പടർന്നു കൊണ്ടിരിക്കയാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം ഒരു പരിധിവരെ ഈ രംഗത്തും ദൃശ്യമാണ്. അമിതമായ കൂലിച്ചിലവും നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും സ്ഥലപരിമിതിയും ഇന്ന് താങ്ങോവുന്നതിലും അധികമാണ്. നാമമാത്ര കർഷകരും കൂലിപ്പണിക്കാരുമാണ് ഭൂരിഭാഗം വരുന്ന കുടുംബങ്ങളും. അതുകൊണ്ടുതന്നെ ഇടത്തരം വീടുകളാണ് ഭൂരിഭാഗവും. റോഡരുകിൽ ലക്ഷങ്ങൾ മുടക്കുള്ള മണിമാളികകൾ പണിയുന്നു. ഈ ആവശ്യത്തിന് റോഡരുകിലെ കൃഷിയിടങ്ങളെല്ലാം നികത്തിക്കൊണ്ടിരിക്കയാണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ 20% ത്തോളം പട്ടികജാതി വിഭാഗമാണ്. ഈ വിഭാഗത്തിനും മറ്റു ദുർബല വിഭാഗങ്ങൾക്കും സർക്കാറിന്റെ വിവിധ ഏജൻസികളുടേയും പഞ്ചായത്തിന്റേയും സാമ്പത്തിക സഹായത്തോടുകൂടി നിരവധി വീടുകൾ നിർമ്മിച്ചു കൊടുക്കാൻ സാധിച്ചിട്ടുണ്ട്. അവശേഷിക്കുന്ന കുടുംബങ്ങൾക്കുകൂടി അടുത്ത 5 വർഷം കൊണ്ട് വീടു നിർമ്മിച്ചു കൊടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ. പുതുതായി ഉണ്ടാകുന്ന കുടുംബങ്ങളുടെ ആവശ്യങ്ങൾ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. ഓട്ടുമേഞ്ഞ 3291 വീടുകളിൽ പകുതിയിലധികം വീടുകളും ദുർബല വിഭാഗങ്ങളുടേതാകയാൽ റിപ്പയറിനുള്ള സാമ്പത്തിക സഹായം അനുവദിക്കേണ്ടതുണ്ട്. വിവിധ ഏജൻസികളിൽ നിന്നുലഭിക്കുന്ന വായ്പാസംവിധാനം ഉപയോഗപ്പെടുത്താൻ ഇടത്തരക്കാർ വൈമുഖ്യം കാണിക്കുന്നുണ്ട്. സൗജന്യവീടുകളാണ് അവർ ആഗ്രഹിക്കുന്നത്. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

വിവിധ പദ്ധതികൾ അനുസരിച്ച് ഈ പഞ്ചായത്തിൽ 1995-96 വരെ 500-ഓളം വീടുകളാണ് നിർമ്മിച്ചു നൽകിയതെന്ന് കണക്കുകൾ കാണിക്കുന്നു. ഭവന നിർമ്മാണ പദ്ധതികൾക്കായി അനുവദിക്കുന്ന തുക നിർമ്മാണ വസ്തുക്കളുടെ വിലക്കും കൂലിച്ചിലവിനും ആനുപാതികമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. സർക്കാർ ഏജൻസി വഴി നിർമ്മിച്ചു നല്കുന്ന വീടുകൾക്ക് സൗജന്യ ഇൻഷൂറൻസ് നിർബന്ധമാക്കേണ്ടിയിരിക്കുന്നു.

വീടുകളെ സംബന്ധിച്ച പട്ടിക - 1

വാർഡ്	ഓടിട്ട വീടുകൾ	കോൺക്രീറ്റ് വീടുകൾ	പുല്ലുമേഞ്ഞ വീടുകൾ	ആകെ വീടുകൾ	തീരെ വീടില്ലാത്തവർ
1	390	10	15	415	120
2	233	11	10	254	123
3	300	13	05	318	104
4	393	09	16	418	154
5	388	20	10	418	141
6	336	15	07	358	120
7	271	12	04	287	132
8	350	12	21	393	138
9	380	12	05	497	145
12	235	17	06	258	107
ആകെ	3276	131	99	3618	1284

പഞ്ചായത്തിലെ 34 ഹരിജൻ കോളനികളിലായി 733 കുടുംബങ്ങളുണ്ട്. പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു.

1) പഞ്ചായത്തുതലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക. എഞ്ചിനിയറിംഗ്, വിദഗ്ദ തെഴിലാളി, സാധാരണ തെഴിലാളികൾ, അസംസ്കൃത വസ്തുക്കൾ എന്നിവയെല്ലാം ഇതുമുഖാന്തിരം ലഭ്യമാക്കുക. നിർമ്മാണ രംഗത്തെ ചൂഷണവും മൂല്യത്തകർച്ചയും ഒഴിവാക്കാൻ ഇതുപകരിക്കും.

2) സർക്കാർ വായ്പകൾക്കുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.

3) സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം വാർഡ് മെമ്പർക്ക് നൽകുക.

4) സർക്കാർ ഏജൻസികൾ മുഖാന്തിരം നൽകുന്ന ഭവന നിർമ്മാണ വായ്പകളുടേയും ഗ്രാന്റിന്റേയും രജിസ്റ്റർ പഞ്ചായത്താഫീസിൽ ലഭ്യമാക്കുക.

5) ഭൂരഹിത-ഭവനരഹിതരുടെ പ്രശ്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ തന്നെ പരിഹരിക്കേണ്ടതുണ്ട്. മിച്ചഭൂമി, പുറം പോക്ക് എന്നിവ ഇതിനായി ഉപയോഗപ്പെടുത്താം.

6) 5 വർഷം കൊണ്ട് ഇന്നുള്ള പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കലാണ് നമ്മുടെ ലക്ഷ്യം. വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ പരമാവധി പരിഹരിക്കാൻ കൂട്ടായി പ്രവർത്തിക്കാം.

സാമൂഹ്യക്ഷേമം

ദാരിദ്ര്യരേഖക്കും താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയും, തൊഴിലാളി ക്ഷേമപദ്ധതികൾ, അവശവിഭാഗ ക്ഷേമപദ്ധതികൾ എന്നിവയാണ് ഈ മേഖലയിലുള്ളത്. പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കുന്ന ക്ഷേമപദ്ധതിയും തൊഴിലാളി-തൊഴിലുടമ ക്ഷേമപദ്ധതികളും ഈ മേഖലയിൽ ലഭ്യമാണ്. ഇതിനും പുറമെ പട്ടികജാതി വികസന കോർപ്പറേഷനും, വനിതാ വികസന കോർപ്പറേഷനും, വികലാംഗ ക്ഷേമ കോർപ്പറേഷനും, പിന്നോക്ക സമുദായ വികസന കോർപ്പറേഷനും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. അറില്ലായ്മ, ബോധവൽക്കരണക്കുറവ്, അർഹതപ്പെട്ടവർക്ക് കിട്ടായ്മ, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക എന്നിവ എടുത്തുപറയേണ്ടതുണ്ട്.

തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിലെ കർഷകത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ എന്നിവരിൽ ഭൂരിഭാഗവും ഇതിന്റെ പരിധിയിൽ വരുന്നില്ല. പട്ടികജാതി വികസന കോർപ്പറേഷന്റെ ആനുകൂല്യങ്ങൾ പരിമിതമായെങ്കിലും

ലഭിക്കുന്നുണ്ടെങ്കിലും തൃപ്തികരമല്ല. ഇതുപോലെതന്നെയാണ് വനിതാ വികസന കോർപ്പറേഷന്റെയും സ്ഥിതി. ഇതിനെപ്പറ്റിയുള്ള അറിവുപോലും വനിതാ പ്രവർത്തകർക്ക് അന്യമാണ്.

സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് LES ബ്ലോക്കിന്റെ കീഴിലുള്ള VEO സർക്കിളാണ്. IRDP സർവേ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം താഴെ കൊടുക്കുന്നു.

പട്ടിക 2

സർവേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ	SC	നാളിതുവരെ സാമ്പത്തിക സഹായം ലഭിക്കുന്നവർ	SC	സഹായം ലഭിച്ചതുവഴി ഉയർന്ന കുടുംബങ്ങൾ	ആകെ
2124	524	705	303	174	2829

ദാരിദ്ര്യ രേഖയുടെ പരിധി ഇന്നുള്ള 11000 രൂപയിൽനിന്നും 25000 രൂപയെങ്കിലും ആക്കി ഉയർത്തേണ്ടിയിരിക്കുന്നു.

ദേശസാൽകൃത ബാങ്കുകൾ വഴിയുള്ള ഈ പദ്ധതിയുടെ വായ്പാ നയം ഉദാരമാക്കേണ്ടതുണ്ട്. സഹകരണ മേഖലക്ക് പരമാവധി ഫണ്ടനുവദിച്ചുകൊണ്ട് സഹകരണ മേഖലകളിലും ഗുണഭോക്താക്കളെ സഹായിക്കുവാനുള്ള പദ്ധതിക്ക് രൂപം നൽകേണ്ടതുണ്ട്. ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷം തോറും ജനകീയ സഹകരണത്തോടെ സർവേ നടത്തേണ്ടതുണ്ട്.

DWCRA സഹായം

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA.

പട്ടിക 3

നമ്പർ	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങൾ	പ്രവർത്തന ക്ഷമത
1.	റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം	1989-90	15	പ്രവർത്തനം നിലച്ചു
2.	ആടുവളർത്തൽ	1994-95	16	നന്നായി പ്രവർത്തിച്ചു
3.	പശുവളർത്തൽ	1994-95	09	പ്രവർത്തനം തൃപ്തികരമല്ല
4.	കൈകുത്തരി നിർമ്മാണം	1992-93	14	പ്രവർത്തനം നിലച്ചു
5.	ആടുവളർത്തൽ പായ നെയ്ത്ത്	1993-94	06	പ്രവർത്തനം നിലച്ചു

താൽപര്യമുള്ളവരെ കണ്ടെത്തി അനുയോജ്യമായ സംരംഭങ്ങൾ തുടങ്ങുവാൻ ശ്രദ്ധിക്കുകയും ഉൽപന്നങ്ങൾക്ക് വിപണന സൗകര്യം കണ്ടെത്തുകയും വേണം. ഉദാഹരണമായി ICDS ന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗനവാടികളിലെ കുട്ടികൾക്ക് നൽകുന്ന ഉടുപ്പുകളുടെ നിർമ്മാണം ഇത്തരം തയ്യൽ യൂനിറ്റുകളെ ഏൽപിക്കാവുന്നതാണ്.

പദ്ധതി

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പരിപാടിയാണ് പദ്ധതി.

പരിശീലന ലഭ്യതാ പട്ടിക – 4

നമ്പർ	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽകണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അശേഷിക്കുന്നവർ
1.	വയറിങ്ങ്	04	04	.....	.....
2.	തയ്യൽ	11	10	.....	01
3.	ഗൃഹോപകരണ റിപ്പയറിങ്ങ്	01	.....	.....	01
4.	പ്രിന്റിങ്ങ് & കമ്പോസിങ്ങ്	05	05	.....	കൂലിപ്പണി
5.	ഇലക്ട്രോണിക്സ്	02	02	.....	വിദേശത്ത് പോയി
6.	വെൽഡിങ്ങ്	01	01	.....	വിദേശത്ത് പോയി
7.	റെക്സിൻ ബാഗ് നിർമ്മാണം	02	.....	01	01
8.	ഡ്രൈവിംങ്ങ്	01	.....	01	.....
9.	ഇഷ്ടിക നിർമ്മാണം	01	.....	01	.....
10.	പ്ലാസ്റ്റിക്ക് കെയിൻ വർക്ക്	03	.....	.....	03
11.	നൂൽനൂൽപ്പ്	02	02	.....	കൂലിപ്പണി
12.	ആശാരിപ്പണി	01	01	.....	.....
	ആകെ	34	25	03	06

ടൂൾ കിറ്റ്

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾ കിറ്റ്. വി. ഇ. ഒ. സർക്കിൾ മുഖാന്തിരവും കൃഷി ഭവൻ മുഖാന്തിരവും ഇത് കൊടുക്കുന്നുണ്ടെങ്കിലും അർഹതപ്പെട്ട വർക്ക് കിട്ടുന്നില്ലായെന്ന പരാതി നിലനിൽക്കുന്നു. വ്യക്ത മായ കണക്കുകൾ ലഭ്യമല്ല.

കക്കൂസ്

ദുർബല വിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പല പദ്ധതികളും നിലവിലുണ്ട്. ചെലവാക്കിയ തുകയും പണിത കക്കൂസുകളുടെ എണ്ണവും ലഭ്യമല്ലായെങ്കിലും 1400 കക്കൂസുകളെങ്കിലും നിർമ്മിക്കേണ്ടതുണ്ട്. നിർമ്മാണച്ചെലവുമായി ബന്ധ പ്പെടുത്തി സഹായധനം അനുവദിക്കേണ്ടിയിരിക്കുന്നു. സിമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ് പല പെർഷനുകളും വിവാഹധനസഹായങ്ങളും നൽകുന്നുണ്ട്. അർഹമായവർക്ക് മുഴുവൻ ലഭിക്കുന്നില്ലായെന്നതിലുപരി അനർഹരായ പലരും ഇത് കൈപ്പറ്റുന്നത് ഇതിന്റെ ഒരു വൈകല്യമാണ്. ജനകീയ കമ്മിറ്റികളുണ്ടാക്കിയുള്ള സർവേയും സ്ക്രൂട്ടിനിയും ഇത് പരിഹരിക്കാനുതകും. നിത്യവൃത്തിക്കുപോലും ബുദ്ധിമുട്ടുന്ന ഇത്തരക്കാർക്ക് ലഭിക്കേണ്ടുന്ന സഹായപദ്ധതികളുടെ കാലതാമസവും അക്ഷന്തവ്യമാണ്.

പ്രായപൂർത്തിയായ ആൺകുട്ടികളുള്ളവർക്ക് വിധവാ പെൻഷന് ഇന്നത്തെ നിലയിൽ അർഹതയില്ല. സംരക്ഷണം ലഭിക്കാത്ത എല്ലാ വിധവകൾക്കും ഇതിന്റെ ആനുകൂല്യം ലഭ്യമാക്കാൻ വേണ്ട മാറ്റം വരുത്തണം. വികലാംഗ പെൻഷൻ ലഭിക്കാൻ വേണ്ട സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം പ്രാദേശിക മെഡിക്കൽ ആപ്പീൽസർമാർക്ക് നൽകണം. കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നവരിൽ നല്ലൊരു ശതമാനം കാർഷിക തൊഴലുമായി ബന്ധപ്പെവർതന്നെയല്ല. അനർഹരെ കണ്ടെത്തി ഒഴിവാക്കുക തന്നെ വേണം. മുഴുവൻ പെൻഷൻ അപേക്ഷകളും സ്വീകരിക്കുവാനും തീർപ്പ് കൽപ്പിക്കു വാനുമുള്ള അധികാരം പഞ്ചായത്തിന് നൽകണം.

അതുപോലെതന്നെ തൊഴിലില്ലായ്മാ വേതനം അനർഹരുടെ എണ്ണവും വളരെ കൂടുതാണ്. രേഖാമൂല വേതനം കൈപ്പുന്നവരൊഴികെയുള്ള അഭ്യസ്തവിദ്യരെല്ലാം തന്നെ തൊഴിലില്ലായ്മാ വേതനം കൈപ്പുന്നുണ്ട്. ക്ഷേമപെൻഷൻ പദ്ധതിയിൽ അനർഹമായി വിതരണം ചെയ്യപ്പെടുന്ന സമ്പത്ത് കണ്ടുപിടിച്ച് പ്രത്യുൽപാദന മേഖലയിലേക്ക് തിരിച്ചുവിടുന്നത് നന്നായിരിക്കും.

അംഗൻവാടികൾ

സ്ത്രീകളുടേയും കുട്ടികളുടേയും ലക്ഷ്യമാക്കി 87ൽ ആരംഭിച്ച പദ്ധതിയാണ് സമഗ്ര ശിശുക്ഷേമ പദ്ധതി അഥവാ ICDS. ശിശുക്ഷേമ പ്രവർത്തനങ്ങളിൽ ലോകത്തിൽ വെച്ചുതന്നെ ഏറ്റവും മഹത്തും ബൃഹത്തും ആയ ഒരു പദ്ധതിയാണിത്. അംഗവാടികൾ കേന്ദ്രീകരിച്ചാണിതിന്റെ പ്രവർത്തനം നടക്കുന്നത്. അന്താരാഷ്ട്ര ഏജൻസികളായ UNICEF, WFP, ലോകബാങ്ക് എന്നിവയുടെ സഹായ ത്തോടെയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്.

പൂരക പോഷകാഹാര വിതരണം, പ്രതിരോധ കുത്തിവെപ്പുകൾ, ആരോഗ്യ സേവനം, പ്രീ പ്രൈമറി വിദ്യാ ഭ്യാസം, ആരോഗ്യ വിദ്യാഭ്യാസം, പരുശോധന എന്നീ സേവന പ്രവർത്തനങ്ങളാണ് അംഗൻവാടികൾ മുഖ്യമായും നർവ്വഹിക്കുന്നത്. ആയിരം ജനസംഘ്യക്ക് ഒരു അംഗൻവാടി എന്ന തോതിലാണ് പ്രവർത്തിക്കുന്നത്. ജാല്ലയിലെ 14 ബ്ലോക്കുകളിലും ഈ പദ്ധതി നിലവിലുണ്ട്. വണ്ടൂർ ബ്ലോക്ക് പ്രദേശത്തിലെ 9 പഞ്ചയാത്തുകളിലായി 251 അംഗൻ വാടികൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ പോരൂർ ഗ്രാമ പഞ്ചായത്തിൽ 22 എണ്ണം പ്രവർത്തിക്കുന്നു.

അംഗൻവാടികളുടെ വിവരം സംബന്ധിച്ചുള്ള പട്ടിക നോക്കുക.

പട്ടിക-5

അംഗൻവാടികളുടെ വിവരം

ക്ര നമ്പർ	വാർഡ്	പേര്	കുട്ടികളുടെ എണ്ണം	കെട്ടിടം ഉള്ളത്	നടന്നുകൊണ്ടിരിക്കുന്നത്	സ്ഥലം കിട്ടാത്തത്	കുടിവെള്ള സൗകര്യമുള്ളത്	കക്കൂസുള്ളത്
1	I	പൂശ്രക്കോവ്	43	✓				✓
2	I	കാരക്കോട് കോളനി	23	✓				
3	II	തൊടികപുലം കോളനി	36	✓				
4	II	തൊടികപുലം വള്ളികുന്ന്	37	✓				
5	III	നിരവിൽകുന്ന്	56		✓			
6	IV	വീതനശ്ശേരി	50		✓			
7	IV	എരഞ്ഞിക്കുന്ന്	30			✓		
8	IV	മേലണ്ണം	14			✓		
9	IV	പട്ടണംകുണ്ട്	38			✓		
10	V	എരമംഗലം	30		✓			
11	V	ഒടുങ്ങാട് കോളനി	61		✓			
12	V	തിരുനെല്ലി	18		✓			
13	V	പുളിയക്കോട്	39	✓				✓
14	VI	പാലക്കോട്	35	✓				✓
15	VI	ആലിക്കോട്	24		✓	✓		
16	VII	മലക്കൽകുന്ന്	32	✓				
17	VII	കോട്ടക്കുന്ന്	35	✓				
18	VIII	താലപൊലിപറമ്പ്	70	✓				
19	IX	പോരൂർ	69		✓		✓	✓
20	IX	ചുണ്ടേംപറ്റ	45			✓		
21	X	അയനിക്കോട്	55					
		ആകെ		09	07	05	01	

കുട്ടികളുടെ മാനസികോല്ലാസത്തിനും ആരോഗ്യത്തിനും അത്യാവശ്യമായ വിനോദോപാധികൾ ഒന്നും തന്നെ അംഗൻവാടികളിലില്ല. അംഗൻവാടികൾക്ക് താങ്ങും തണലുമായി പ്രവർത്തിക്കേണ്ടുന്ന മഹിളാ സമാജങ്ങളുടെ പ്രവർത്തനം ഇന്നൊട്ടും തൃപ്തികരമല്ല. പഴയ നാല് CWT അംഗൻവാടികൾ മാത്രമേ പ്രവർത്തന നിരതമായിട്ടുള്ളൂ. സർക്കാർ അനുവദിക്കുന്ന 20000-30000 ക. കൊണ്ട് നിർദ്ദേശിക്കപ്പെ രീതിയിൽ അംഗൻവാടി കെട്ടിടങ്ങൾ പൂർത്തീകരിക്കാ സാധിക്കുകയില്ല. പൊതുജന പങ്കാളിത്തം ലഭിച്ചാൽപോലും കെട്ടിടം പണി പൂർത്തിയാക്കുവാൻ പ്രയാസപ്പെടികയാണ്. പൊതുജന പങ്കാളിത്തത്തോടെ പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് കെട്ടിടം പണിക്ക് സഹായം നൽകി പൂർത്തീകരിക്കുവാൻ പ്രതിജ്ഞാബദ്ധമാണ്.

വരും തലമുറയെ മുളയിലേ കരുപ്പിടിപ്പിക്കേണ്ടുന്ന അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും തീരെ മോശമാണ്. വർക്കർ, ഹെൽപർ എന്നീ രണ്ട് തസ്തികകളാണ് അംഗൻവാടിയിലുള്ളത്. രാവിലെ ഒൻപതു മുതൽ അഞ്ച് വരെ പ്രവർത്തിക്കേണ്ടുന്ന ഇവർക്ക് വളരെ തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. ഈ അവസ്ഥക്ക് സാരമായ മാറ്റം വരേണ്ടിയിരിക്കുന്നു. പൊതുപ്രവർത്തനത്തിൽ വർക്കമാരേയും ഹെൽപർമാരേയും സജീവമായി പങ്കെടുപ്പിക്കണം.

നിർദ്ദേശങ്ങൾ

1) എല്ലാവിധ സാമൂഹ്യക്ഷേമ പെൻഷനുകളും വർദ്ധിപ്പിച്ച് കൃത്യമായി വിതരണം ചെയ്യണം.

2) പുനഃരധിവാസ പ്രവർത്തനങ്ങളിൽ വിധവകൾക്ക് മുൻഗണന നൽകിക.

3) അംഗൻവാടി കെട്ടിട നിർമ്മാണ ഫണ്ട് കാലോചിതമായി പരിഷ്കരിക്കുക.

4) ആവശ്യത്തിന് കളിക്കോപ്പുകളും പാർക്കും ഗ്രൗണ്ടും അനുവദിക്കുക.

5) അംഗൻവാടികൾക്ക് മുട്ടയും പാലും ലഭ്യമാക്കുക.

5) കൂറ്റങ്ങോട് കോളനി, തത്തംപറമ്പ്, ചുണ്ടങ്ങാചോല, ചുള്ളി, കരുപാമ്പ്, അരിമ്പ, പരപറ്റക്കുന്ന് കോളനി, ഉരുളംചേരി കോളനി എന്നിവിടങ്ങളിൽ പുതിയ അംഗൻവാടികൾ സ്ഥാപിക്കുക.

7) അവശവിഭാഗത്തിലുള്ള എല്ലാ പെൺകുട്ടികൾക്കും വിദ്യാഭ്യാസ സഹായം നൽകുക.

8) അംഗൻവാടികൾക്ക് എൻഷൂറൻസ് സമ്പ്രദായം നടപ്പിലാക്കുക.

9) എരഞ്ഞിക്കുന്ന് അംഗൻവാടിക്ക് പുറംപോക്ക് സ്ഥലം നിന്നും 5 സെന്റ് ലഭ്യമാക്കുക.

10) അയനിക്കോട് അംഗൻവാടിക്ക് ലക്ഷംവീട് കോളനിയിൽ 4 സെന്റ് സ്ഥലം ലഭ്യമാക്കുക.

11) മെറ്റേർണിറ്റി ധനസഹായം 300ക. യിൽനിന്ന് 1000 യായി വർദ്ധിപ്പിക്കുക.

12) അംഗൻവാടി വർക്കർമാരേയും, ഹെൽപർമാരേയും ഗ്രാ പഞ്ചായത്ത് തെരഞ്ഞെടുക്കുക.

13) സമ്പൂർണ്ണ മദ്യനാരോധനം ഏർപ്പെടുത്തുക.

പൊതുവിതരണ സമ്പ്രദായം

ഈ രംഗത്ത് പഞ്ചായത്തിൽ ആകെ 7 പൊതു വിതരണ ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. മാവേലി സ്റ്റോറുകളൊന്നും തന്നെയില്ല. ഉൽസവക്കാലത്ത് സപ്ലൈ സർവ്വീസ് സഹകരണ ബാങ്ക്, കാർഷിക വിപണന സംസ്കരണ സംഘം എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്താറുള്ള ഓണച്ചന്തകൾ അവശ്യ പലവ്യഞ്ജനങ്ങളുടേയും പച്ചക്കറികളുടേയും മറ്റും വില പിടിച്ചുനിർത്തുവാൻ വളരേയധികം സഹായകമായി വർത്തിക്കുന്നു. ഒരു ഉപഭോക്തൃ സഹകരണ സംഘം അടിയന്തിരമായി രൂപീകരിക്കേണ്ടതുണ്ട്.

പൊതു വിതരണ കേന്ദ്രങ്ങളേക്കുറിച്ച് എന്നും ഉപഭോക്താക്കൾക്ക് പരാതിയാണുള്ളത്. റേഷൻ ഷാപ്പുകളുടെ നടത്തിപ്പ് സഹകരണ സംഘത്തെ ഏൽപ്പിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തിൽ സ്വീകരിച്ച് അന്വേഷണം നടത്തി സാക്ഷ്യപ്പെടുത്തിയാൽ സപ്ലൈ വകുപ്പിന് സ്വീകാര്യമായിരിക്കണം. ചാത്തങ്ങോട്ടുപുറം, രവിമംഗലത്തും ഓരോ റേഷൻ ഷാപ്പുകൾ അനുവദിക്കണം.

ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കാനും ജനങ്ങളെ ബോധവൽക്കരിക്കുവാനും പഞ്ചായത്തിൽ ഒരുഉപഭോക്തൃ സംരക്ഷണസമിതി രൂപീകരിക്കണം.

പട്ടിക 6

റേഷൻഷാപ്പിന്റെ നമ്പർ	വർഷം	റേഷൻഷാപ്പിന്റെ പേര്	കാർഡുടമകളുടെ എണ്ണം		ആകെ
			വൈദ്യുതി ലഭിക്കാത്തത്	വൈദ്യുതി ലഭിച്ചത്	
ARD 152	1995-96	മേലണ്ണം	441	183	624
ARD 150	1995-96	അയനിക്കോട്	292	126	418
ARD 473	1995-96	വീതലശ്ശേതി	150	26	176
ARD 294	1995-96	ചെറുകോട്	582	262	842
ARD	1995-96	പാലക്കോട്	300	92	392
ARD 151	1995-96	കോട്ടക്കുന്ന്	----	-----	---
ARD	1995-96	പോരൂർ	------	-----	----

5.6

കുടിവെള്ളവും പൊതുജനാരോഗ്യവും

രോഗമില്ലാത്ത അവസ്ഥക്ക് ആരോഗ്യമെന്ന് പൊതുവെ പറയപ്പെടുന്നു എങ്കിലും ഒരു വ്യക്തിയുടെ മാനസികവും ശാരീരികവും സാമ്പത്തികവും സാമൂഹികവുമായ സുസ്ഥിതി എന്നാണ് ലോകരോഗ്യസംഘടന ആരോഗ്യത്തിന് നിർവ്വചനം നൽകിയിരിക്കുന്നത്. ഈ സുസ്ഥിതി ഉറപ്പുവരുത്തുവാൻവേണ്ടി നടത്തിയിട്ടുള്ളതും നടത്തുവാനുള്ളതുമായ പ്രവർത്തനങ്ങളുടെ ആകെത്തുകയാണ് നമ്മുടെ ആരോഗ്യപ്രവർത്തനം. ആരോഗ്യപ്രദമായ ഒരു സമൂഹസൃഷ്ടിക്കുള്ള അടിത്തറയിടുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ സുപ്രധാനമായ ഒരു കടമയായി മാറിയിരിക്കുന്നു.

<u>കുടിവെള്ളം</u>

ശുദ്ധമായ കുടിവെള്ളം, ശുചിത്വവും സൗകര്യവുമുള്ള പാർപ്പിടം, സുരക്ഷിതമായ കക്കൂസുകൾ, ശുദ്ധമായ വായു, രോഗപ്രതിരോധപ്രവർത്തനം, ചികിത്സാ സൗകര്യങ്ങൾ എന്നിവ ആരോഗ്യ കാര്യങ്ങളിലെ മൗലിക ഘടകങ്ങളാണ്.

കുടിവെള്ളത്തിനായി പഞ്ചായത്തിലെ മുഴുവൻ ആളുകളും കിണറുകളേയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ മൊത്തം 2349 കിണറുകൾ ഉള്ളതിൽ ആരോഗ്യകാരണങ്ങളാൽ സുരക്ഷിതം എന്ന് പറയാവുന്നത് നാമമാത്രമാണ്. 1037 കുടുംബങ്ങൾ കിണർ സൗകര്യം പോലും ഇല്ലാത്തവരാണ്. ഉള്ള കിണറുകളിൽ തന്നെ പലതിലും 4 മാസം മുതൽ 6 മാസം വരെ ജലക്ഷാമം അനുഭവപ്പെടുന്നു. 16 കുഴൽ കിണറുകളാണ് ഈ പഞ്ചായത്തിൽ ആകെ ഉള്ളത്. ഇതിൽ 6 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. കുഴൽ കിണറുകളെ ആശ്രയിച്ച് നടപ്പാക്കിയിരുന്ന ജലവിതരണ ശൃംഗലയാകെ തളർന്നിരിക്കയാണ്. ഈ സാഹചര്യത്തിൽ ജനതയുടെ മുഴുവൻ ആവശ്യവും നിറവേറ്റാൻ കഴിയുന്ന പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ 50% വും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ്. പഞ്ചായത്തിന്റെ ഏതെങ്കിലും പ്രത്യേക ഭാഗങ്ങൾ മാത്രമായി വളർച്ചാബാധിത പ്രദേശമായി തരം തിരിക്കാൻ കഴിയില്ല. കുന്നും മലകളും നിറഞ്ഞ പ്രദേശമായതിനാൽ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഭാഗികമായി ജലക്ഷാമം അനുഭവപ്പെടുന്നു. പഞ്ചായത്തിലെ ഒറ്റ വീട്ടിലേക്കും പൈപ്പ് ലൈൻ മുഖേന ജലവിതരണം നടക്കുന്നില്ല.

വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ മച്ചിയാട്, രവിമംഗലം എന്നീ രണ്ട് ശുദ്ധജല വിതരണ പദ്ധതികൾ നിലവിൽ ഉണ്ടെങ്കിലും ജല ദൗർബല്യം കാരണം രണ്ട് പദ്ധതികളും തീർത്തും മുടങ്ങിയിരിക്കയാണ്.

1995 – 96 വർഷത്തിൽ മാത്രം 1794 ജല ജന്യ രോഗങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. പരമാവധി 200 മീറ്ററിനുള്ളിൽ കുടിവെള്ളം ലഭ്യമായിരിക്കണമെന്ന മാനദണ്ഡം

ഉണ്ടായിരിക്കത്തന്നെ 500 മുതൽ 800 മീറ്റർ വരെ നടന്ന് കുടിവെള്ളം ശേഖരിക്കുന്ന കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇത് പലപ്പോഴും അഴുക്കു വെള്ളവും ആയിരിക്കും. ഇതിന് ഏക പോംവഴി പൈപ്പ് ലൈൻ മുഖേന ശുദ്ധജലം ലഭ്യമാക്കലാണ്.

പട്ടിക - 1

ശുദ്ധജല സ്രോതസ്സുകൾ

പൊതു കിണർ		സ്വകാര്യ കിണർ		കുഴൽ കിണർ		ആകെ
ജലമുള്ളത്	ഭാഗികമായി ജലമുള്ളത്	ജലമുള്ളത്	ഭാഗികമായി ജലമുള്ളത്	ജലമുള്ളത്	ഉപയോഗശൂന്യം	കിണറുകൾ
15	22	1703	603	06	10	2349

പട്ടിക - 2

കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

വാർഡ്	പ്രശ്ന മേഖല	പരിഹാര നിർദ്ദേശങ്ങൾ
I	കാരക്കാട് കോളനി ഘടഡഡ സബ്സെന്റർ, സ്കൂൾ പരിസരം, മുളിപറമ്പ്, കാലിപ്പമ്പ, ചേലക്കാട് കോളനി, നെല്ലിക്കുന്ന്, പൂളക്കുന്ന്, അംഗപൊയിൽ, നായപ്പല്ലി, വലിയപറമ്പ്, കുട്ടിപ്പാറ, നെല്ലിയാട്ട്കുന്ന്, പാറക്കുണ്ട്, പാണംകുന്ന്, നിരന്ന പറമ്പ്	കരുവാറ്റക്കുന്ന്, കാഞ്ഞിരംകുണ്ട് ഭാഗത്ത് കിണറ് കുഴിച്ച് പ്രശ്ന മേഖലകളിലേക്ക് ജലവിതരണം നടത്തുക. ഒന്നാം വാർഡ് വണ്ടൂർ പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്നതിനാൽ വണ്ടൂരിൽ നിന്ന് പൈപ്പ് ലൈൻ ദീർഘിപ്പിച്ച് കാരക്കാട്, കുട്ടിപ്പാറ, മുളിപറമ്പ്, കാലിപ്പറമ്പ്, പൂളക്കുന്ന്, നായപ്പല്ലി, നെല്ലിയാട്ട്കുന്ന് എന്നീ സ്ഥലങ്ങളിലേക്ക് ജലവിതരണം നടത്തുക.
II	കരുവാറ്റക്കുന്ന് താളിയംകുണ്ട്, തൊടികപുലം, പുല്ലാനിതൊടി, പൂവത്തിക്കുന്ന്, നെയ്യത്തും കുന്ന്, ആശാരി കോളനി	പൂവ്വത്തിക്കുന്നിൽ ഒരു പൊതു കിണർ, കരിവാറ്റക്കുന്നിൽ കിണർ കുഴിച്ച് ജലവിതരണ് നടത്തുക.
III	നിരവിൽകുന്ന്, തുള്ളിശ്ശേരി, വലിയപറമ്പ്, പൊടിയാട്ടുകുന്ന്, കൂറ്റങ്ങോട്, അയനിക്കോട അങ്ങാടി, സ്കൂൾ കുന്ന്, ചേലക്കുന്ന്.	അയനിക്കോട് അങ്ങാടിയിൽ കുഴൽക്കിണർ കുഴിച്ച് ടാങ്ക് കെട്ടി ജലവിതരണം നടത്തുക. കാക്കാത്തോട്ടിൽ കൂമംകുണ്ട് ഭാഗത്ത് കിണർ കുഴിച്ച് ടാങ്ക് കെട്ടി ജലവിതരണം നടത്തുക. കൂറ്റങ്ങോട് കിണർ കുഴിച്ച് ടാങ്ക് കെട്ടി ജലവിതരണം നടത്തുക.
IV	എരഞ്ഞിക്കുന്ന് നിരന്നപറമ്പ്, പട്ടണംകുണ്ട്, കരുവട്ടൻചോല, വീതലശ്ശേരി, കുറുക്കൻ കുന്ന്.	കാക്കാത്തോട്ടിൽ ചേലക്കൽ ഭാഗത്ത് കിണർ കുഴിച്ച് ടാങ്ക് കെട്ടി ജലവിതരണം നടത്തുക.
V	ഒടുങ്ങോട് കോളനി, രവിമംഗലം, തത്തംപറമ്പ്, നടുവിൽ കോളനി, തോട്ടുപുറം, പറയൻ കോളനി, ഹരിജൻ കോളനി, പുളിയക്കോട്,	7-ാം വാർഡിലെ കുണ്ടുമുണ്ട പാടത്ത് കിണർ കുഴിച്ച് ജലവിതരണം നടത്തുക. പൊട്ടാടി കുളത്തിൽ കിണർ കുഴിച്ച് ഇപ്പോഴത്തെ ടാങ്ക് മാറ്റി കൂടുതൽ കപ്പാസിറ്റിയുള്ള

	വെള്ളാരംകുന്ന്, ചുണ്ടങ്ങാച്ചോല, ചുള്ളിയിൽ പനങ്ങാട്ടുചാള.	ടാങ്ക് നിർമ്മിച്ച് നിലവിലുള്ള പൈപ്പ്ലൈൻ വ ജലവിതരണം നടത്തുക. മലങ്കുളം പദ്ധതി നടപ്പാക്കു ചുള്ളിയിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി ജലവിതരണ നടത്തുക. വണ്ടൂരിൽ നിന്നും എക്സ്റ്റൻഷൻ നടത്തു
VI	പാലക്കോട് പാറമ്മൽ ചുള്ളിയിൽ, മുളയത്ത്, ചാഴിയാട്	പാറമ്മൽ ഭാഗത്ത് കുഴൽക്കിണർ സ്ഥാപിക്കുക. ചാഴിയാ കുളത്തിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി ജലവിതരണ നടത്തുക. ചുള്ളിയിൽ ഭാഗത്ത് കിണർ കുഴിച്ച് ടാ കെട്ടി ജലവിതരണം നടത്തുക
VII	മച്ചിയാട് നാല് സെന്റ് കോളനി, മലക്കൽ, കോട്ടക്കുന്ന്, പുളിയക്കോട്, ചാലിപ്പാറ, വലിയപറമ്പ്, ആശാരിപറമ്പ്	കുണ്ടുമുണ്ട പാടത്ത് കിണർ പൈപ്പാ ലൈൻ വ ജലവിതരണം നടത്തുക. മച്ചിയാട് സ്കീ പുനരുജ്ജീവിപ്പിക്കുക. ഞാറക്കുളത്തിന് സമീപം കിണ പൈപ്പാ ലൈൻ വഴി ജലവിതരണം നടത്തുക.
VIII	മുതീരി, ചാത്തങ്ങോട്ടുപുറം, താലപൊലിപറമ്പ്, അമ്പലവട്ടം, പോത്ത്വെട്ടി, കിഴക്കേക്കര, മുണ്ടത്തോട്, ഉരുളഞ്ചേരി നാല് സെന്റ് കോളനി	മുതിരി പാടത്ത് കിണർ കുഴിച്ച് പമ്പിംഗ് നടത്തി ജല തരണം നടത്തുക. കാക്കാത്തോട്ടിൽ പൂവ്വത്തിക്കുണ്ടിൽ കിണർ കുഴിച്ച് ജലവിതരണം നടത്തുക
IX	കക്കോട്ടിരി, കോളനി, കാളംമ്പാറക്കുന്ന്, ചുണ്ടിയംപറ്റ കോളനി, വാരിയത്ത് കോളനി, മീമ്പാട്ടുചോല	മിനി വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുക. ഞാക്കുള സമീപം കിണർ കുഴിച്ച് പമ്പിംഗ് നടത്തുക. താഴ് കുണ്ടിൽ കാക്കാത്തോട്ടിൽ കിണർ കുഴച്ച് ടാങ്ക് കെ ജലവിതരണം ചെയ്യുക.
X	ചെറുകോട്, അയനിക്കോട്, വീതനശ്ശേരി, പരപ്പറ്റക്കുന്ന് കോളനി, ആശാരിപ്പടി, മാഞ്ചേരി കോളനി	പഴയ പാലത്തിങ്കൽ കിണർ കുഴിച്ച് ടാങ്ക് പ്രശ്നപ്രദേശങ്ങളിലെക്ക് ജലവിതരണം ചെയ്യുക

മറ്റു നിർദ്ദേശങ്ങൾ

ഈ പഞ്ചായത്ത് പ്രദേശം പൊതുവെ കുന്നിൻ പുറങ്ങളും പാറക്കെട്ടുകളും നിറഞ്ഞതാണ്. കുത്തനെയുള്ള ഭൂപ്രകൃതി ആയതിനാൽ മഴവെള്ളം പെട്ടന്ന് വാർന്നു പോകുന്നു. പഞ്ചായത്തിന്റെ അതിർത്തിയിലൂടെ കടന്നുപോകുന്ന കാക്കാത്തോട് ഒഴികെ മറ്റു തോടുകളോ പുഴകളോ ഈ പ്രദേശത്തില്ല. ഒഴുകിപ്പോകുന്ന മഴവെള്ളം കഴിയുന്നത്ര സംഘരിച്ച് കിണറുകളുടെ സ്രോതസ്സ് ശക്തിപ്പെടുത്തുകയാണ് ആവശ്യം. ഇതിനുവേണ്ടി കഴിയുന്നത്ര സ്ഥലങ്ങളിൽ നീർകുഴികളും വരമ്പുകളും നിർമ്മിക്കുക. പൊട്ടക്കിണറുകൾ സംഘരണികളായി ഉപയോഗപ്പെടുത്താവുന്നതാണ്.

പതിച്ചുകൊടുക്കാൻ യോഗ്യമല്ലാത്ത മിച്ചഭൂമി വനവൽക്കരണം നടപ്പിലാക്കണം. ഉദ: രവിമംഗലം കല്ലുമല. കാക്കാത്തോട്ടിൽ കഴിയുന്നത്ര തടയണ നിർമ്മിക്കണം.

പൊതു കിണർ, വിതരണ ടാപ്പുകൾ എന്നിവ കേന്ദ്രീകരിച്ച് ജലസംരക്ഷണ സമിതികൾ രൂപീകരിക്കുക ജലവിനിയോഗത്തിൽ ബോധവർക്കരണം നടത്തുക ചെയ്യുക. ഇതു വഴി ജലദുർവിനിയോഗവും നാശനഷ്ട ഒഴിവാക്കാവുന്നതുമാണ്.

ആരോഗ്യം

1972 വരെ പഞ്ചായത്തിലെ ആരോഗ്യ സേവനരംഗം ഏതാനും പാരമ്പര്യ വൈദ്യ കുടുംബങ്ങളെ മാത്രം ആശ്രയിച്ചിരുന്നത്. ആനക്കയവൻ മമ്മത്, ഉണ്ണിക്കുട്ടി വൈദ്യർ, അയ്യപ്പൻ വൈദ്യർ, നൊട്ടൻ വൈദ്യർ, കാഞ്ഞിരത്ത് നമ്പൂതിരി എന്നിവരെ ഇത്തരത്തിൽ സ്മരിക്കേണ്ടതുണ്ട്. ചെറുകോടൻ ആസ്ഥാനമായി പ്രാഥമികാരോഗ്യ കേന്ദ്രം (G.R.D) സ്ഥാപിക്കുന്നത് വരെ അലോപ്പതി ചികിത്സക്ക് വണ്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെയും മഞ്ചേരി ജില്ലാ ആശുപത്രിയേയുമാണ് ജനങ്ങൾ ആശ്രയിച്ചിരുന്നത്. അതിന് മുമ്പ്തന്നെ സംസ്ഥാനത്തിന്റെ ഇതരഭാഗങ്ങളോടൊപ്പം ഈ പ്രദേശത്തും ദേശീയ പരിപാടികളായ മലമ്പനി നിർമ്മാർജനം (NMEP) വസൂരി നിർമ്മാർജനം എന്നിവ നടന്നിരുന്നു. 1964ൽ ആണ് എല്ലാ ആരോഗ്യ സേവന പ്രതിരോധം, നിർമ്മാർജനം, ചികിത്സ, ആസൂത്രണം) രംഗങ്ങളേയും സംയോജിപ്പിച്ചു കൊണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ആരോഗ്യപ്രവർത്തനം തുടങ്ങിയത്. 1964 ആയപ്പോഴേക്കും മലമ്പനിയും 1967 ആയപ്പോഴേക്കും വസൂരിയും നിർമ്മാർജനം ചെയ്യാൻ നമുക്ക് കഴിഞ്ഞു. മറ്റു മാരക രോഗങ്ങളായ ക്ഷയം, കുഷ്ഠം, കോളറ എന്നിവയും ഒരു പരിധിവരെ നിയന്ത്രിക്കുവാൻ നമുക്ക് കഴിഞ്ഞു. ഇതേ കാലയളവിൽ തന്നെ പോഷകാഹാരക്കുറവ് മൂലമുള്ള രോഗങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി അമ്മമാർക്കും കുട്ടികൾക്കും പ്രതിരോധ ചികിത്സ ലഭിക്കുന്നതിന് മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ പരിമിതമായെങ്കിലും ആരംഭിക്കുവാനും കഴിഞ്ഞു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ മഹിളാസമാജങ്ങൾ, ബാലവാടികൾ എന്നിവയിലൂടെ പോഷകാഹാര വിതരണം മുതലായ സമാന്തര പ്രവർത്തനങ്ങളും നിലവിൽ വന്നു. ഇന്ത്യാ പോപ്പുലേഷൻ പ്രോജക്ടിന്റെ ആരംഭത്തോടെ ഓരോ 5000 ജനങ്ങൾക്കും ഒരു കുടുംബക്ഷേമ കേന്ദ്രവും മറ്റു സൗകര്യങ്ങളും നിലവിൽ വരികയുണ്ടായി. ഇതിന്റെയൊക്കെ പ്രവർത്തവ ഫലമായി ആരോഗ്യ രംഗത്ത് 2000 – മാണ്ടോടെ എല്ലാവർക്കും ആരോഗ്യമെന്ന ലക്ഷ്യത്തിലേക്ക് നീങ്ങാൻ തയ്യാറെടുത്തു കൊണ്ടിരിക്കുകയാണ്. ഏതാണ്ട് എല്ലാ പകർച്ചവ്യാധികളും ഒരു പരിധി വരെ നമുക്ക് നിയന്ത്രിക്കുവാൻ കഴിഞ്ഞിരിക്കുന്നു. മാരകമായ ആറു പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ കുത്തിവെപ്പുകൾ സാർവ്വത്രികമായി ഇന്ന് ലഭ്യമാണ്. ഈ പഞ്ചായത്തിൽ 5 സബ്സെന്ററുകളടക്കം ആറു സ്ഥലത്ത് ഈ സേവനം സൗജന്യമായി ലഭിക്കുന്നുണ്ട്. പിള്ളവാത നിർമ്മാർജ്ജന രംഗത്ത് സന്നദ്ധ സംഘടനകളുടേയും അംഗൻ വാടികളുടേയും സി. ബി. എൻ. പി. യുടേയും സഹകരണത്തോടെ നടത്തിയ പ്രവർത്തനം വിജയത്തിലെത്തി നിൽക്കുകയാണ്. ഈ വർഷം ഒറ്റ പോളിയോ രോഗം പോലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. രണ്ടാം ഘട്ട പ്രവർത്തനം ഡിസംബർ 7, ജനുവരി 18 തീയ്യതികളിൽ നടത്തപ്പെടുകയാണ്. ഇതിനുള്ള പ്രാരംഭ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

സാംക്രമിക രോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യുക, മരണ നിരക്കും ജനന നിരക്കും കുറക്കുക, പോഷകാരക്കുറവു മൂലമുള്ള രോഗങ്ങൾ ഇല്ലാതാക്കുക, മാതൃ – ശിശു സംരക്ഷണം ഉറപ്പുവരുത്തുക, മാതൃ – ശിശു മരണ നിരക്ക് ഇല്ലാതാക്കുക, രോഗികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുക എന്നിവയാണ് നമ്മുടെ ആരോഗ്യ – സേവന രംഗത്തെ ആധാര ശിലകൾ. ഈ അവസരത്തിൽ ആരോഗ്യ രംഗത്ത് നാം ഇന്ന് നേരിടുന്ന വെല്ലുവിളികളെ തിരിച്ചറിയുകയും നേരിടുകയും ചെയ്യേണ്ടതുണ്ട്. ഓരോ വർഷവും പുതുതായി ജനിക്കുന്നവർക്കുകൂടി നമ്മൾ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇവിടെയാണ് വസ്തു നിഷ്ഠമായ ജനന മരണ നിരക്കിന്റെ പ്രസക്തി ഉയരുന്നത്. പഞ്ചായത്തിന് പുറത്തുള്ള ആശുപത്രികളിൽ വെച്ചു നടക്കുന്ന ജനന മരണങ്ങൾ പഞ്ചായത്തിന്റെ രേഖകളിൽ വരുന്നില്ല. ഈ ന്യൂനത പരിഹരിക്കേണ്ടതുണ്ട്.

സർക്കാർ മേഖലയിൽ ഇന്ന് ഈ പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും, ഒരു ആയുർവേദ ഡിസ്പൻസറിയും പ്രവർത്തിക്കുന്നു. രണ്ടിടത്തും രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യമില്ല. സ്വകാര്യ മേഖലയിൽ മൂന്നോ നാലോ ആയുർവേദ വൈദ്യൻമാരും, അത്രതന്നെ ഹോമിയോ ഡോക്ടർമാരും പ്രവർത്തിക്കുന്നു. ഒരു അലോപ്പതി ക്ലിനിക്ക് മാത്രമാണ് ഈ മേഖലയിൽ പഞ്ചായത്തിലുള്ളത്. വിദഗ്ദ്ധ ചികിത്സ ലഭിക്കുവാൻ ഈ പഞ്ചായത്ത് നിവാസികൾക്ക് 5 കിലോ മീറ്റർ മുതൽ 25 കിലോ മീറ്റർ വരെ യാത്ര ചെയ്യേണ്ടതായിട്ടുട്ട്. ഇതിന് ഒരു പരിഹാരം അടിയന്തിരമായി കാണേണ്ടതാണ്. പ്രൈമറി ഹെൽത്ത് സെന്റർ 10 ബെഡോടു കൂടിയ ആശുപത്രിയായി ഉയർത്തുവാനും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭിക്കുവാനും വേണ്ടി ഈ പഞ്ചായത്തിലെ ജനങ്ങളുടെ

സ്വപ്നം ഇത്രയും കാലം സഫലമായിട്ടില്ല. ഇതിന് നടപടിയെടുക്കണം. ജലജന്യ രോഗങ്ങൾ തടയുന്നതിന് അതീവ പ്രാധാന്യം വൽകി പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. 1995 – 96 ൽ മാത്രമായി 1794 ജലജന്യ രോഗങ്ങൾ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2058 വായുജന്യ രോഗങ്ങളും 1084 പ്രാണിജന്യ രോഗങ്ങളും 12307 മറ്റു രോഗങ്ങളും ഇതേ വർഷത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്തിന് പുറത്ത് ചികിത്സ നേടിയവർ ഈ കണക്കിൽ വന്നിട്ടില്ല. ഗ്രാമ സഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളുടേയും സ്ഥിതിവിവരക്കണക്കുകളുടേയും അടിസ്ഥാനത്തിൽ പഞ്ചായത്തിന് സമഗ്രമായ ഒരു ആരോഗ്യ പദ്ധതി തയ്യാറാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ വിവരം

പൊതു സ്ഥാപനങ്ങൾ – 1
ആയുർവേദ ഡിസ്പൻസറി – 1
സബ് സെന്ററുകൾ – 5

ആരോഗ്യ സംരക്ഷണക്കാര്യത്തിൽ ചികിത്സയേക്കാൾ മരുന്നുകളെക്കാളും പരമപ്രധാനം ബോധവൽക്കരണത്തിന് നൽകണം. ഈ രംഗത്ത് കൂടുതൽ ഊർജ്ജസ്വലതയോടേയും അർപ്പണ ബോധത്തോടേയും ഫീൽഡ് ജീവനക്കാർ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പൊതു സ്ഥാപനങ്ങളും സേവന സൗകര്യങ്ങളും ഉപയോഗപ്പെടുത്താൻ പൊതുജനങ്ങൾ വൈമുഖ്യം കാണിക്കുന്നു. 5000 ജനസംഖ്യക്ക് ആനുപാതികമായി 3 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക അനുവദിക്കേണ്ടതുണ്ട്.

പൊതു ജന ആരോഗ്യ രംഗത്തെ പ്രധാന വെല്ലുവിളി ശുചിത്വമാണ്. പരിസര ശുചിത്വം പാലിക്കുവാൻ പ്രധാനമായും വേണ്ടത് ഓരോ വീട്ടിലും കക്കൂസ് ആണ്. പഞ്ചായത്തിലെ 3522 വീടുകളിൽ 1400 വീടുകളിൽ കക്കൂസ് ഇല്ല. വയറിളക്ക രോഗങ്ങളും, വിര ശല്യവും ഇവിടെ ധാരാളമായി കണ്ടുവരുന്നുണ്ട്. കക്കൂസ് നിർമ്മിക്കുന്നതിന് പ്രധാന പ്രതിബന്ധങ്ങളായി നിൽക്കുന്നത് സ്ഥല പരിമിതി, സാമ്പത്തിക പരാധീനത, ആവശ്യകത, വേണ്ടത്ര ബോധ

പട്ടിക – 1
സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1	പ്രാഥമിക ആരോഗ്യ കേന്ദ്രം, പോരൂർ	3	1981	12
2	ഗവ: ആയുർവേദ ഡിസ്പൻസറി, പോരൂർ	9	1993	4
3	IPP സബ്സെന്റർ, പൂത്രക്കോവ്	9	1982	1
4	IPP സബ്സെന്റർ, കോട്ടക്കുന്ന്	7	,,	1
5	IPP സബ്സെന്റർ, അയനിക്കോട്	3	,,	1
6	IPP സബ്സെന്റർ, ചാത്തങ്ങോട്ടുപുറം	8	,,	1
7	IPP സബ്സെന്റർ, രവിമംഗലം	5	,	1

പട്ടിക – 2
ജനന മരണ നിരക്കുകൾ

പഞ്ചായത്തിലെ ജനന നിരക്ക്	22.4%
പഞ്ചായത്തിലെ മരണ നിരക്ക്	4.5 %

പ്പായ്മ എന്നിവയാണ്. കക്കൂസുകൾ ഉണ്ടാക്കുന്നതിന് സാമ്പത്തിക സഹായം നൽകുക, പൊതു കക്കൂസുകൾ നിർമ്മിക്കുക, ബോധവൽക്കരണം നടത്തുക എന്നിവയാണ പരിഹാര മാർഗങ്ങൾ. നെതർലാൻ ഗവ: മായി സഹകരിച്ച ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളവും കക്കൂസും ഏർപ്പെടുത്തുന്നതിന് വേണ്ടിശ്രമം തുടർന്ന് വരുന്നു.

പരിസര ശുചിത്വം

വ്യവസായവൽക്കരണം തീരെ ഇല്ലാത്ത പ്രദേശമാകയാൽ തൻമൂലമുള്ള പരിസര മലിനീകരണം വളരെ കുറവാണ്. നഗരവൽക്കരണവും ജനസംഖ്യാ വർദ്ധനവും ഈ പ്രശ്നം രൂക്ഷമാക്കിക്കൊണ്ടിരിക്കുന്നു. തെരുവു ശുചീകരണം നടക്കുന്നുവെന്ന് ഉറപ്പുവരുത്തുക. വീടിന്റെ പരിസരം ചപ്പുചവറുകൾ കൂട്ടിയിടുക, അഴുക്കുവെള്ളം കെട്ടിക്കിടക്കുക, മലിനത്താഴ്ത്തുകൾ വൃത്തിയാക്കാതിരിക്കുക ഇത്തരം മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുക. പഞ്ചായത്തു കേന്ദ്രമാക്കി അറവു ശാലകളും മാർക്കറ്റുകളും സ്ഥാപിക്കുയും കമ്പോസ്റ്റു കുഴികൾ പ്രോത്സാഹിപ്പിക്കുകയും നഗരശുചീകരണത്തിന് ആവശ്യമാണ്. ശുചീകരണ സൗകര്യമില്ലാത്ത ഹോട്ടലുകൾക്ക് ലൈസൻസ് നൽകരുത്. അതു പോലെ തന്നെ സാനിറ്ററി ഫിറ്റ്നസ് നിർബന്ധമാക്കുക.

പരിസര ശുചിത്വം

പ്രശ്നങ്ങളും പരിഹാരങ്ങളും വാർഡ് തിരിച്ച്

വാർഡ്	പ്രശ്നങ്ങൾ	പരിഹാര നിർദ്ദേങ്ങൾ
I	149 കക്കൂസ് ഇല്ല	കക്കൂസ് നിർമ്മിക്കുവാൻ അർഹരായവർക്ക് സാമ്പത്തിക സഹായം നൽകുക. ഈ കാര്യത്തിൽ ബോഘവർക്കരണം നടത്തുക.
II	130 വീടുകൾക്ക് കക്കൂസില്ല. അശാസ്ത്രീയമായ അറവും വിൽപനയും പരിസര മലിനീകരണവും പട്ടിശല്യവും.	-------- do ---------- താളിയംകുണ്ടിൽ അറവുശാലയും മാർക്കറ്റും സ്ഥാപിക്കുക.
III	118 വീടുകൾക്ക് കക്കൂസ് ഇല്ല. അശാസ്ത്രീയമായ അറവും വിൽപനയും.	-------- do ---------- ചെറുകോട് അറവുശാലയും മാർക്കറ്റും സ്ഥാപിക്കുക.
IV	212 വീടുകൾക്ക് കക്കൂസ് ഇല്ല. അനധികൃത അറവും വിൽപനയും. റോഡിൽ കൂടിക്കിടക്കുന്ന ചപ്പുചവറുകൾ.	-------- do ---------- അയനിക്കോടും മേലണ്ണത്തും അറവുശാല നിർമ്മിക്കുക. അയനിക്കോട് അങ്ങാടിയിൽ ചപ്പുചവറുകൾ നീക്കം ചെയ്യാൻ ഏർപ്പാടുണ്ടാക്കുക.
V	146 വീടുകൾക്ക് കക്കൂസ് ഇല്ല. അറവുമാടുകളുടേയും കോഴികളുടേയും അവശിഷ്ടങ്ങൾ പരിസര മലിനീകരണം ഉണ്ടാക്കുന്നു.	-------- do ---------- കശാപ്പുമൃഗങ്ങളുടേയും കോഴികളുടേയും അവശിഷ്ടങ്ങൾ അലക്ഷ്യമായി ഇടുന്നത് തടയുക.പൊതു ശ്മശാനം ഏറ്റേടുത്ത് സംരക്ഷിക്കുക.

VI	157 വീടുകൾക്ക് കക്കൂസ് ഇല്ല. റബ്ബർ തോട്ടങ്ങളിൽ നിന്നുള്ള മലിനജലം വാർഡിന്റെ പല ഭാഗങ്ങളിലും പരിസര മലിനീകരണം ഉണ്ടാക്കുന്നു.	-------- do ---------- റബ്ബർ തോട്ടങ്ങൾ ശാസ്ത്രീയമായി ഉണ്ടാക്കാൻ പ്രോൽസാഹിപ്പിക്കുക. പൊതു ശ്മശാനത്തിന് മിച്ചഭൂമിയിൽ നിന്നും സ്ഥലം കണ്ടെത്തി നിർമ്മിക്കുക.
VII	181 വീടുകൾക്ക് കക്കൂസ് ഇല്ല. അനധികൃത അറവ് പരിസര മലിനീകരണത്തിന് കാരണമാകുന്നു.	-------- do ---------- കോട്ടക്കുന്ന് പുളിയക്കോട് ഭാഗങ്ങളിലെ അനധികൃത അറവും വിൽപനയും നിരോധിക്കുക.
VIII	173 വീടുകൾക്ക് കക്കൂസ് ഇല്ല. അനധികൃത അറവ് പരിസര മലിനീകരണത്തിന് കാരണമാകുന്നു.	-------- do ----------
IX	157 വീടുകൾക്ക് കക്കൂസ് ഇല്ല. അനധികൃത അറവ് പരിസര മലിനീകരണത്തിന് കാരണമാകുന്നു.	-------- do ---------- വിളക്കുചിറ താളിയംകുണ്ട് ഭാഗത്ത് അനധികൃത അറവും വിൽപനയും നിരോധിക്കുക.
X	130 വീടുകൾക്ക് കക്കൂസ് ഇല്ല. ഹോട്ടലുകളിൽനിന്ന് ഒഴുകുന്ന മലിനജലം പരിസര മലിനീകരണം ഉണ്ടാക്കുന്നു.	-------- do ---------- ഹോട്ടലുകളിൽ കർശ്ശനമായി പരിശോധന ഏർപ്പെടുത്തുക. മത്സ്യമാർക്കറ്റ് സ്ഥാപിക്കുക

പഞ്ചായത്തിലെ ഹോട്ടലുകൾ, ശീതളപാനീയകടകൾ എന്നിവയിലെ ഭക്ഷണ പാനീയ വിൽപന ആരോഗ്യ നിയമങ്ങൾക്ക് വിധേയമായി കർശനമാക്കുക. ജോലിക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കുക. അങ്ങാടികൾ ശുചിയായി സൂക്ഷിക്കുവാൻ കച്ചവടക്കാരെ ബോധവൽക്കരിക്കുക, പാലിക്കാത്തവരിൽ നിന്ന് പിഴ ഈടാക്കുക, അറവുമൃഗങ്ങളെ മൃഗഡോക്ടറുടെ പരിശോധക്ക് വിധേയമാക്കുക തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധക്കേണ്ടതായിട്ടുണ്ട്.

മറ്റൊരു പ്രധാന പൊതു ജനാരോഗ്യ പ്രശ്നമാണ് പേപ്പട്ടി ശല്യം. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളുടെ ഉന്മൂലനം യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണം. വളർത്തു നായക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തണം. കുത്തിവെപ്പ് നിർബന്ധമാക്കണം.

മഴക്കാലാരംഭത്തിലും വരൾച്ചക്കാലത്തും കിണറുകൾ ക്ലോറിനേറ്റ് ചെയ്യുക. ഈച്ച, കൊതുക് നശീകരണം ഫലപ്രദമാക്കുക, വീട്ടിലെ ചപ്പുചവറുകൾ ഉപയോഗിച്ച് കമ്പോസ്റ്റ് നിർമ്മിക്കുവാൻ പരിശീലിപ്പിക്കുക. അഴുക്കുജലം കെട്ടിനിൽക്കുന്നത് തടയുക തുടങ്ങിയവയും പരിസര മലിനീകരണത്തിന് പരിഹാരമാണ്.

മറ്റുകാര്യങ്ങളെപ്പോലെത്തന്നെ ആരോഗ്യസംരക്ഷണത്തിനും അത്യാവശ്യമാണ് വ്യായാമം. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ മിനി സ്റ്റേഡിയം സ്ഥാപിക്കുകയും കായിക പരിശീലനത്തിനും മത്സരത്തിനും ഏർപ്പാടുണ്ടാക്കുകയും ചെയ്യാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ രക്തദാന ഫോറം രൂപീകരിക്കുകയും ലിസ്റ്റ് പഞ്ചായത്ത് ഓഫീസിൽത്തന്നെ ലഭ്യമാക്കുകയും വേണം. നേത്രദാനം പ്രോൽസാഹിപ്പിക്കുകയും ദാനം കിട്ടുന്ന കണ്ണുകൾ യഥാസമയം എടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.

കേരള സംസ്ഥാനം രൂപീകൃതമായിട്ട് നാൽപതു വർഷങ്ങൾ പിന്നിട്ടുവെങ്കിലും ഫലപ്രദമായ ഒരു പൊതുജനാരോഗ്യ നിയമം ഇനിയും നിലവിൽ വന്നിട്ടില്ല. മലബാർ ഭാഗത്ത് മദ്രാസ് പബ്ലിക് ഹെൽത്ത്കെയർ ആക്റ്റും തിരുകൊച്ചി ഭാഗത്ത് ട്രാവൻകൂർ പബ്ലിക് ഹെൽത്ത്കെയർ ആക്റ്റുമാണ് നിലവിലുള്ളത്. കാലഹരണപ്പെട്ട ഈ നിയമങ്ങൾ കാലോചിതമായി പരിഷ്കരിച്ച് ഒരു കേരള പൊതുജനാരോഗ്യ നിയമം ഉണ്ടാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫലദ്രമായ നിയന്ത്രണാധികാരം നൽകണം.

പഞ്ചായത്ത് നിവാസികളുടെ ആരോഗ്യത്തിന് പൊതുവെ ഹാനികരമായ പുകവലി, മദ്യപാനം, മുറുക്ക് എന്നിവക്കെതിരെ ബോധവൽക്കരണം ആവശ്യമാണ്. യുവാക്കളിൽ വളർന്നുവരുന്ന ലഹരി ഉപഭോഗത്തിനെതിരെ ശക്തമായ ബോധവർക്കരണം നമ്മുടെ പഞ്ചായത്തിലും സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. മദ്യഷാപ്പുകളുടെ എണ്ണം പടിപടിയായി കുറച്ചുകൊണ്ടുവരികയും വേണം.

നിലവിലുള്ള സൗകര്യങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും, വ്യക്തികളുടേയും കൂട്ടായ പ്രവർത്തനം ആവശ്യമാണ്. ആരോഗ്യവും ശുചിത്വബോധവും ഉള്ള ഒരു ഗ്രാമം കെട്ടിപ്പടുക്കുന്നതിനുള്ള ചാലകശക്തിയായി ഈ വേദിയെ നമുക്ക് ഉപയോഗപ്പെടുത്താം.



വാർഡ്	സ്ഥാപനങ്ങൾ		കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ
	പൊതു	സ്വകാര്യം			
I	ഇല്ല	ഇല്ല	വിരശല്യ, വയറിളക്കം, പനി, ചർമ്മരോഗങ്ങൾ, ദന്തരോഗങ്ങൾ, വിളർച്ച	9-ാം വാർഡിലെ IPP സബ്സെന്റർ കേന്ദ്രീകരിച്ചാണ് പ്രവർത്തനം നടക്കുന്നത്. തൃപ്തികരമല്ല.	Jr. PHN ന്റെ സേവനം എല്ലാ സമയത്തും ലഭ്യമാക്കുക. അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കുക. ഡോക്ടറുടെ സന്ദർശനം ഉറപ്പുവരുത്തുക.
II	ഇല്ല	ഇല്ല	-----do----	-----do----	-----do----
III	P H പോരൂർ സബ്സെന്റർ അയനിക്കോട്	ഹോമിയോ ക്ലിനിക് ആര്യവൈദ്യശാല	-----do----	കുത്തിവയ്പുകൾ നടക്കുന്നുണ്ട്. മരുന്നുകൾ ലഭ്യമല്ല. ബോധവൽക്കരണം ഇല്ല.	ഡോക്ടറുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കണം. ഡോക്ടർ നേഴ്സ് എന്നിവർക്ക് കാർട്ടേഴ്സ് പണിയണം. 10 കിടക്കകളെങ്കിലും അനുവദിക്കണം. മരുന്ന് ക്ഷാമം പരിഹരിക്കണം. സൗഹൃദസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. സബ്സെന്ററിൽ വൈദ്യുതി എത്തിക്കണം. കുടിവെള്ളക്ഷാമം പരിഹരിക്കണം. അറ്റകുറ്റപ്പണി നടത്തണം.
IV		ഹോമിയോ ക്ലിനിക്	-----do----		
V	സബ്സെന്റർ രവിമംഗലം		-----do----	കുത്തിവയ്പുകൾ നടക്കുന്നുണ്ട് മരുന്നുകൾ ലഭ്യമല്ല. ബോധവൽക്കരണം ഇല്ല.	രാത്രികാല സേവനം ലഭ്യമാക്കണം. അത്യാവശ്യ മരുന്നുകൾ എത്തിക്കണം. ഡോക്ടറുടെ സന്ദർശനം ഉറപ്പാക്കണം. വൈദ്യുതി എത്തിക്കണം.
VI	ഇല്ല	ഇല്ല	-----do----	രവിമംഗലം കേന്ദ്രമായി പ്രവർത്തിക്കുന്നു. തൃപ്തികരമല്ല.	ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശനം മുറക്ക് നടക്കണം. പ്രസവ സംബന്ധമായ സേവനം രാത്രികാലങ്ങളിൽ ലഭ്യമാക്കണം.

VII	സബ്സെന്റർ കോട്ടക്കുന്ന്	ആര്യവൈദ്യശാല	-----do----	പ്രതിരോധ കുത്തിവെപ്പുകളും ബോധനവും നടക്കാറുണ്ട്.	അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കണം. ഡോക്ടറുടെ സന്ദർശനം ഉറപ്പുവരുത്തുക. വൈദ്യുതി എത്തിക്കണം, അറ്റകുറ്റപ്പണികൾ നടത്തണം, ഒരു ഫ്രിഡ്ജ് അനുവദിക്കണം.
VIII	സബ്സെന്റർ ചാത്തങ്ങോട്ടുപുറം		-----do----	തൃപ്തികരമല്ല. കുത്തിവയ്പുകൾ മാത്രം നടക്കുന്നു.	Jr. P.H.N ന്റെ സേവനം എപ്പോഴും ലഭ്യമാക്കണം. മരുന്നുകൾ ലഭ്യമാക്കണം. അറ്റകുറ്റപ്പണികൾ നടത്തണം.
IX	ആയുർവേദ ഡിസ്പെൻസറി സബ്സെന്റർ പുത്രക്കോവ്		-----do----	തൃപ്തികരം. കുത്തിവയ്പുകൾ മാത്രം നടക്കുന്നു.	ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കണം. സ്വന്തമായി കെട്ടിടം പണിയണം. അത്യാവശ്യ മരുന്നുകൾ എത്തിക്കണം രാത്രികാല സേവനം ലഭ്യമാക്കണം. ഡാക്ടറുടെ സന്ദർശനം ഉറപ്പുവരുത്തുക. വൈദ്യുതി എത്തിക്കണം, അറ്റകുറ്റപ്പണികൾ നടത്തണം.
X	ഇല്ല	ആര്യവൈദ്യശാല ഹോമിയോ ക്ലിനിക്	-----do----	P.H.Cയിൽനിന്നും സേവനം ലഭിക്കുന്നുണ്ട്. തൃപ്തികരമല്ല.	P.H.C യുടെ പ്രവർത്തനം ശക്തിപ്പെടുത്തണം.

5.7

ഗതാഗതവും ഊർജ്ജവും



ഒരു നാടിന്റെ വികസന പ്രക്രിയയിൽ നിർണ്ണായക പങ്ക് വഹിക്കുന്നത് അവിടത്തെ ഗതാഗത സൗകര്യമാണ്. ധാരാളം റോഡുകളും, മറ്റു ഗതാഗത മാർഗ്ഗങ്ങളും ഒരു പഞ്ചായത്തിന്റെ വികസനത്തെ കാണിക്കുന്നു. റോഡു നിർമാണത്തിൽ ഈ പഞ്ചായത്തിൽ വളരെ മുമ്പ്തന്നെ ജനശക്തി ഉപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ധാരാളം നടത്തിയിട്ടുണ്ട്. അത്തരത്തിൽ നിർമ്മിച്ച റോഡുകളാണ് ചെറുകോട്-തിരുനെല്ലി റോഡ്, ഇരുപത്തെട്ട്-പൊറ്റയിൽ റോഡിലെ പോരൂർ എ. യു. പി. സ്കൂളിനടുത്ത് പാടത്തേച്ചിറ എന്നിവ. ചെറുറോഡുകൾ പുതുതായി ഉണ്ടാകേണ്ടതുണ്ട്. ഇന്ന് നിലവിലുള്ള പല റോഡുകളും ചെമ്മൺ റോഡുകളാണ്. അവ ടാർ ചെയ്ത് കൂടുതൽ ഗതാഗത യോഗ്യമാക്കിത്തീർക്കേണ്ടതുണ്ട്. അതുപോലെ അയൽ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്നതിന് ഒന്നിലേറേ പാലങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ബസ്സ് സർവീസുള്ള 4 റോഡുകൾ മാത്രമാണുള്ളത്.

നിലമ്പൂർ-ഷൊർണൂർ റെയിൽവെ പാത ഈ പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തുകൂടെ കടന്നുപോകുന്നു. തൊടികപുലം ഭാഗത്ത് ഒരു ഹാൾട്ടിംഗ് സ്റ്റേഷൻ ഈ പഞ്ചായത്തിൽ പെടുന്നു. കൂടുതൽ യാത്രാ സൗകര്യങ്ങൾ ഇനിയും ഉണ്ടാകേണ്ടതായിട്ടുണ്ട്.

നിലവിലുള്ള റോഡുകൾ പലതും അറ്റകുറ്റപ്പണികൾനടത്തേണ്ടവയാണ്. പുളിയക്കോട്-കോട്ടക്കുന്ന്, ഇരുപത്തെട്ട്-പൊറ്റയിൽ, ചെറുകോട്-പൂത്രക്കോവ്, ചെറുകോട്-തിരുനെല്ലി എന്നീ ടാർ റോഡുകൾ പൊട്ടിപ്പൊളിഞ്ഞ് ഗതാഗതം ദുസ്സഹമായിരിക്കയാണ്. അറ്റകുറ്റപ്പണി ചെയ്ത് ഇവ ഗതാഗതയോഗ്യമാക്കിത്തീർക്കേണ്ടതാണ്. വാണിയമ്പലം-പൂളമണ്ണ റോഡിന്റെ 2 കി. മീ. ദൂരം കൂടി ടാർ ചെയ്താൽ അതുവഴി ബസ്സ് ഓട്ടം വർദ്ധിപ്പിക്കുവാനും, വണ്ടൂർ, പാണ്ടിക്കാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുവാനും സാധിക്കും.

പഞ്ചായത്തിലെ 8 മീറ്റർ വീതിയുള്ള റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	നീളം കി.മീ	തരം			വകുപ്പ്
			ടാർ(കി.മീ)	മെറ്റൽ(കി.മീ)	മണ്ണ്(കി.മീ)	
1.	വണ്ടൂർ – പാണ്ടിക്കാട്	6	6	.....	.....	PWD
2.	വാണിയമ്പലം – പൂളമണ്ണ	6	4	.....	2	,,
3.	ചെറുകോട് – കൂട്ടിപ്പാറ	5	5	.....	.....	,,
4.	പാറ – കരുവാരം കുന്ന്	2	1	.....	1	പഞ്ചായത്ത്
5.	പൊറ്റയിൽ – ഇരുപത്തെട്ട്	4	4	.....	.....	,,
6.	ചെറുകോട് – പൂത്രക്കോവ്	5	1	0.2	3.8	,,
7.	മേലേണ്ണം – കാക്കാത്തോട്	3	.....	0.5	2.5	,,
8.	നിരന്നപറമ്പ് – കാക്കാത്തോട്	3	.....	.....	3	,,
9.	രവിമംഗലം – പാലക്കോട്	4	.....	.....	4	,,
10.	പുളിയക്കോട് – കോട്ടക്കുന്ന്	1.6	1.6	.....	.....	,,
11.	ചേരിപറമ്പ് – മുണ്ടത്തോട് കോളനി	2	0.5	0.5	1	,,
12.	ചേരിപറമ്പ് – അരിമ്പ കോളനി	1.5	.....	.....	1.5	,,
13.	പടിക്കൽപറമ്പ് – ചുണ്ടിയംപറ്റ കോളനി	1	.....	.....	1	,,
14.	ചെറുകോട് – തിരുനെല്ലി	3	3	.....	.....	,,
15.	അയനിക്കോട് – പൊടിയാറ്റുകുണ്ട്	3	0.3	0.5.	2.2	,,
16.	പാലക്കോട് – മുളിയത്ത്	2	1	1	1	,,

ഗ്രാമസഭകളിൽനിന്നുയർന്നുവന്ന ആവശ്യങ്ങളേയും നിർദ്ദേശങ്ങളേയും അടിസ്ഥാനമാക്കി പഞ്ചായത്തിലെ ഓരോ വാർഡിലും നടത്തേണ്ട നിർമ്മാണപ്രവർത്തനങ്ങളുടേയും പട്ടികയാണ് ചുവടെ ചേർക്കുന്നത്.

വാർഡ് 1

1. പൂക്കോടം പാടം – അങ്കപ്പൊയിൽ – താഴെകുറ്റി
2. പാറ – കാലിപ്പറമ്പ് – മനക്കൽപ്പടി
3. വാണിയമ്പലം – മുളിപ്പറമ്പ് – പാറക്കുളം
4. നെല്ലിക്കുന്ന് – കുറ്റിയിൽ
5. ചേലേക്കാട് – നെല്ലിക്കുന്ന്
6. മനക്കൽപ്പടി – കാലിപ്പറമ്പ്
7. കൊമ്പൻചോല – പറയൻപടി
8. പുതിയടക്കല്ല് – നെല്ലിക്കുന്ന്
9. കക്കുണ്ട് – പൂവത്തിക്കൽക്കുന്ന് റോഡ് അയനിക്കോട് തോട് വരെ നീട്ടുക.
10. പരതോട് പൊയിൽകൂടി നാലടി ചവിട്ടുവഴി റെയിൽവേ ലൈനിന് സമീപത്തേക്ക് നീട്ടുക.
11. പരതോട് – പൂങ്ങോട് – മുളിപ്പറമ്പ് റോഡിൽ റെയിൽ മുറിച്ച് കടക്കുന്ന സ്ഥലത്ത് റെയിൽവെ ലൈനിൽ ഒരു ലെവൽ ക്രോസ് ഏർപ്പെടുത്തുക.
12. കരുവാറ്റക്കുന്ന് – ചേലക്കാട് – പറയൻ കോളനി റോഡ് നിർമ്മിക്കുക.

ഈ വാർഡിലെ നിലവിലുള്ള താഴെപറയുന്ന റോഡുകൾ ടാറിങ്ങ് നടത്തേണ്ടതുണ്ട്.

1. പൂത്രക്കോവ് – കരുവാറ്റക്കുന്ന്

2. പൂത്രക്കോവ് – കോട്ടക്കുന്ന്
3. കരുവാറ്റക്കുന്ന് ചേലക്കാട്ട് കോളനി
4. മനക്കൽ പടി – നെല്ലിക്കുന്ന്
5. വാണിയമ്പലം – പൂളക്കുന്ന് – പാരത്തോട് കോളനി
6. മൂളിപ്പറമ്പ് – പാരത്തോട് റോഡ് II ടാർ ചെയ്യുക.
7. കാരക്കാട് കോളനി – അങ്കപ്പൊയിൽ റോഡ് നിർമ്മിച്ച് ടാർ ചെയ്യുക.

വാർഡ് II

നിർമ്മാണപ്രവർത്തനങ്ങൾ

1. പൊറ്റയിൽ – പുഴക്കൽക്കുണ്ട് റോഡ് നിർമ്മിക്കുക.
2. തൊടികപ്പുലം കോളനി – തരിശ് – പറക്കോട്ടിൽപടി റോഡ് നിർമ്മിക്കുക.
3. ആശാരി കോളനി – കരുവാറ്റക്കുന്ന് – തൊടികപ്പുലം റോഡ് നിർമ്മിക്കുക.
4. പള്ളിക്കുന്ന് – കാരപ്പുറം റോഡ് നിർമ്മിക്കുക.
5. പള്ളിക്കുന്ന് – താളിയം കുണ്ട് റോഡ് ഇരുഭാഗത്തു നിന്നും മുട്ടിനിൽക്കുന്നത് പൂർത്തിയാക്കുകയും ആയതിന് രണ്ടു പാലം നിർമ്മിക്കുകയും ചെയ്യുക.
6. പൂവത്തിക്കൽകുന്ന് – പുഴക്കൽ കുണ്ട് റോഡ് പൂർത്തിയാക്കുക.
7. പൊറ്റയിൽ – ആനമുണ്ട – കോലടിക്കുന്ന് റോഡ്.
8. തൊടികപ്പുലത്ത് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുക.
9. കരവാറ്റക്കുന്ന് – കാഞ്ഞിരക്കുണ്ട് – തൊടികപ്പുലം റോഡ് നിർമ്മിക്കുക.
10. കരവാറ്റക്കുന്ന് – കാഞ്ഞിരക്കുണ്ട് – തൊടികപ്പുലം ചെമ്പശ്ശേരി റോഡുമായി ബന്ധിപ്പിക്കുക.
11. കാഞ്ഞിരംക്കുണ്ട് പാലം വീതി കൂട്ടുക.
12. താളിയം കുണ്ട് – പള്ളിക്കുന്ന് റോഡിൽ ആനമുണ്ട തൊടിന് പാലം പണിയുക.
13. കക്കുണ്ട് തൊടിന് നടപ്പാലം നിർമ്മിക്കുക.
14. കാഞ്ഞിരംക്കുണ്ടിൽനിന്ന് തൊടികപ്പുലം പള്ളിയിലേക്ക് കല്ലുകൊണ്ട് കെട്ടിയ നടപ്പാലം പണിയുക.
15. താളിയം കുണ്ട് – കിഴക്കണ്ടും റോഡ് നിർമ്മിക്കുക.

തുടർ പ്രവർത്തനങ്ങൾ

1.കരവാറ്റക്കുന്ന് – പൂത്രക്കോവ് റോഡ് ടാർ ചെയ്യുക.
2. താളിയംകുണ്ട് – തൊടികപ്പുലം റോഡ് ടാർ ചെയ്യുക.
3. ചെമ്പശ്ശേരി – തൊടികപ്പുലം റോഡ് ഗതാഗത യോഗ്യമാക്കുക.
4. കരുവാറ്റക്കുന്ന് – ചെമ്പശ്ശേരി റോഡ് ടാർ ചെയ്യുക.
5. തൊടികപ്പുലം റെയിൽവെ സ്റ്റേഷനിൽ പ്ലാറ്റുഫോം സൗകര്യം ഉണ്ടാക്കുക.
6. ചീറ്റിയിൽ – തൊടികപ്പുലം ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക.
7. ഷാപ്പിൻ കുന്ന് – തെയ്യത്തും കുന്ന് റോഡ് ടാർ ചെയ്യുക.
8. എടക്കരത്തോട് – നരിക്കോട് കുന്നുമ്മൽ റോഡ് റിപ്പയർ ചെയ്യുക.

വാർഡ് III

നിർമ്മാണപ്രവർത്തനങ്ങൾ

1. ചേലക്കുന്ന് – നങ്ങേലിക്കുന്ന് റോഡ് നിർമ്മിക്കുക.
2. വണ്ടൂർ – പാണ്ടിക്കാട് റോഡിൽ അയനിക്കോട് നിന്ന് തുടങ്ങുന്ന പുത്തൻകുളം റോഡ് അയനിക്കോട് സ്കൂൾ കുന്നുമായി ബന്ധിപ്പിക്കുക.
3. അയനിക്കോട് നിന്ന് തുടങ്ങുന്ന സ്കൂൾ കുന്ന് – പൂമർ കുണ്ട് റോഡ് കാക്കാത്തോടിന് കുറുകെ പാലം നിർമ്മിച്ച് വാണിയമ്പലം – പൂളമണ്ണ PWD റോഡുമായി ബന്ധിപ്പിക്കുക.
4. നിരവിൽകുന്ന് – കക്കാടൻ കുന്ന് റോഡിന് പള്ളിപ്പടിക്ക് സമീപം പാലം നിർമ്മിക്കുക.
5. നിരവിൽകുന്ന് – ചേക്രക്കുന്ന് – സ്കൂൾ കുന്ന് റോഡ് നിർമ്മിക്കുക.
6. നിരവിൽകുന്ന് – രണ്ടാം കയ്യ് റോഡ് പാടം വരെ നിർമ്മിക്കുക.
7. കോവിലകം – പൂവത്തിക്കുണ്ട് റോഡ് നിർമ്മിച്ച് ടാർ ചെയ്യുക.
8. ചേക്രത്തോടിന് നടപ്പാലം നിർമ്മിക്കുക.
9. കാക്കാത്തോടിന് മുന്നും ഒമ്പതും വാർഡുകളെ ബന്ധിപ്പിക്കുന്ന നടപ്പാലം പണിയുക.

തുടർ പ്രവർത്തനങ്ങൾ

1. അയനിക്കോട് – നിരവിലക്കുന്ന്, ആനക്കയംവഴി പടി റോഡ് ടാർ ചെയ്യുക.

2. അയനിക്കോട് – പൊടിയാട് കുണ്ട് റോഡ് ടാർ ചെയ്യുക.
3. അയനിക്കോട് – ചേക്കക്കുന്ന് – നങ്ങേലിപ്പാറ റോഡ് ടാർ ചെയ്യുക.
4. പൊടിയാട് കുണ്ട് – കുമ്മൺകുണ്ട് റോഡ് ടാർ ചെയ്യുക.
5. PWD റോഡ് – ചേലപ്പാടം റോഡ് ടാർ ചെയ്യുക.
6. ചുള്ളിശ്ശേരി – കാക്കാത്തോട് റോഡ് ടാർ ചെയ്യുക.
7. കുറ്റങ്ങോട് കോളനി (East) റോഡ് SCP പദ്ധതിയിൽ ഉൾപ്പെടുത്തി ടാർ ചെയ്യുക.
8. അമ്പിക്കുളം – കുറ്റങ്ങോട് – മണലിക്കുണ്ട് – പൊടിയാട് കുണ്ട് റോഡ് ടാർ ചെയ്യുക.
9. സ്കൂൾ കുന്ന് – പൊടിയാട് കുണ്ട് റോഡ് ഒരു പോലെ വീതികൂട്ടുക.

വാർഡ് IV
നിർമ്മാണപ്രവർത്തനങ്ങൾ

1. വീതനശ്ശേരി റേഷൻഷാപ്പ് പടിയിൽ നിന്ന് തുടങ്ങി പട്ടണം കുണ്ട് – എരഞ്ഞിക്കുന്ന് – താലപ്പൊലി പറമ്പ് – ചാരങ്കാവ് റോഡ് നിർമ്മിക്കുക.
2. വീതനശ്ശേരി ഗ്രൗണ്ടിൽ നിന്ന് തുടങ്ങി നെല്ലുന്നുമ്മൽ – ചെണ്ണയിൽ – എരഞ്ഞിക്കുന്ന് വരെ റോഡ് നിർമ്മിക്കുക.
3. എരഞ്ഞിക്കുന്ന് – ഊടുവഴിച്ചിറ റോഡ് നിർമ്മിക്കുക.
4. കരുവട്ടൻ ചോല – കോളനി റോഡ് നിർമ്മിക്കുക.
5. എരഞ്ഞിക്കുന്ന് – കിഴക്കേകര കോളനി റോഡ് നിർമ്മിക്കുക.
6. എരഞ്ഞിക്കുന്ന് – മുതീരി റോഡ് നിർമ്മിക്കുക.
7. നിരന്ന പറമ്പ് – എരഞ്ഞിക്കുന്ന് – മണ്ഡകക്കുന്ന് – നെല്ലിക്കുളം – ചുങ്കത്ത്കുന്ന് – തമ്പാനങ്ങാടി റോഡ് നിർമ്മിച്ച് (കാക്കത്തോടിന് എരഞ്ഞിക്കുന്ന് ഭാഗത്ത് പാലം ഉൾപ്പെടെ) PWD ഏറ്റെടുത്ത് പോരൂർ – പാണ്ടിക്കാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുക.
8. മേലണ്ണം – എടപ്പുലം – നിരന്നപറമ്പ് റോഡ് (ചിറ ഉൾപ്പെടെ) നിർമ്മിക്കുക.
9. കാക്കത്തോടിന് ചേലക്കൽ, പട്ടണം കുണ്ട്, എരഞ്ഞിക്കുന്ന് ഭാഗങ്ങളിൽ നടപ്പാലം നിർമ്മിക്കുക.
10. പട്ടണം കുണ്ട്, കൂരിയോട്ടിൽ പടി, എരഞ്ഞിക്കുന്ന് ചള്ളിപ്പടി എന്നിവിടങ്ങളിൽ നടപ്പാലം നിർമ്മിക്കുക.

തുടർ പ്രവർത്തനങ്ങൾ
1. നിരന്ന പറമ്പ് – കാക്കത്തോട് റോഡ് ടാർ ചെയ്യുക.
2. മേലണ്ണം – കാക്കത്തോട് റോഡ് ടാർ ചെയ്യുക.
3. ആശാരിപ്പടി – വീതനശ്ശേരി റോഡ് ടാർ ചെയ്യുക.
4. വീതനശ്ശേരി ഗ്രൗണ്ട് – കുറുക്കൻ കുന്ന് – ചാത്തംകുളം റോഡ് ടാർ ചെയ്യുക.
5. വീതനശ്ശേരി ഷാപ്പും പടി – കരിം കോറ റോഡ് ടാർ ചെയ്യുക.
6. വീതനശ്ശേരി – നായാടിക്കുന്ന് റോഡ് ടാർ ചെയ്യുക.

വാർഡ് V
നിർമ്മാണപ്രവർത്തനങ്ങൾ

1. ഒറവം കുഴി – പാലക്കൽ ക്ഷേത്രം റോഡ് നിർമ്മിക്കുക.
2. തടുവിൽ കോളണി – രാമൻകുത്ത് ചുള്ളി റോഡ് നിർമ്മിക്കുക.
3. താടി വളവിൽ ബസ്വെയിറ്റിങ്ങ് ഷെഡ് പണിയുക.
4. ചെവിടിക്കുന്നിൽ നിന്ന് ആറാം വാർഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.

തുടർ പ്രവർത്തനങ്ങൾ

1. ചെറുകോട് – ചുണ്ടങ്ങോച്ചോല റോഡ് ടാർ ചെയ്യുക.
2. ചെറുകോട് ഹൈസ്ക്കുൾ റോഡ് ടാർ ചെയ്യുക.
3. ചെറുകോട് – തിരുനെല്ലി റോഡ് ടാർ ചെയ്യുക.
4. ചുള്ളി – രവിമംഗലം റോഡ് ടാർ ചെയ്യുക.
5. താടി വളവ് – തത്തം പറമ്പ് റോഡ് ടാർ ചെയ്യുക.
6. ഹൈസ്ക്കൂൾ ഗ്രൗണ്ട് – പുത്തൻ പൊയിൽ റോഡ് ഗതാഗത യോഗ്യമാക്കുക.
7. തത്തംപറമ്പ് – തോട്ടുപുറം റോഡ് ടാർ ചെയ്യുക.
8. പുതുപ്പറമ്പ് – പാറക്കൽ റോഡ് ടാറിംങ്ങ്.
9. പുതുപ്പറമ്പ് കോളനി റോഡ്, തോട്ടും പുറം പായൻ കോളനി എന്നിവ ഗതാഗതയോഗ്യമാക്കുക.
10. പാറക്കുടി – വെള്ളാറം പാറ റോഡ് ടാർ ചെയ്യുക.
11. മലങ്കുളം – ചെട്ട്യാറമ്മൽ റോഡ് ടാർ ചെയ്യുക.
12. ഹൈസ്ക്കൂൾ ഗ്രൗണ്ട് – പുതുപ്പറമ്പ് റോഡ് സൈഡ് കെട്ടി ഗതാഗതയോഗ്യമാക്കുക.

വാർഡ് VI

നിർമ്മാണപ്രവർത്തനങ്ങൾ

1. പാലക്കോട് – വലിയകുളം റോഡ് സ്കൂൾ വഴി നിർമ്മിക്കുക.
2. അരിമ്പ കോളനി – കരിങ്കാളകാവ് ക്ഷേത്രം – കരിപ്പാമ്പ് റോഡ് നിർമ്മിക്കുക.
3. മുണ്ടയിൽ കോളനി റോഡ് നിർമ്മിക്കുക.
4. മുണ്ടയിൽ – അച്ചുനായർപ്പടി റോഡ് നിർമ്മിക്കുക.
5. അരിപ്പംകുന്ന് – പള്ളിപ്പടി റോഡ് നിർമ്മിക്കുക.
6. കല്ലംകുളം – അക്കരപ്പാമ്പ് റോഡ് നിർമ്മിക്കുക.
7. സി. കെ പടി – സ്കൂൾ റോഡ് നിർമ്മിക്കുക.
8. പോരൂർ – തൃക്കലങ്ങോട് പഞ്ചായത്ത് അതിർത്തിയിലെ തോടിന് നടപ്പാലങ്ങൾ പണിയുക.
9. തേരപ്പൊയിൽ – ചേരിപ്പാമ്പ് റോഡ് നിർമ്മിക്കുക.
10. പൊങ്കിച്ചോല – മുതീരി റോഡ് നിർമ്മിക്കുക.
11. കാരിപറമ്പിന്റേയും ചക്കമ്പാടിന്റേയും ഇടക്കുള്ള തോടിന് നടപ്പാലം പണിയുക.
12. മുളിയത്ത് കുന്നിന്റേയും ക്ഷേത്രത്തിന്റേയും ഇടക്കുള്ള തോടിന് പാലം പണിയുക.
13. മുണ്ടയിൽ കോളേജ് പടി മുതൽ പൈകുളങ്ങര വരെ റോഡ് നിർമ്മിക്കുക.
14. മുഖ്യമന്ത്രിയുടെ പതിനഞ്ചിനപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന പുളക്കൽ – പാലക്കോട് – ചാത്തങ്ങോട്ടുപുറം റോഡ് PWD ഏറ്റെടുത്ത് നിർമ്മിക്കുക.

തുടർ പ്രവർത്തനങ്ങൾ

1. പുളക്കൽ – പാലക്കോട് – മുതീരി റോഡ് ടാർ ചെയ്യുക.
2. ചുള്ളി – വാളോറുങ്ങൽ റോഡ് ടാർ ചെയ്യുക.
3. പാലക്കോട് – അത്തിക്കുന്ന് – അരിമ്പ – ചേരിപറമ്പ് റോഡ് ഗതാഗത യോഗ്യമാക്കുക.
4. ചുള്ളി – ആലിക്കോട് – നിരന്നപറമ്പ് റോഡ് ടാർ ചെയ്യുക.
5. ചുള്ളി – മുതീരി – സ്കൂൾ റോഡ് ടാർ ചെയ്യുക.

വാർഡ് VII

നിർമ്മാണപ്രവർത്തനങ്ങൾ

1. ചെറുകോട് – പൂത്രക്കോവ് റോഡ്.
2. പുളിയക്കോട് – കല്ലങ്കാട് – മളിയാട് റോഡ്.
3. പുളിയക്കോട് – കോട്ടക്കുന്ന് റോഡ്
4. ചെറുകോട് – കോട്ടക്കുന്ന് റോഡ്.
5. പുതിയത്തുകുന്ന് – കോട്ടക്കുന്ന് റോഡ്.
6. നായപ്പുല്ലി – പുതിയത്തുകുന്ന് റോഡ്.
7. ചക്കാലപ്പടി – പണിച്ചൽക്കുന്ന് റോഡ്.
8. ആശാരിപറമ്പ് – മുണ്ടയ്ല്ലിപാറ – നീലാമ്പ അമ്പലം റോഡ് നിർമ്മിക്കുക.
9. പുളിയക്കോട് – മലാങ്കുളം – രവിമംഗലം
10. കൂളി ഗ്രൗണ്ട് – കഴുങ്ങിൻതാറ്റിൽ കോളനി റോഡ്
11. കുറ്റിയിൽപറമ്പ് – നെല്ലിപ്പറ്റ റോഡ് നിർമ്മിക്കുക.
12. മലക്കൽകുണ്ട് – ആയിരപ്പറ – പനിച്ചോംകുന്ന് റോഡ് നിർമ്മാണം.
13. തോട്ടുംപുറം – മലക്കൽകുണ്ടൻ റോഡ് നിർമ്മാണം.
14. കോട്ടക്കുന്ന് – സ്കൂൾപടി – ചാലിപ്പാറ – പാറക്കുളം റോഡ് നിർമ്മാണം.
15. സ്കൂൾപടി – പയ്യശ്ശേരിക്കുന്ന് റോഡ് നിർമ്മാണം.
16. കോട്ടക്കുന്ന് – ഇട്ടലിങ്ങൽ – വഴിയാങ്ങ് – നായിപ്പുല്ലി റോഡ് നിർമ്മാണം.
17. കോട്ടക്കുന്ന് – വലിയപറമ്പ റോഡ് നിർമ്മാണം.
18. ജലധാരാ പദ്ധതിയിൽ ഉൾപെടുത്തി പൂവത്തിക്കാട്, വലിയപറമ്പ്, ചക്കാലപ്പടി, പനിച്ചിക്കുന്ന എന്നിവിടങ്ങളിലേക്ക് റോഡ് നിർമ്മാണം.
19. പുളിയക്കോട്, കോട്ടക്കുന്ന്, പോരൂർ ഭാഗത്തേക്ക് 5 ബസ് വെയ്റ്റിംഗ് ഷെഡുകൾ നിർമ്മിക്കണം.
20. കല്ലങ്കാട് ഭാഗത്ത് നമ്പിത്തോടിനും, പുതിയടത്തുകുന്ന് പാറത്തോടിനും, കോട്ടക്കുന്നിൽനിന്ന് വലിയപറമ്പ് ഭാഗത്തേക്ക് ഇട്ടനിങ്ങൽ തോടിനും നടപ്പാലങ്ങൾ സ്ഥാപിക്കുക.
21. നെല്ലിപ്പറ്റയിൽ നിന്ന് വട്ടിക്കുന്ന് ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.

തുടർ പ്രവർത്തനങ്ങൾ

1. ആശാരിപറമ്പ് – കുറ്റിച്ചിറക്കുളം – വായനശാല റോഡ് നിർമ്മിച്ച് ടാർ ചെയ്യുക.
2. പുളിയക്കോട് – മണിയറമ്പയിൽ റോഡ് ടാർ ചെയ്യുക.
3. പുതിയത്തുകുന്ന് – താമരക്കുളം റോഡ് റിപ്പയർ ചെയ്യുക.
4. പുളിയക്കോട് – കോട്ടക്കുന്ന് റോഡ് റീ ടാർ ചെയ്യുക
5. ചെറുകോട് കോട്ടക്കുന്ന് റോഡ് ടാർ ചെയ്യുക.
6. പുളിയക്കോട് – മച്ചിയാട് റോഡ് ടാർ ചെയ്യുക.
7. പുളിയക്കോട് – പൂത്തക്കോവ് റോഡ് ഡ്രൈൻ എറ്റെടുക്കുക.
8. 1995 – 1996ൽ FLOOD ൽ ഉൾപ്പെടുത്തിയതും ഇപ്പോൾ നിർത്തിവച്ചതുമായ താഴെ പറയുന്ന റോഡുകളായ No: RT 657 / 96 RD

8.1 പുളിയക്കോട് – കല്ലങ്കാട് – മച്ചിയാട് റോഡ് (No: 73)

8.2 പുളിയക്കോട് – കോട്ടക്കുന്ന് റോഡ് ((No: 79)

8.3 ചെറുകോട് – കോട്ടക്കുന്ന് റോഡ് ((No: 80)

എന്നിവ ഉടൻ പ്രവർത്തി ആരംഭിക്കുക.

9. പുതിയത്ത്കുന്ന് – കോട്ടക്കുന്ന് 1994 – 95 ഗവേണിംഗ് ബോഡി അംഗീകരിച്ച് EAS പദ്ധതിയിൽ 3 ലക്ഷം രൂപാ വകയിരുത്തിയ റോഡിന്റെ പ്രവർത്തി ആരംഭിക്കുക.
10. നിലവിലുള്ള റോഡുകൾക്ക് അഴുക്കുചാലുകൾ വെട്ടി സ്ലാബിടുക.
11. പുവത്തിക്കാട് – പിലാപ്പറ്റ റോഡ് ടാർ ചെയ്യുക.
12. നായിപ്പല്ലി – പുതിയത്ത്കുന്ന് – താമരക്കുളം റോഡ് ടാർ ചെയ്യുക.

വാർഡ് VII

നിർമ്മാണപ്രവർത്തനങ്ങൾ

1. താലപ്പൊലിപറമ്പ് – കല്ലട – പയറ്റിനിപ്പാടം റോഡ് നിർമ്മിക്കുക.
2. പാട്ടരാക്കി – കുനിയങ്ങോടി റോഡ് നിർമ്മിക്കുക.
3. ചക്കമാട് – പള്ളിപ്പടി റോഡ് നിർമ്മിക്കുക.
4. ചാലുവള്ളിപൊയിൽ – കുഞ്ഞാറ്റരു റോഡ് നിർമ്മിക്കുക.
5. കല്ല് – പാണംപടി – എരഞ്ഞിക്കുന്ന് പള്ളപ്പടി റോഡ് നിർമ്മിക്കുക.
6. മുണ്ടത്തോട് കോളനി – കാരാട്ടുകുന്ന് – കാക്കാത്തോട് റോഡ് നിർമ്മിക്കുക.
7. തുറക്കൽ – ചെറുവണ്ണൂർപള്ളി റോഡുകൾ.
8. ആടലിപ്പടി – കാരിക്കുളം – കളരിക്കുന്ന് – എരഞ്ഞിക്കുന്ന് – പള്ളിപ്പടി റോഡ് നിർമ്മിക്കുക.
9. എരഞ്ഞിക്കുന്ന് – താലപ്പൊലിപറമ്പ് റോഡ് നിർമ്മിക്കുക.
10. ചാരംകാവ് – എരഞ്ഞിക്കുന്ന് – പട്ടണംകുണ്ട് – വീതനശ്ശേരി – അയനിക്കോട് ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.
11. എരഞ്ഞിക്കുന്ന് പള്ളിപ്പടിയിൽ ഒരു നടപ്പാലം നിർമ്മിക്കുക.

തുടർ പ്രവർത്തനങ്ങൾ

1. മുതീരിപ്പള്ളി – പാലക്കോട് റോഡ് ടാർ ചെയ്യുക.
2. ചേരിപ്പറമ്പ് – താലപ്പൊലിപറമ്പ് – ചാരംകാവ് റോഡ് ടാർ ചെയ്യുക.
3. ചേരിപ്പറമ്പ് – അരിമ്പ റോഡ് ടാർ ചെയ്യുക.
4. താലപ്പൊലിപറമ്പ് – കാക്കാത്തോട് റോഡ് ടാർ ചെയ്യുക.

വാർഡ് IX
നിർമ്മാണപ്രവർത്തനങ്ങൾ

1. പൂളമണ്ണ – വാണിയമ്പലം റോഡിൽനിന്ന് വാരിയത്ത് കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.
2. വാരിയത്ത് കോളനിയുടെ സൈഡ് കെട്ടി മണ്ണാലിപ്പി തടയുക.
3. താളിയംകുണ്ട് – വാണിയമ്പലം റോഡിൽനിന്ന് 28–പൊറ്റയിൽ റോഡിലേക്ക് പടയാളിക്കുന്നിനുകുറുകെ റോഡ് നിർമ്മിക്കുക.
4. വായനശാല ഭാഗത്തു നിന്നും പുതിയമ്പാടത്തേക്ക് പോകുന്ന ഇടവഴി റോഡാക്കി പൊറ്റയിൽ റോഡുമായി ബന്ധിപ്പിക്കുക.
5. 28–പൊറ്റയിൽ റോഡ് ആശാരിപ്പടിക്കൽ ഓവുപാലം പണിയുക.
6. ചാക്യാർകുന്ന് ഭാഗത്തുനിന്ന് തുടങ്ങി പൊങ്കയിൽകുന്നുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.
7. കോഴിക്കലകുന്ന് – വിളക്കുചിറ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.
8. പൂളമണ്ണ – വാണിയമ്പലം റോഡിൽനിന്ന് മുണ്ടയിൽ കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.
9. മീമ്പാട്ടുചോല റോഡ് ചാക്യാർകുന്നുമായി ബന്ധിപ്പിക്കുക.
10. കുണ്ടടിക്കോളനി സൈഡുകെട്ടി മണ്ണാലിപ്പു തടയുക.
11. വായനശാലയുടെ പിറകിലൂടെ പാടത്തേക്കിറങ്ങുന്ന വഴി നന്നാക്കി റാമ്പ് കെട്ടുക.
12. കോട്ടക്കുന്ന് വായനശാല റോഡിൽ അഴുക്കുചാൽ നിർമ്മിക്കുക.
13. പാറക്കുളം മണിയാട് റോഡ് നിർമ്മിക്കുക.
14. ചോറ്റാംപറമ്പ് – പ്ലാപ്പറ്റ റോഡ് നിർമ്മിക്കുക.
15. ചോറ്റാംപറമ്പ് – വിളക്കുചിറ റോഡ് അഭിവൃദ്ധിപ്പെടുത്തുക.
16. ചോറ്റാംപറമ്പ് – 28 റോഡ് അഭിവൃദ്ധിപ്പെടുത്തുക.
17. പൊങ്കയിൽപടി – കാക്കാത്തോട് റോഡ് നിർമ്മിക്കുക.

തുടർ പ്രവർത്തനങ്ങൾ

1. 28 – പൊറ്റയിൽ റോഡ് ശിവക്ഷേത്രം മുതൽ 28 വരെ റീ ടാർ ചെയ്യുക.
2. പൂളമണ്ണ – വാണിയമ്പലം റോഡ് പൂർത്തിയാക്കുക
3. പഞ്ചായത്ത് ഗ്രൗണ്ട് – ചുണ്ടിയമ്പറ്റ കോളനി റോഡ് സോളിംഗ് – മെറ്റലിംഗ് കഴിച്ച് ടാർ ചെയ്യുക.
4. ചുണ്ടിയമ്പറ്റ – പടിക്കൽപറമ്പ് റോഡ് അഭിവൃദ്ധിപ്പെടുത്തുക.
5. കേരള ഗവ: 95–96ൽ മുഖ്യമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ (ബഡ്ജറ്റ് നമ്പർ: 6666 പാർട്ട് നമ്പർ: 2 പേജ് നമ്പർ: 92) ചെറുകോട് പൂത്രക്കോവ് റോഡുപണി ഉടൻ ആരംഭിക്കുക.

വാർഡ് IX
നിർമ്മാണപ്രവർത്തനങ്ങൾ

1. കാക്കാത്തോടിന് വല്യണ്ട് ഭാഗത്ത് പാലം പണിത് പാണ്ടിക്കാട് പഞ്ചായത്തുമായി ബന്ധപ്പെടുത്തുക.
2. അയനിക്കോട് – പരിജൻ കോളനി റോഡ് നിർമ്മാണം.
3. ചെറുകോട് – കോലകം – കുറത്തിയമ്പലം റോഡ് നിർമ്മാണം.
4. അയനിക്കോട് കാദർപ്പടി – മൊടാണിക്കുളം റോഡ് നിർമ്മാണം.
5. വീതലശ്ശേരി – കൊടശ്ശേരിയുമായി ബന്ധപ്പെടുന്നതിന് കാക്കാത്തോടിന് ആശാരുണ്ട്, വല്ലുണ്ട് എന്നീ സ്ഥലങ്ങളിൽ പാലങ്ങൾ പണിയുക.
6. വീതലശ്ശേരിയെ വെട്ടിക്കാട്ടിരിയുമായി ബന്ധിപ്പിക്കുന്ന ചോലക്കൽ ഭാഗത്ത് കാക്കാത്തോടിന് പാലം പണിയുക.
7. അയനിക്കോട് 27, ആശുപത്രിപ്പടി, കാദർപ്പടി എന്നീ സ്ഥലങ്ങളിൽ ബസ് വെയ്റ്റിംഗ് ഷെഡ് നിർമ്മാണം.
8. ചെറുകൊട് ബസ്സ്റ്റാന്റ് പണിയുക.
9. വീതനശ്ശേരി – കുളി – തോടിങ്ങൽപടി – കാക്കാത്തോട് പാലം റോഡ് നിർമ്മിക്കുക.
10. ചെരുകോട് യു. പി സ്കൂൾ റോഡ് കോൺക്രീറ്റ് ചെയ്യുക.

തുടർ പ്രവർത്തനങ്ങൾ

1. ആശാരിപ്പടി – വീതനശ്ശേരി റോഡ് ടാർ ചെയ്യുക.
2. അയനിക്കോട് – വീതനശ്ശേരി – ചോലക്കൽ റോഡുകൾ ടാർ ചെയ്യുക.
3. വീതനശ്ശേരി – മാഞ്ചേരിത്തൊടി കോളനി – കാക്കാത്തോട് റോഡ് ടാർ ചെയ്യുക.

4. വീതനശ്ശേരി – വല്ല്യണ്ട് – കൊടശ്ശേരി റോഡ് ടാർ ചെയ്യുക.
5. ആശാരിപ്പടി – വീതനശ്ശേരി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.
6. അയനിക്കോട് – വീതനശ്ശേരി റോഡ് റീ ടാർ ചെയ്യുക.

2011 നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക. നല്ല ഒരു ധനാഗമന സ്രോതസ്സുകൂടിയാണ് ഇത്.
2. K.S.R.T.C സൂപ്പർഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ് എന്നീ ബസ്സുകൾക്ക് അയനിക്കോട്, ചെറുകോട്, പുളിയക്കോട് എന്നീ സ്ഥലങ്ങളിൽ റിക്വസ്റ്റ് സ്റ്റോപ് അനുവദിക്കുക.
3. കരുവാറ്റക്കുന്ന, പോരൂർ വായനശാല, എരഞ്ഞീക്കുന്ന്, പാലക്കോട്, കോട്ടക്കുന്ന്, താലപൊലി പറമ്പ്, വീതനശ്ശേരി, രവിമംഗലം തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും വിവിധ ഭാഗങ്ങളിലേക്ക് ബസ് റൂട്ടുകൾ അനുവദിക്കുക.
4. താളിയംകുണ്ടിൽനിന്നും K.S.R.T.C ഓർഡിനറി ബസ്സുകൾ കോഴിക്കോട്, മലപ്പുറം ഭാഗത്തേക്ക് അനുവദിക്കുക.



ഊർജ്ജം

ഊർജ്ജവുമായി ബന്ധപ്പെട്ട ചർച്ചകളിൽ പ്രഥമ പരിഗണന അർഹിക്കുന്നത് വൈദ്യുതി തന്നേയാണ്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വൈദ്യുതി എത്തിച്ചേരാത്തതിന്റെ പരാതികൾ ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന പ്രശ്നങ്ങൾ പരിശോധിച്ചാൽ ബോദ്ധ്യപ്പെടും. സ്വന്തം നിലയിൽ വൈദ്യുതീകരണം നടത്താനുള്ള ഭാരിച്ച സാമ്പത്തിക ബാദ്ധ്യതകൾ വഹിക്കാനുള്ള ശേഷിയില്ലാത്ത കുടുംബങ്ങൾ അധിവസിക്കുന്ന മേഖലകളിലേക്ക് പഞ്ചായത്ത് മുൻകൈ എടുത്ത് വൈദ്യുതി എത്തിക്കേണ്ടതായിട്ടുണ്ട്. വൈദ്യുതിയുടെ അനവസരത്തിലും അനാവശ്യവുമായിട്ടുള്ള ഉപയോഗം പലപ്പോഴും വൈദ്യുതിക്ഷാമം നേരിടുന്ന കാലത്തുപോലും കാണപ്പെടാറുള്ളതാണ്. ഊർജ്ജ ദുർവ്വിനിയോഗം തടയേണ്ടതിന്റെ അവശ്യകതയെ കുറിച്ച് ഇനിയെങ്കിലും ബോധവൽക്കരണം ആവശ്യമാണെന്ന് തോന്നുന്നു.

വർഷങ്ങളോയി വൈദ്യുതി കിട്ടുന്നതിന് അപേക്ഷ നൽകിയ ധാരാളം പേർ ഈ പഞ്ചായത്തിലുണ്ട്. 10-ാം വാർഡിലെ ഒരു വ്യക്തി ഈർച്ചമിൽ പണി തീർത്തിട്ട് വർഷങ്ങളായി എങ്കിലും വൈദ്യുതി കണക്ഷൻ കിട്ടാത്തതിനാൽ മിൽ പ്രവർത്തനരഹിതമായി കിടക്കുന്നു. കാർഷികാവശ്യത്തിന് വൈദ്യുതി ലഭിക്കാതെ വിഷമിക്കുന്നവരും ഉണ്ട്. വൈദ്യുതി ലഭിക്കുന്നിടങ്ങളിൽ തന്നെ വോൾട്ടേജ് ക്ഷാമം ഒരു വലിയ പ്രശ്നമായി നില നിൽക്കുന്നു.

ഊർജ്ജരംഗത്ത് വൈദ്യുതിയല്ലാതെ നിലവിലുള്ള ഇതര പദ്ധതികളെക്കുറിച്ച് ഇന്നും സാമാന്യ ജനങ്ങൾ തികച്ചും അജ്ഞരാണ്. ANERT ന്റെ കീഴിലുള്ള വിവിധ സൗരോർജ്ജ ഗാർഹിക ഉപകരണങ്ങൾ വ്യാപകമാക്കുക വഴി ഊർജ്ജരംഗത്ത് വൈദ്യുതിയെ മാത്രം ആശ്രയിക്കുന്ന അവസ്ഥയിൽനിന്ന് മോചനം നേടാനാകും. സൗരോർജ്ജ വിളക്കുകൾ, പ്രഷർ കുക്കറുകൾ തുടങ്ങിയവ നമ്മുടെ ഊർജ്ജക്ഷാമത്തിന് തെല്ലൊന്നുമല്ല പരിഹാരമായിരിക്കുക.

ചുരുങ്ങിയ ചിലവിൽ സ്ഥാപിക്കാൻ കഴിയുന്ന പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുന്നതുവഴി നാം ഇന്നനുഭവിക്കുന്ന ഇന്ധനക്ഷാമം പരിഹരിക്കാനും, പുകശല്യം കുറക്കാനും അതോടൊപ്പം ഇതിന്റെ ഗുണഫലങ്ങൾ സാമാന്യജനങ്ങളിലേക്ക് എത്തിക്കുവാനും കഴിയും. വിവിധ പ്രദേശങ്ങളിൽ അടുപ്പുകൃാംപുകൾ നടത്തുക വഴി പുകയില്ലാത്ത അടുപ്പിന്റെ ഗുണഫലങ്ങൾ ബോദ്ധപ്പെടിത്താനും കൂടുതൽ വീടുകളിൽ ഇവ വ്യാപിപ്പിക്കുവാനും സാധിക്കും.

ഗ്രാമസഭാ ചർച്ചകളിൽ നിന്നുരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും താഴേ പറയും വിധം ക്രോഡീകരിക്കാം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ പലഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
2. വൈദ്യുതി ഉള്ള സ്ഥലങ്ങളിൽത്തന്നെ രൂക്ഷമായ വൈദ്യുതി ക്ഷാമം അനുഭവപ്പെടുന്നു.
3. പഞ്ചായത്തിലെ ഹരിജൻ കോളനികൾ ഭൂരിപക്ഷവും വൈദ്യുതീകരിക്കാനുണ്ട്.
4. തെരുവു വിളക്കുകൾ വേണ്ടത്രയില്ല.
5. ജനങ്ങൾക്ക് ഭീഷണിയായി നിൽക്കുന്ന പഴകി ദ്രവിച്ച ഇലട്രിക് പോസ്റ്റുകൾ.
6. പ്രസരണ നഷ്ടം.

നിർദ്ദേശങ്ങൾ

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
2. സി. ഡി. തുക അടച്ച് വർഷങ്ങളായി കാത്തിരിക്കുന്നവർക്ക് വൈദ്യുതി ലഭിക്കുവാൻ നടപടികൾ കൈക്കൊള്ളുക.
3. പഞ്ചായത്തിലെ എല്ലാ ഹരിജൻ കോളനികളും വൈദ്യുതീകരിക്കുക.
4. കാർഷികാവശ്യത്തിന് എത്രയും പെട്ടന്ന് വൈദ്യുതി ലഭിക്കുവാൻ നടപടി എടുക്കുക.
5. പഞ്ചായത്തിൽ വേണ്ടത്ര തെരുവു വിളക്കുകൾ സ്ഥാപിക്കുക.
6. സോളാർ ലാംപുകൾ, അടുപ്പുകൾ സോളാർ പമ്പുകൾ തുടങ്ങിയവ പഞ്ചായത്തിൽ സൗജന്യ നിരക്കിൽ വിതരണം ചെയ്യാൻ വേണ്ട സൗകര്യം ഏർപ്പെടുത്തുക.

7. പഞ്ചായത്തിലെ മൊത്തം വിടുകളിലും വൈദ്യുതി എത്തേണ്ടതായിട്ടുണ്ട്. ഗ്രാമസഭാ നിർദ്ദേശമനുസരിച്ച് വാർഡടിസ്ഥാനത്തിൽ ഉടനെ വൈദ്യുതി എത്തിക്കേണ്ട പ്രദേശങ്ങൾ പട്ടികയിൽ കാണിച്ചിരിക്കുന്നു.

വാർഡ്	പ്രദേശം
1.	പരതോട്, നെല്ലിക്കുത്ത് ഹരിജൻ കോളനികൾ
2.	തൊടികപുലം, കരുവാറ്റക്കുന്ന് പ്രദേശങ്ങൾ, ഹരിജൻ കോളനികൾ
3.	പള്ളിക്കുന്ന്, പൊടിയാട്കുണ്ട്, നങ്ങേലിപ്പാറ, അയനിക്കോട്, IIP സബ് സെന്റർ, കൃഷി ഭവൻ, വായനശാല, നിരവിൽകുണ്ട്, ചോലക്കുണ്ട് ഹരിജൻ കോളനികൾ.
4.	പട്ടണംകുണ്ട്, എരഞ്ഞിക്കുന്ന്, വീതനശ്ശേരി എന്നിവിടങ്ങളിലേക്ക് അനുവദിച്ച സ്പെഷൽ ഓർഡർ കണക്ഷൻ ത്വരിതപ്പെടിത്തുക, ഹരിജൻ കോളനികൾ, വൈത്യുതി എത്താത്ത മറ്റു പ്രദേശങ്ങൾ.
5.	ചുണ്ടങ്ങോച്ചോല, പോരൂർ ഗവ: ഹൈസ്കൂൾ, ഹരിജൻ കോളനികൾ.
6.	ഹരിജൻ കോളനികൾ, അത്തിക്കുന്ന്, കക്കോട്, പാലക്കോട്, ചുള്ളി സബ്സെന്റർ, ചുള്ളി കോവിലകംപൊയിൽ.
7.	ഹരിജൻ കോളനികൾ, കോട്ടക്കുന്ന് IPP സബ്സെന്റർ അംഗനവാടി, എൽ. പി. സ്കൂൾ നെല്ലിപ്പറ്റ, മച്ചിയാട്, പനിച്ചോംകുന്ന്, ചാലിപ്പാറ, മണിയറാംപൊയിൽ
8.	ഹരിജൻ കോളനികൾ, ആലിപ്പടി ഭാഗം.
9.	ഹരിജൻ കോളനികൾ, വൈദ്യുതിയില്ലാത്ത മറ്റു സ്ഥലങ്ങൾ കോഴിക്കൻകുന്ന് ആനക്കഴവൻകുന്ന്, മൂച്ചിപ്പൊയിൽ, കൊളപ്പാട്ടിൽ
10.	ഹരിജൻ കോളനികൾ, വൈദ്യുതിയില്ലാത്ത മറ്റു സ്ഥലങ്ങൾ

5.8

സംസ്ക്കാരം

സാംസ്ക്കാരികം

വളരെയേറെ സാംസ്ക്കാരിക പാരമ്പര്യം അവകാശപ്പെടാവുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. പ്രത്യേകിച്ചും പോരൂർ മേഖലയിൽ. പോരൂർ യുവജന കലാസമിതി ഏതാണ്ട് ഒന്നര പതിറ്റാണ്ടുകാലം വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വന്നിരുന്നു. നാടകാവതരണം, മേയ്ക്കപ്പ്, കർട്ടൻ, രംഗസജ്ജീകരണം എന്നിവ ഒരുക്കിക്കൊടുക്കൽ തുടങ്ങിയ മേഖലകളിൽ സ്തുത്യർഹമായ പ്രവർത്തനം സമിതി നടത്തിയിരുന്നു. പോരൂർ എ. യു. പി. സ്ക്കൂളിൽ സംഘടിപ്പിച്ച നാടക പഠന ക്യാമ്പിൽ ചെറുകാട്, കെ. ടി. മുഹമ്മത്, കെ. എ. കൊടുങ്ങല്ലൂർ തുടങ്ങിയ പ്രഗത്ഭരായ നാടകകൃത്തുക്കൾ ക്ലാസ്സെടുക്കാൻ എത്തിയിരുന്നു. സന്നദ്ധപ്രവർത്തനത്തിലും സമിതി മുൻപന്തിയിലുണ്ടായിരുന്നു.

പോരൂർ ജനകീയ വായനശാലയും കലാ സമിതിയും ചേർന്ന് പുറത്തിറക്കിയിരുന്ന 'ചിലമ്പൊലി', ചാത്തങ്ങോട്ടുപുലത്ത് പ്രവർത്തിച്ചിരുന്ന വായനശാല യുടേയും കലാ സമിതിയുടേയും ആഭിമുഖ്യത്തിൽ ഇറങ്ങിയിരുന്ന 'ജ്ഞാനദീപം' എന്നീ കയ്യെഴുത്തുമാസികകൾ അക്കാലത്തു ഈ ഗ്രാമീണ ജനങ്ങളുടെ സാഹിത്യവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിരുന്നു. വടകര സ്വദേശിയായ ആശാൻ നാരായണക്കുറുപ്പ് പരിശീലനവും നേതൃത്വവും നൽകി വന്നിരുന്ന സംഗീത നാടക സംഘം വളരെയേറെ പ്രസിദ്ധമായിരുന്നു. ഈ പ്രസ്ഥാനങ്ങളുടെ തിരോധാനത്തി നു ശേഷം ഈ പ്രദേശത്ത് കലാസാംസ്ക്കാരിക സന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ ചാത്തങ്ങോ പുലത്ത് രൂപീകരിച്ച 'യുവതരംഗം' നല്ല രീതിയി പ്രവർത്തിച്ചു വന്നു. ക്ഷേത്ര വാദ്യകലാരംഗത്ത് പ്രശസ്തരാ പോരൂർ സഹോദരൻമാർ ഈ പഞ്ചായത്തിന്റെ അഭിമാനമാണ്. 1990 ലെ സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ യുവതരംഗം പ്രവർത്തകർ മാതൃകാപരമായ പ്രവർത്തനം കാഴ്ച വെച്ചു.

പഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡുകളിലും ഇന്ന് ആർട്സ്, സ്പോർട്ട്സ് ക്ലബ്ബുകൾ നിലവിലുണ്ട്. ഇവയിൽ മിക്കവയും പ്രവർത്തനനിരതമല്ല. എന്നാൽ ചെറുകാട് യാസ് ക്ലബ്ബ്, വീരനശ്ശേരി കലാസാഹിത്യ വേദി എന്നിവയുടെ പ്രവർത്തനങ്ങൾ എടുത്തുപറയത്തക്കതാണ്. രണ്ടു പതിറ്റാണ്ട് മുൻപ് രൂപീകരിക്കപ്പെട്ട യാസ് ക്ലബ്ബ് സ്പോർട്ട്സ്, ആർട്സ്, സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിലും സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സ്മരണീയമാണ്. കർട്ടൻ മേയ്ക്കപ്പ് തുടങ്ങി നാടക കലാരംഗങ്ങളിൽ വീരനശ്ശേരി കലാസാഹിത്യ വേദി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും പ്രസ്താവ്യമാണ്.

ഈ പഞ്ചായത്തിത്തിൽ 9 വായനശാലകൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനവും കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് മന്ദീഭവിച്ചിട്ടുണ്ട്. ജനങ്ങളിൽ വായനാശീലം കുറഞ്ഞു വരുന്നതും ഇലക്ട്രാണിക്സ് മാധ്യമങ്ങളുടെ വ്യാപനവും വായനശാലാപ്രവർത്തന

മെന്ന മന്ദീഭവിപ്പിച്ചിട്ടുണ്ട്. ഇതിനു പരിഹാരം കാണേണ്ടതാണ്. ഇവയിൽ പോരൂർ ജനകീയ വായനശാല, ചാത്തങ്ങോട്ടുപുരം യുവതരംഗം എന്നിവ കേരള ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്തവയാണ്. നമുക്ക് അന്യം വന്നുകൊണ്ടിരിക്കുന്ന സന്നദ്ധസേവന മനോഭാവവും ക്ലബ്ബുകളുടെ നിർജ്ജീവതക്ക് കാരണമാണ്.

സാംസ്ക്കാരിക രംഗത്തെ പുനരുജ്ജീവനം ഇന്നത്തെ യുവാക്കളിൽ കണ്ടുവരുന്ന പലതരത്തിലുള്ള അനാരോഗ്യ പ്രവർത്തനങ്ങൾക്കും കടിഞ്ഞാണിടാൻ സഹായിക്കും. പഞ്ചായത്തിലെ ക്ലബ്ബുകളുടേയും വായനശാലകളുടേയും വിവരം പട്ടികയിൽ ചേർത്തിരിക്കുന്നു.

പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിലെ രണ്ടാം വാർഡിൽ സാംസ്ക്കാരിക കേന്ദ്രങ്ങൾ ഒന്നും ഇല്ല.
2. ഏഴോളം വായനശാലകൾക്ക് സ്ഥലവും കെട്ടിടവുമില്ല.
3. പല ക്ലബ്ബുകൾക്കും സ്വന്തമായി കെട്ടിടമോ കളിസ്ഥലമോ സ്പോർട്ട്സ് ഉപകരണങ്ങളോ ഇല്ല.
4. രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം നിർജ്ജീവാവസ്ഥയിലാണ്. ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനരഹിതമാണ്.
5. കായികരംഗത്ത് പ്രാചീനങ്ങളായ കളികൾ അന്യം നിന്നു പോയിരിക്കുന്നു.
6. കലാസാഹിത്യ അഭിരുചിയുള്ള ദരിദ്ര വിദ്യാർത്ഥികളുടെ മുന്നിലേക്കുള്ള മാർഗ്ഗം അടഞ്ഞുകിടക്കുന്നു. സർഗാത്മകാവനകൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.
7. വിദ്യാലയങ്ങളിൽ പാഠ്യേതര വായന പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
8. പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ ആവശ്യമാണ്.
9. പഞ്ചായത്ത് ലൈബ്രറി പ്രവർത്തനരഹിതമാണ്.
10. ജില്ലാ, സബ് ജില്ലാ തലങ്ങളിൽ കലാ കായിക രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച ഒട്ടേറെ പ്രതിഭകൾ ഈ പഞ്ചായത്തിലുണ്ട്. ശാസ്ത്രീയമായ പരിശീലനത്തിന്റെ അഭാവം മൂലം ഈ പ്രതിഭകൾ മുരടിച്ചു പോകുന്നു.
11. കലാരംഗത്തും നമുക്ക് ഒട്ടേറെ പ്രതിഭകൾ ഈ പഞ്ചായത്തിലുണ്ട്. ശാസ്ത്രീയമായ പരിശീലനത്തിന്റെ അഭാവം മൂലം ഈ പ്രതിഭകൾ മുരടിച്ചു പോകുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തുതലത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ തുടങ്ങുക.
2. സ്ഥലവും കെട്ടിടവും ഇല്ലാത്ത വായനശാലകൾക്ക് അവ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
3. വായനശാലകളോ ഗ്രന്ഥാലയങ്ങളോ മറ്റു സാംസ്ക്കാരിക നിലയങ്ങളോ ഇല്ലാത്ത രണ്ടാം വാർഡിൽ അതിനുള്ള പരിഹാരശ്രമം നടത്തുക,
4. നിരവിൽ കുന്ന് ജനവിദ്യാകേന്ദ്രത്തിന്ന് സ്ഥലവും മറ്റു സൗകര്യങ്ങളും നൽകി അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക. സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിന്റെ ഭാഗമായ തുടർ വിദ്യാഭ്യാസ പരിപാടി സജീവമാക്കുക.
5. " വായിച്ചു വളരുക " എന്ന ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ മുദ്രാവാക്യം ജനങ്ങളിൽ വീണ്ടും ഉണർത്താൻ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
6. കായിക പ്രതിഭകളെ ബാല്യത്തിൽ തന്നെ കണ്ടുപിടിച്ചു വളർത്തിയെടുക്കാൻ പഞ്ചായത്തുതലത്തിൽ പരിശീലന പരിപാടികൾക്ക് രൂപം നൽകുക.
7. കലാ സാഹിത്യ പ്രതിഭകളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുവാൻ വാർഷികങ്ങൾ സംഘടിപ്പിക്കുക.
8. നാടൻ കലകളേയും പ്രാചീന കായിക വിനോദങ്ങളേയും പ്രോൽസാഹിപ്പിക്കുക.
9. ഒന്നാം വാർഡിലെ മൂളിപ്പറമ്പ് ഗ്രൗണ്ട് പഞ്ചായത്ത് ഏറ്റെടുത്ത് നിരപ്പാക്കി കളിസ്ഥലമാക്കി മാറ്റുക.
10. പോരൂർ കുളി ഗ്രൗണ്ട് നിരപ്പാക്കി മിനി സ്റ്റേഡിയമായി ഉയർത്തുക.
11. പോരൂർ എ.യു.പി സ്ക്കൂൾ ഗ്രൗണ്ട് നിരപ്പാക്കി നല്ല കളിസ്ഥലമാക്കി നടപ്പാക്കാൻ വേണ്ട ശ്രമം നടത്തുക.
12. സ്പോർട്ട്സ് ക്ലാസുകൾക്ക് സ്പോർട്ട്സ് ഉപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കുക.
13. ചെറുകോട് ആസ്ഥാനമായി ഒരു സാംസ്ക്കാരക നിലയവും അതിനോടനുബന്ധിച്ച് റിക്രിയേഷൻ ക്ലബ്ബും റീഡിങ്ങ് റൂമും പബ്ലിക്ക് ലൈബ്രറിയും സ്ഥാപിക്കുക.
14. പുളിയക്കോട്, കോട്ടക്കുന്ന്, താളിയംകുണ്ട്, തൊടികപ്പുലം കരുമാറ്റക്കുന്ന്, എരഞ്ഞിക്കുന്ന്, മേലണ്ണം, വീതനശ്ശേരി, പട്ടണം കുണ്ട്, നിരന്നപാമ്പ് എന്നിവിടങ്ങളിൽ

സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

15. കലാ കായിക മത്സരങ്ങൾ വർഷത്തിൽ ഒരിക്കൾ പഞ്ചായത്തുതലത്തിൽ നടത്തുക.

16. നാലാം വാർഡിൽ ക്രസന്റ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബിന്റെ കീഴിലുള്ള ഗ്രൗണ്ട് റിപ്പയർ ചെയ്യുക.

17. പോരൂർ ഹൈസ്കൂൾ ഗ്രൗണ്ട് വീതികൂട്ടി വിപുലമാക്കി കൂടുതൽ സൗകര്യപ്രദമാക്കുക.

18. പഞ്ചായത്തു ലൈബ്രറിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക.

19. പഞ്ചായത്തിലെ വായനശാലകൾ പരസ്പര സഹകരണത്തിലൂടെ പുസ്തകങ്ങൾ കൈമാറ്റം നടത്തി കൂടുതൽ പുസ്തകങ്ങൾ വായിക്കുവാനുള്ള അവസരത്തിന് ഒരു കേന്ദ്രീകൃത സംവിധാനം ഉണ്ടാക്കുന്നത് നല്ലതായിരിക്കും.

പഞ്ചായത്തിലെ ആർട്സ് & സ്പോർട്സ് ക്ലബുകൾ

നമ്പർ	പേര്	വാർഡ്
1.	ഹരിശ്രീ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പൂത്രക്കോവ്	1
2.	ദേശീയ കലാസമിതി & വായനശാല , പൂത്രക്കോവ്	1
3.	സനാതന സ്പോർട്സ് ക്ലബ്ബ്, തൊടികപ്പുലം	2
4.	യുണൈറ്റഡ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, താളിയം കുണ്ട്	2
5.	റെഡ് സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, അയനിക്കോട്	3
6.	കരുണ ക്ലബ്ബ്, നിരവിൽകുന്ന്	3
7.	ക്രസന്റ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വീതനശ്ശേരി	4
8.	യുവജന കലാസമിതി, വീതനശ്ശേരി	4
9.	മൈത്രി ക്ലബ്ബ്, എരഞ്ഞിക്കുന്ന്	4
10.	ചാലഞ്ച്, എരഞ്ഞിക്കുന്ന്	4
11.	സർഗ്ഗധാര ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മേലണ്ണം	4
12.	വീതനശ്ശേരി കലാസാഹിത്യ വേദി	4
13.	യുവജന കലാസമിതി, രവിമംഗലം	5
14.	സർഗ്ഗവേദി, തത്തംപറമ്പ്	5
15.	ക്ലാസിക്ക് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പാലക്കോട്	6
16.	യുവചേതന ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പാലക്കോട്	6
17.	സരണി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, നിരന്നപറമ്പ്	6
18.	ബ്രദേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കോട്ടക്കുന്ന്	7
19.	സാംസൺ ആർട്സ് & ക്ലബ്ബ്, പുളിയക്കോട്	7
20.	സർഗ്ഗധാര ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പുളിയക്കോട്	7
21.	ലിറ്റിൽ ഫ്ലവർ സ്പോർട്സ് ക്ലബ്ബ്, കോട്ടക്കുന്ന്	7
22.	യുവസാഗര ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പുതിയത്തുകുന്ന്	7

23.	യുവതരംഗം, ചാത്തങ്ങോട്ടുപുറം	8
24	പ്രിയദർശിനി ക്ലബ്ബ്, ചാത്തങ്ങോട്ടുപുറം	8
25.	ചേന്നമംഗലം യുവജന കലാസമിതി, നിരന്നപറമ്പ്	8
26.	ഫിനിക്സ് ക്രിക്കറ്റ് ക്ലബ്ബ്, പോരൂർ	9
27.	പോരൂർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പോരൂർ	9
28.	യാസ് ക്ലബ്ബ്, ചെറുകോട്	10
29.	സംസ്കക്കാര, ചെറുകോട്	10
30.	സപര്യ, ചെറുകോട്	10
31.	ക്രസന്റ് യൂത്ത് സെന്റർ, ചെറുകോട്	10
32.	യൂണിത്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ചെറുകോട്	10

പഞ്ചായത്തിലെ വായനശാലകൾ

നമ്പർ	പഞ്ചായത്തിലെ വായനശാലകൾ	വാർഡ്
1.	ദേശീയകലാ സമിതി വായനശാല, പൂത്രക്കോവ്	1
2.	ജ്ഞാനോദയം വായനശാല, അയനിക്കോട്	3
3	അക്ഷയ വായനശാല, രവിമംഗലം	5
4.	യുവതരംഗം വായനശാല, ചാത്തങ്ങോട്ടുപുറം	8
5.	ജനകീയ വായനശാല, പോരൂർ	9
6.	പ്രിയദർശിനി വായനശാല, ചെറുകോട്	10
7.	യുവത ലൈബ്രറി, ചെറുകോട്	10
8.	പഞ്ചായത്ത് ലൈബ്രറി, ചെറുകോട്	10

5.9

വനിത

സാമൂഹ്യപ്രവർത്തന മേഖലകളുമായി പരിമിതമായ തോതിലെങ്കിലും സ്ത്രീകൾ ബന്ധപ്പെട്ടു തുടങ്ങിയത്, കേരളത്തിൽ ദശാബ്ദങ്ങൾക്ക് മുമ്പ് രൂപമെടുത്ത സാമൂഹ്യ പരിഷ്കരണ ദേശീയ നവോത്ഥാന പ്രസ്ഥാനങ്ങളിലൂടെയായിരുന്നു. സ്ത്രീവിദ്യാഭ്യാസത്തിന്റെ ആശ്യകതയും പ്രാധാന്യവും ബോധ്യപ്പെടുത്തുന്നതിന് സഹായകമായ ചർച്ചകളും ഇക്കാലത്താണ് വ്യാപകമായത്. പിന്നോക്കവിഭാഗക്കാരായ മുസ്ലീങ്ങളും പട്ടികജാതിക്കാരുമാണ് ജനസംഘ്യയിൽ ഭൂരിപക്ഷമെങ്കിലും, പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള സവർണ്ണ ഹൈന്ദവ കുടുംബങ്ങളാണ് ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജനയിതാക്കൾ. ഇവർ മുൻകൈ എടുത്ത് നടത്തിയിരുന്ന 'കുടിപ്പള്ളിക്കൂട'ങ്ങളായിരുന്നു വനിതകളടക്കമുള്ളവർക്ക് ആദ്യകാല വിദ്യാഭ്യാസം നൽകുന്നതിന് സഹായകമായത്. വിവിധ മതവിഭാഗക്കാരായ പുരുഷന്മാർക്കും, ഉന്നതകുലജാതരായ സ്ത്രീകൾക്കും ഇത്തരം കുടിപ്പള്ളിക്കൂടങ്ങളിൽ പ്രവേശനം നിഷിദ്ധമായിരുന്നു. അതുകൊണ്ടുതന്നെ ജനസംഖ്യയിൽ വലിയ വിഭാഗം വരുന്ന മുസ്ലീം സ്ത്രീകൾ അക്ഷര ലോകത്തുനിന്നും അകന്നുനിന്നു. അക്കാലത്തുതന്നെ മുസ്ലീം സമുദായത്തിലെ പെൺകുട്ടികളടക്കമുള്ളവർക്ക് മതപാഠത്തോടൊപ്പം അക്ഷരാഭ്യാസം കൂടി നൽകുന്നതിന് 'ഓത്തുപള്ളികൾ' ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ തുടർച്ച നിലനിർത്തിക്കൊണ്ട് പൊതു വിദ്യാഭ്യാസ രംഗത്തേക്ക് അവരെ നയിക്കുവാൻ ഇത്തരം മതസ്ഥാപനങ്ങൾ മുൻകൈ എടുത്തിരുന്നില്ല. ഉതാന് ഒരു പരിധിവരെ തടസ്സം നിന്നിരുന്നത് അന്ന് നിലനിന്ന സങ്കുചിത വിശ്വാസമായിരുന്നു.

എന്നാൽ ഇന്ന് ഇതിൽനിന്നും വളരെ വ്യത്യസ്തമായിക്കൊണ്ട് ഉന്നതവിദ്യാഭ്യാസരംഗത്തുപോലും മുസ്ലീം വനിതകളുടെ പങ്കാളിത്തം വളരെയേറെയാണ്.

സ്ത്രീകളെ സാമൂഹ്യമുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് പ്രധാന തടസ്സമായി നിന്നിരുന്നത് സ്ത്രീവിദ്യാഭ്യാസത്തിന്റെ അഭാവമായിരുന്നു. എഴുതാനും വായിക്കാനുമുള്ള പരിശീലന് മാത്രമായിരുന്നു അക്കാലത്തെ വനിതാ വിദ്യാഭ്യാസം. അതുകൊണ്ടതന്നെ അക്കാലത്ത് പൊതുവേദികളിലും, പൊതുപ്രവർത്തന പരിപാടികളിലും, തൊഴിൽ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവായിരുന്നു. സ്ത്രീകളിലേറേയും രാവിലെ മുതൽ വൈകുന്നേരം വരേയും കാർഷിക വൃത്തികൾ പോലുള്ള കൂലി വേലകളിൽ ഏർപ്പെട്ടിരുന്നവരായിരുന്നു. പട്ടികജാതി വിഭാഗത്തിലെ ചില സ്ത്രീകളെങ്കിലും 'പായ നെയ്ത്' പോലുള്ള പാരമ്പര്യ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരുന്നതായി പറയപ്പെടുന്നു. ഇക്കാരണങ്ങൾ കൊണ്ടുതന്നെ സ്ത്രീകൾക്ക് മറ്റുമേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാനുള്ള സാധ്യതകൾ ഉണ്ടായിരുന്നില്ല. ആണ്ടിലൊരിക്കലോ മറ്റോ നടന്നിരുന്ന ഉൽസവങ്ങളും, മതപരമായ മറ്റു ഒത്തുചേരലുകളുമായിരുന്നു വിവിധ രംഗങ്ങളിലെ സ്ത്രീകളുടെ കൂട്ടായ്മക്ക് വേദിയൊരുക്കിയിരുന്നത്. പഞ്ചായത്തിന്റെ സാമൂഹ്യ-സാംസ്കാരിക ചരിത്രം പരിശോദിക്കുമ്പോൾ മനസ്സിലാകുന്ന വസ്തുത, ഈ അടുത്ത കാലം വരെയും സ്ത്രീകൾ സാമൂഹ്യപ്രവർത്തന മേഖലകളിൽനിന്ന് അകന്നു നിൽക്കുന്നു എന്നാണ്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവിർഭാവത്തോടെ ജാതി-മത ചിന്തകൾക്കതീകതമായി സ്ത്രീ-പുരുഷ

വിദ്യാഭ്യാസത്തിനുള്ള വാതിലുകൾ മലർക്കെ തുറക്കപ്പെട്ടു. ഇതിന്റെ തുടർച്ചയായിട്ടാണ് വിവിധ സാമൂഹ്യസാംസ്കാരിക പ്രവർത്തന മേഖലകളിൽ സ്ത്രീകളുടെ ഇടപെടലുകൾ സജീവമായത്.

വനിതകളുടെ സാമൂഹ്യവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പുരോഗതിയിൽ വിവിധ വനിതാ സന്നദ്ധ സാംസ്കാരിക സംഘങ്ങളും വനിതാ വേദികളും വഹിക്കുന്ന പങ്ക് സുപ്രധാനമാണ്. അത്തരം സ്ഥാപനങ്ങളുടെ അഭാവമാണ് സ്ത്രീകളുടെ പിന്നാക്കാവസ്ഥക്ക് ഒരു പരിധിവരെ കാരണമായിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ കൂട്ടായ്മയോടെ ആദ്യമായി CARE ന്റെ ആഭിമുഖ്യത്തിൽ ഒരു മഹിളാസമാജവും അതിന്റെ കീഴിൽ ഒരു ബാലവാടിയും പോരൂരിൽ പ്രവർത്തനമാരംഭിച്ചത് 1969 ലാണ്. ഇതിന്റെ തുടർച്ചയായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മഹിളാ സമാജങ്ങളും വനിതാ വേദികളും രൂപീകരിക്കപ്പെട്ടു. പഞ്ചായത്തിലെ മഹിളാ സമാജങ്ങളുടെ പട്ടിക കാണുക. പൊതു രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തവും പ്രാധാന്യവും വർദ്ധിക്കുന്നതിന് ഈ മഹിളാ സംഘടനകൾ വളരേയേറെ സഹായകമായി. ഇതിന്റെ ഗുണഫലങ്ങൾ ആരോഗ്യരംഗത്തും മാതൃ-ശിശു സംരക്ഷണ രംഗത്തും വളരെയേറെ പ്രകടമാണ്. മഹിളാ സമാജങ്ങൾ മുൻകൈയെടുത്ത് നടത്തിയിരുന്ന ആരോഗ്യ ക്യാമ്പുകളും ക്ലാസുകളും ബോധവൽക്കരണ പ്രവർത്തനങ്ങളും പ്രതിരോധ കുത്തിവെപ്പുകളും ഇതിന് ഏറെ സഹായകമായിട്ടുണ്ട്.

പട്ടിക 1

പഞ്ചായത്തിലെ മഹിളാ സമാജങ്ങൾ

നം.	മഹിളാ സമാജത്തിന്റെ പേര്	വാർഡ്
1.	കൈരളി മഹിളാ സമാജം, പൂത്രക്കോവ്	1
2.	പോരൂർ മഹിളാ സമാജം, പോരൂർ	9
3.	ഇസ്ലാഹിയ മഹിളാ സമാജം അയനിക്കോട്	3
4.	ജയാ മഹിളാ സമാജം പാലക്കോട്	6
5.	ഗീതാ മഹിളാ സമാജം, തോട്ടുപുറം	5
6.	ചാത്തങ്ങോട്ടുപുറം മഹിളാ സമാജം ചാത്തങ്ങോട്ടുപുറം	8

വിവിധ സാമൂഹ്യക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്തി സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് മുൻഗണന നൽകി അവർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിന് വിവിധ പദ്ധതികൾ ഇന്ന് നിലവിലുണ്ട്. വിധവകൾക്കും അഗതികൾക്കും ഉള്ള പെൻഷനുകൾ, DWCRA പോലുള്ള വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നതിനുള്ള ധനസഹായങ്ങൾ തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങൾ സ്ത്രീകൾക്ക് സാമൂഹ്യമായ ഉത്തേജനം നൽകുന്നതിന് ഇടയാക്കിയിട്ടുണ്ട്.

സാക്ഷരതാ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളുമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ധാരാളം വനിതാ പ്രവർത്തകരുടെ സേവനം ലഭ്യമാക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തകരിലേറെയും പഞ്ചായത്തിന് മുതൽക്കൂട്ടായി നിലനിൽക്കുന്നത് വിവിധ മഹിളാസമാജങ്ങൾ, വനിതാ സംഘടനകൾ, CBNP തുടങ്ങിയവയിലൂടെയാണ്.

1996 മാർച്ച് 19 ന് ചെറുകോട് കേന്ദ്രമായി പ്രവർത്തനമാരംഭിച്ച പോരൂർ വനിതാ വായ്പാ സഹകരണ സംഘം, പഞ്ചായത്തിൽ വനിതകളുടെ നേതൃത്വത്തിൽ നടത്തുന്ന ഏക സഹകരണ സ്ഥാപനമാണ്. വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങൾക്കായി സ്ത്രീകൾക്കാവശ്യമായ ധനസഹായം നൽകുന്നതിനാണ് ഈ സ്ഥാപനം മുൻഗണന നൽകുന്നത്.

പഞ്ചായത്തീരാജ് – നഗരപാലികാ ഭേദഗതികളോടുകൂടി ഭരണ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം പൂർവ്വാധികം വർദ്ധിച്ചിരിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഇതിന്റെ ഫലമായി ഭരണതലത്തിൽ മൂന്നിലൊരു ഭാഗം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടുകഴിഞ്ഞു. ഇതിന്റെ ഭാഗമായിട്ടാണ് നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള പത്ത് വാർഡുകളിൽ നാലെണ്ണം വനിതാ സംവരണ വാർഡുകളായിത്തീർന്നിട്ടുള്ളത്.

1991 ലെ സെൻസസ് അനുസരിച്ച് 10956 പുരുഷന്മാരും 11397 സ്ത്രീകളുമടക്കം പഞ്ചായത്തിലെ ജനസംഖ്യ 22353 ആണ്. അഭ്യസ്തവിദ്യരായ വനിതകൾ ഏറെയുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസം നേടിയ വനിതകൾ നമ്മുടെ

പഞ്ചായത്തിൽ കുറവാണ്. മുസ്ലിം - പിന്നോക്ക വിഭാഗങ്ങളിൽ നിന്നുപോലും ഉന്നത വിദ്യാഭ്യാസം നേടിയെടുക്കാനുള്ള അഭിവാഞ്ഛ ഇന്ന് ഏറെ പ്രകടമാണ് എന്ന വസ്തുത ഏറെ ആഹ്ലാദകരമാണ്. വിവിധ സർക്കാർ - അർദ്ധ സർക്കാർ - സ്വകാര്യമേഖലകളിൽ ജോലി ചെയ്യുന്ന വനിതകളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ വർഷം തോറും വർദ്ധിച്ചുവരുന്നതായി കാണാൻ കഴിയും. ഇത് വരും കാലങ്ങളിൽ സ്ത്രീ പങ്കാളിത്തം വിവിധ മേഖലകളിൽ സജീവമാവുന്നതിന്റെ സൂചനയായി കണക്കാക്കാവുന്നതാണ്.

സാമൂഹ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും സ്ത്രീകൾക്കുണ്ടായിട്ടുള്ള ഈ ഉണർവും സജീവതയും വിവിധ പ്രവർത്തന മേഖലകളിലൂടെ ക്രിയാത്മകമായി വിനിയോഗിക്കുക വഴി വനിതാ പ്രവർത്തകരുടെ സർഗ്ഗ ശേഷി എക്കാലവും പഞ്ചായത്തിന് മുതൽക്കൂട്ടായി നിലനിർത്താൻ കഴിയും. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ സ്ത്രീകളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. രവിമംഗലത്ത് ഒരു വനിതാ വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുക.
2. പാവപ്പെട്ട വിധവകളുടെ പെൺകുട്ടികളെ വിവാഹം ചെയ്തയക്കുന്നതിനുള്ള ധനസഹായം ചുരുങ്ങിയത് 10000 രൂപയായി വർദ്ധിപ്പിക്കുക.
3. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുക.
4. വനിതകൾക്ക് നേരേ നടക്കുന്ന അതിക്രമങ്ങൾക്കും പീഡനങ്ങൾക്കുമെതിരേ പ്രവർത്തിക്കുന്നതുന് നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീകരിക്കുക.
5. മഹിളാസമാജങ്ങൾ രൂപീകരിച്ച് വനിതാ ക്ഷേമപദ്ധതികൾ നടപ്പാക്കുക.
6. വയസ്സായ സ്ത്രീകൾക്ക് പെൻഷൻ നൽകുക.
7. സ്ത്രീകൾക്ക് പച്ചക്കറികൃഷി ചെയ്യുന്നതിന് ആവശ്യമായ വിത്തും വളവും കീടനാശിനികളും കൃഷി ഭവൻ മുഖേന നൽകുക.
8. ചേരിപാമ്പിൽ ഒരു അംഗൻവാടി ആരംഭിക്കുക.
9. സ്ത്രീധന സമ്പ്രദായം ഇല്ലാതാക്കാൻ സമൂഹത്തിൽ ബോധവൽക്കരണം നടത്താൻ പഞ്ചായത്ത് നേതൃത്വം നൽകുക.
10. പുളിയക്കോട് കേന്ദ്രീകരിച്ച് ഒരു കൈത്തറി യൂണിറ്റ് ആരംഭിക്കുക.
11. തയ്യൽ പരിശീലന യൂനിറ്റുകൾ, തീപ്പെട്ടി നിർമ്മാണ യൂനിറ്റ് എന്നിവ വാർഡുകൾ തോറും നിർമ്മിക്കാൻ സഹായം നൽകുക.
12. കോട്ടക്കുന്ന് കേന്ദ്രമാക്കി ആട്-കോഴി വളർത്തൽ കേന്ദ്രം ആരംഭിക്കുക.
13. നിർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹത്തിന് പഞ്ചായത്ത് വകയായി ധനസഹായം നൽകുക.
14. പ്രസവാനുകൂല്യം 300 രൂപയിൽനിന്ന് 3000 രൂപയായി വർദ്ധിപ്പിക്കുക.
15. വനികതൾക്ക് റബ്ബർ ടാപ്പിംഗ് പരിശീലനം ലഭ്യമാക്കാൻ റബ്ബർ ബോർഡിൽനിന്ന് പഞ്ചായത്ത് തലത്തിൽ പരിശീലനം ലഭ്യമാക്കുക.
16. വിധവാ-അഗതി പെൻഷനുകൾ വർദ്ധിപ്പിക്കുകയും അർഹരായവർക്കെല്ലാം ലഭ്യമാക്കുകയും ചെയ്യുക.
17. കള്ളുഷാപ്പുകൾ നിർത്തലാക്കുക.
18. തെയ്യത്തും കുന്നിൽ അംഗൻവാടി ആരംഭിക്കുക.
19. എരഞ്ഞിക്കുന്ന്, നിരന്നപറമ്പ്, മേലണ്ണം, എടപ്പുലം, വീതനശ്ശേരി, കരുവട്ടംചോല, പട്ടണംകുണ്ട് എന്നീ കേന്ദ്രങ്ങളിൽ വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക.
20. 5 കേന്ദ്രങ്ങളിലെങ്കിലും അൾണങ്കഏ യൂനിറ്റുകൾ സ്ഥാപിച്ച് സ്വയം തൊഴിൽ സൗകര്യങ്ങൾ ലഭ്യമാക്കണം.
21. ഉന്നത വിദ്യാഭ്യാസത്തിന് വനിതകൾക്ക് സാമ്പത്തിക സഹായം നൽകുക.
22. സാമൂഹ്യ സേവന രംഗത്ത് സ്ത്രീകളെ സജീവമാക്കുന്നതിന് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക. നല്ല സാമൂഹ്യ പ്രവർത്തകർക്ക് അവാർഡ് ഏർപ്പെടുത്തുക.
23. ശൈശവ വിവാഹ സമ്പ്രദായത്തിനെതിരേ ബോധവൽക്കരണ പ്രവർത്തനം നടത്തുക.
24. ഉദ്യോഗങ്ങളിൽ സ്ത്രീകൾക്ക് 33% സംവരണം ഏർപ്പെടുത്തുക.
25. പഞ്ചായത്തിൽ മിച്ചഭൂമി അനുവദിക്കുകയാണെങ്കിൽ വനിതകൾക്ക് മുൻഗണന നൽകുക.

26. വനിതകൾക്ക് പ്രധാന പങ്കുവഹിക്കാൻ കഴിയുന്ന കാവമാട് വളർത്തൽ പ്രോൽസാഹിപ്പിക്കാൻ ഒരു പാൽ സൊസൈറ്റി രൂപീകരിക്കുക.

27. വനിതകൾക്കായി ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

28. വനിതകൾക്ക് കുടിൽ വ്യവസായം തുടങ്ങാൻ സാമ്പത്തിക സഹായവും, സാങ്കേതിക പരിജ്ഞാനവും നൽകുക.

29. വനിതാ ടെയ്ലറിംഗ് സെന്ററുകൾ തുടങ്ങുന്നതുനുള്ള ധനസഹായം നൽകുക.

30. ഒന്നാം വാർഡ് ആസ്ഥാനമാക്കി ഒരു വനിതാ സഹകരണ സംഘം സ്ഥാപിക്കുക.

31. വനിതാ കാർഷിക വിപണന സഹകരണ സംഘം സ്ഥാപിക്കുക.

32. വനിതകൾക്കായി ഒരു അഭയമന്ദിരം, വായനശാല എന്നിവ സ്ഥാപിക്കുക.

33. പായ, കുട്ട തുടങ്ങിയ പരമ്പരാഗത തൊഴിലുകൾക്കു വേണ്ട അസംസ്കൃത വസ്തുക്കൾ ലഭ്യാക്കുന്നതിനും, ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.

34. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുക.

35. വിവിധ സൗരോർജ്ജ-ഗാർഹികോപകരണങ്ങൾ പഞ്ചായത്ത് തലത്തിൽ വിതരണം നടത്താൻ നടപടികൾ സ്വീകരിക്കുക.



5.10

സഹകരണം

കാർഷിക മേഖലയിൽ വളരെയധികം ഉണ്ടാക്കുവാൻ സഹായിക്കുന്ന പ്രസ്ഥാനമാണ് സഹകരണ പ്രസ്ഥാനം. കർഷക സമൂഹത്തെ കടബാധ്യതയിൽ നിന്നും ഒരളവുവരെ രക്ഷപ്പെടുത്താൻ സഹകരണ മേഖലക്ക് കഴിയും. സഹകരണ മേഖല ഇന്ന് എല്ലാ തുറകളിലും വ്യാപിച്ചുകിടക്കുന്ന ഒരു പ്രസ്ഥാനമാണ്.

പോരൂർ പഞ്ചായത്ത് രണ്ട് വില്ലേജുകളായി (പോരൂർ, ചാത്തങ്ങോട്ടുപുറം) കിടന്നിരുന്ന കാലത്ത് ചാത്തങ്ങോട്ടുപുറം ഐക്യനാണയ സംഘം എന്നും പോരൂർ ഐക്യനാണയ സംഘം എന്നും പേരുള്ള രണ്ട് സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നു. ഇവയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമായിരുന്നില്ല. മാത്രമല്ല വാണിയമ്പലം റീജണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകൃതമായപ്പോൾ ഈ രണ്ടു സ്ഥാപനങ്ങളും അതിൽ ലയിപ്പിക്കുകയും ചെയ്തു. ഏറെക്കാലം വാണിയമ്പലം റീജണൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കീഴിലായിരുന്നു പോരൂർ പഞ്ചായത്ത്.

വളരെക്കാലങ്ങൾക്കുശേഷം 1986 ലാണ് പോരൂർ സർവ്വീസ് സഹകരണ ബാങ്ക് രൂപീകൃതമായത്. വിവിധ മേഖലകയിലായി ഇപ്പോൾ 7 സഹകരണ സംഘങ്ങൾ നിലവിലുണ്ട്. അവയിൽ മിക്കതും തുടക്കം മുതൽ തന്നെ ആശാവഹമായ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു.

പോരൂർ സർവ്വീസ് സഹകരണ ബാങ്കിന് പുറമേ പഞ്ചായത്തിൽ പോരൂർ സഹകരണ കാർഷിക വിപണന സംസ്കരണ സംഘം, പോരൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം, പോരൂർ വനിതാ വായ്പാ സഹകരണ സംഘം, അയനിക്കോട് ക്ഷീരോൽപാദക സഹകരണ സംഘം ചാത്തങ്ങോട്ടുപുറം ക്ഷീരോൽപാദക സഹകരണ സംഘം എന്നിവയും ഖാദി ബോർഡിന്റെ കീഴിൽ ഒരു ഹരിജൻ ഗ്രാമ വ്യവസായ സഹകരണ സംഘവും പ്രവർത്തിക്കുന്നുണ്ട്.

പോരൂർ സർവ്വീസ് സഹകരണ ബാങ്ക്

ഈ ബാങ്കിന്റെ പരിധിയിലെ മുഴുവൻ കർഷകരും ഇന്ന് ബാങ്കിൽ അംഗങ്ങളല്ല. ഇപ്പോൾ ആകെ അംഗസംഖ്യ 4399 ആണ്. ബാങ്ക് കാർഷിക വായ്പകൾക്കു പുറമെ സ്വർണ്ണ പണ്ടത്തിന്മേൽ ലോൺ, ഐ. ആർ. ഡി. പി ലോൺ തുടങ്ങി പലവിധത്തിലുള്ള ലോണുകളും നൽകിവരുന്നു. ഇതിന് പുറമെ രാസവളങ്ങളുടെ വിൽപന, കൊപ്ര, കശുവണ്ടി വിപണനം, ഉൽസവകാല ചന്ത എന്നിവയും നടത്തിപ്പോരുന്നു. നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ ബാങ്കാണിത്.

1994ൽ രൂപീകൃതമായ പോരൂർ സഹകരണ കാർഷിക വിപണന സംസ്കരണ സംഘം ഇപ്പോൾ പ്രാരംഭദശയിലാണെങ്കിലും പ്രവർത്തന മേഖല വിപുലീകരിച്ചുകൊണ്ടിരിക്കുന്നു. കൂടുതൽ അംഗങ്ങളെ ചേർത്തും കൂടുതൽ മേഖലയിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചും മുന്നോട്ടുപോകേണ്ടതുണ്ട്.

പ്രധാനപ്പെട്ട പ്രവർത്തന മേഖലകൾ

1. പോരൂർ കർഷകർക്കാവശ്യമുള്ള ചിരട്ട, ചില്ല്, കമ്പി, ആസിഡ്, ഡിഷ് തുടങ്ങിയവ വിൽപന നടത്തുന്നു.
2. പല പ്രധാന കമ്പനികളുടേയും സിമന്റ് വിൽക്കുന്നു.
3. കശുവണ്ടി വിപണനം നടത്തുന്നു.
4. ഉൽസവകാല ചന്ത നടത്തുന്നു.

പോരൂർ സർവ്വീസ് സഹകരണ ബാങ്ക്

പട്ടിക - 1

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	വ്യക്തി അംഗത്വം	ഓഹരി മൂലധനം	സർക്കാർ ഓഹരി	നിക്ഷേപങ്ങൾ	വായ്പകൾ		ജീവനക്കാർ
						കാർഷികേതരം	കാർഷികം	
പോരൂർ സർവ്വീസ് സഹകരണ ബാങ്ക്	1986	4399	10,20,000 Rs.	300,000 Rs.	സ്ഥിരം 73,05,048 Rs. ഡിമാന്റ് സേവിംഗ്സ് 47,82633 Rs.	10074666 Rs.	259117 Rs.	സ്ഥിരം 7

പോരൂർ സഹകരണ കാർഷിക വിപണന സംസ്കരണ സംഘം

പട്ടിക - 2

സംഘത്തിന്റെ പേര്	സ്ഥാപന വർഷം	പവർത്ത പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	സർക്കാർ ഓഹരി	പരമാവധി കടം എടുക്കാവുന്ന തുക	ജീവനക്കാർ
പോരൂർ സഹകരണ കാർഷിക വിപണന സംസ്കരണ സംഘം	1994	പോരൂർ, പാണ്ടിക്കാട്, കാളികാവ്, തുവ്വൂർ, കരുവാരക്കുണ്ട് എന്നീ പഞ്ചായത്തുകളും വണ്ടൂർ പഞ്ചായത്തിലെ 1,2,10 വാർഡുകളും	411	1700000 Rs.	ഇല്ല	പിരിഞ്ഞു കിട്ടിയ ഓഹരിയുടെ 10 ഇരട്ടി	1

1994ൽ തന്നെ സ്ഥാപിതമായ പോരൂർ പട്ടികജാതി സർവ്വിസ് സഹകരണ സംഘം ബാലദശയിലാണെങ്കിലും പ്രവർത്തനം നല്ലനിലയിൽ മുന്നോട്ടുപോകുന്നു. ഇപ്പോൾ പ്രധാന പ്രവർത്തന മേഖല ഒരു മാര്യേജ് സ്റ്റോർ (കല്യാണാവശ്യത്തിനു പാത്രങ്ങൾ, കസേരകൾ, ടാർപായ തുടങ്ങിയവ വാടകക്ക് കോടുക്കുന്നു) നടത്തുന്നു. കൂടുതൽ അംഗങ്ങളെ ചേർത്തു കൂടുത് മേഖലയുലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചും പുരോഗതിയിലേക്ക് നീങ്ങേണ്ടിയിരിക്കുന്നു.

പട്ടിക -3

സംഘത്തിന്റെ പേര്	സ്ഥാപന വർഷം	വ്യക്തി അംഗത്വം	ഓഹരി മൂലധനം	സർക്കാർ ഓഹരി	പരമാവധി കടം എടുക്കാവുന്ന തുക	നിക്ഷേപങ്ങൾ	ജീവനക്കാർ
പോരൂർ പട്ടികജാതി സർവ്വിസ് സഹകരണ സംഘം	1994	209	300000 Rs.	ഇല്ല	അടച്ച മൂലധനത്തിന്റെയും 20 ഇരട്ടി കൂടുതൽധനത്തിന്റെയും	1	1

1996ൽ സ്ഥാപിതമായതാണ പോരൂർ വനിതാ വ്യവസായ സഹകരണ സംഘം. ഈ സംഘത്തിന്റെ പ്രവർത്തനം തുടക്കമാണ് എങ്കിലും ആശാവഹമായ പുരോഗതി നേടിക്കൊണ്ടിരിക്കയാണ്.

പട്ടിക - 4

സംഘത്തിന്റെ പേര്	സ്ഥാപന വർഷം	വ്യക്തി അംഗത്വം	ഓഹരി മൂലധനം	സർക്കാർ ഓഹരി	ജീവനക്കാർ
പോരൂർ വനിതാ വ്യവസായ സഹകരണ സംഘം	1996	275	72000 Rs.	ഇല്ല	1

ഇവക്കുപുറമെ രണ്ട് ക്ഷീരോൽപാദന സഹകരണ സംഘങ്ങൾ അയനിക്കോടും, ചാത്തങ്ങോട്ടുപുറത്തും നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ മിൽമയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ക്ഷീരകർഷകരിൽനിന്ന് പാലെടുക്കുകയും മിൽമക്കും പഞ്ചായത്തിലെ ആവശ്യക്കാർക്കും വിതരണം നടത്തുകയും ചെയ്യുന്നു. പുറമെ കർഷകർക്കാവശ്യമായ കാലിത്തീറ്റ, തീറ്റപ്പുൽ വിത്ത് തുടങ്ങിയവ വിതരണം ചെയ്യുക എന്നിവയാണ് സംഘത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഈ രണ്ടു

...ളെല്ലാം നല്ലനിലയിൽത്തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ടേബിൾ - 5

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	മൊത്തം ശേഖരിക്കുന്ന പാൽ (ലി)	പഞ്ചായത്തിൽ വിൽപന നടത്തുന്ന പാൽ (ലി)	പുറത്തേക്ക് അയക്കുന്ന പാൽ (ലി)
മാന്തടത്തുംപുറം ക്ഷീരോൽപാദക സഹകരണ സംഘം	1922	5561.2.6	2595.90	3065.16
അമ്പിയോട് ക്ഷീരോൽപാദക സഹകരണ സംഘം	1922	92624	5637	87007

ഇവക്കെല്ലാം പുറമെ ഖാദി ബോർഡിന്റെ ധനസഹായത്താൽ രൂപീകരിച്ച ഹരിജൻ ഗ്രാമ വ്യവസായ സഹകരണ സംഘം പുരോഗതി പ്രാപിക്കാതെ മുരടിച്ച് നിൽക്കുകയാണ്. അതിന്റെ പ്രവർത്തനം നല്ല നിലയിൽ മുന്നോട്ട് കൊണ്ടുപോകുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതിനും പുറമെ വ്യവസായ പുരോഗതിക്കായി ഒരു വ്യവസായ സഹകരണ സംഘം പഞ്ചായത്തിൽ തുടങ്ങുന്നത് വളരെ അത്യാവശ്യമാണ്. സഹകരണ മേഖല കാര്യക്ഷമമായാൽ മാത്രമേ കാർഷിക വ്യവസായിക മേഖലകൾക്ക് പുരോഗതി കൈവരിക്കുവാൻ സാധിക്കുകയുള്ളു.

5.11

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 20 ശതമാനത്തോളം പട്ടികജാതി വിഭാഗമാണ്. 733 കുടുംബങ്ങളിലായി 4400 പേർ ഈ വിഭാഗത്തിൽ വരുന്നു. ഭൂരിപക്ഷം പട്ടികജാതിക്കാരും താമസിക്കുന്നത് കോളനികളിലാണ്. പഞ്ചായത്തിൽ 35 അംഗീകരിച്ച കോളനികളും 13 അംഗീകരിക്കാത്ത കോളനികളും ഉണ്ട്. അംഗീകരിച്ച കോളനികളിൽ 14 എണ്ണം ഭാഗികമായി വൈദ്യുതീകരിച്ചിരിക്കുന്നു. പല കോളനികളും KSEB അംഗീകരിക്കാത്തതുകാരണം വൈദ്യുതി കിട്ടുന്നതിനുള്ള മുൻഗണന നഷ്ടപ്പെടുന്നു. സർക്കാർ അംഗീകരിച്ച കോളനികൾ മുഴുവൻ KSEB യും അംഗീകരിച്ച് ആനുകൂല്യങ്ങൾ നൽകേണ്ടതാണ്. പട്ടിക വർഗ്ഗ വിഭാഗക്കാർ ആരും തന്നെ ഈ പഞ്ചായത്തിൽ വസിക്കുന്നില്ല.

കഴിഞ്ഞകാലങ്ങളിൽ എല്ലാ രംഗങ്ങളിലും നിരവധി അടിച്ചമർത്തപ്പെടലിന് വിധേയമായ ഒരു സമൂഹമാണ് പട്ടിക ജാതി വിഭാഗം. അയിത്താചരണം തുടങ്ങിയ ക്രൂരമായ അനാചാരങ്ങൾക്കും ഈ സമൂഹം വിധേയരായിട്ടുണ്ട്. എന്നാൽ ഭൂ പരിഷ്ക്കരണ നിയമങ്ങളുടെ ഭാഗമായി കുടികിടപ്പവകാശം ലഭിക്കൽ, മിച്ചഭൂമി പതിച്ചു നൽകൽ, സാർവ്വത്രിക വിദ്യാഭ്യാസം ശക്തിപ്പെടുത്തൽ തുടങ്ങിയവയുടെ ഫലമായി ഇവരുടെ ജീവിത നിലവാരം ഒരു പരിധിവരെ ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ നടപ്പാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങളും ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സഹായിച്ചു. എന്നാൽ ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അജ്ഞത കാരണം അവയുടെപ്രയോജനം വേണ്ടത്ര ഇവർക്ക് ലഭിക്കുന്നില്ല. ഇതൊക്കെയാണെങ്കിലും സാമൂഹികമായി ഈ വിഭാഗം വളരെയധികം മുന്നോട്ടു പോയിട്ടുണ്ട്.

മുൻ കാലങ്ങളിൽ അനുഭവിച്ചുകൊണ്ടിരുന്ന നീചത്തങ്ങളിൽ നിന്ന് മുക്തി നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മതസ്തരുടേയും എല്ലാ ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും പൊതു പരിപാടികളിൽ നല്ല പരിഗണന ലഭിക്കുകയും ചെയ്യുന്നുണ്ട്.

വിദ്യാഭ്യാസം

ഈ പഞ്ചായത്തിലെ പട്ടികജാതി സമൂഹത്തിൽ നിരക്ഷരർ പൊതുവെ കുറവാണെങ്കിലും സ്കൂൾ വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം തുടർന്ന് പഠിക്കുവാൻ കുട്ടികൾ തയ്യാറാവുന്നില്ല. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുവാൻ രക്ഷിതാക്കളും തയ്യാറാവുന്നില്ല. ഈ കുട്ടികളുടെ സംരക്ഷണത്തിന്റേയും മറ്റും പേരിൽ സ്കൂളിൽ പോകാതിരിക്കുന്നത് കുട്ടികളുടെ വിദ്യാഭ്യാസ നിലവാരത്തെ സാരമായി ബാധിക്കുന്നു. ഇതിനെതിരെ ബോധവൽക്കരണം ആവശ്യമാണ്. SSLC യിൽ പരാജയപ്പെട്ടാൽ വീണ്ടും പഠിക്കാനും ജയിച്ചാൽ ഉപരിപഠനത്തിനും വേണ്ട പ്രോത്സാഹനവും പ്രോത്സാഹനവും നൽകേണ്ടതുണ്ട്. എങ്കിലും ഈ വിഭാഗത്തിൽപെട്ട ഉന്നതവിദ്യാഭ്യാസം നേടിയവരും ഉന്നത സർക്കാർ ജോലികൾ അലങ്കരിക്കുന്നവരും നമ്മുടെ പഞ്ചായത്തിലുണ്ട് എന്നതിൽ നമുക്ക് അഭിമാനിക്കാം.

പട്ടിക

പഞ്ചായത്തിലെ പട്ടികജാതി കോളനികൾ

ക്രമ നമ്പർ	പേര്	അംഗീകാരം	വൈദ്യുതി
1.	ചാത്തങ്കോട്ടുപുറം	ഉണ്ട്	ഇല്ല
2.	അരിമ്പ ചാള	,,	,,
3.	കാരക്കാട്ടുകുന്ന്	,,	ഉണ്ട്
4.	പാലക്കോട്	,,	,,
5	തത്തംപറമ്പ്	,,	,,
6.	അയനിക്കോട്	,,	ഇല്ല
7.	നടുവിൽ ചാള	,,	ഉണ്ട്
8.	തോട്ടുപുറം	,,	,,
9.	വീതനശ്ശേരി	,,	ഇല്ല
10.	ഒടുങ്കോട്ടു ചാള	,,	ഉണ്ട്
11.	ചുണ്ടേൻ്റ ചാള	,,	ഇല്ല
12.	ചേരിപ്പറമ്പ്	,,	ഉണ്ട്
13.	പരതോട്	,,	ഇല്ല
14.	തൊടികപ്പുലം	,,	ഉണ്ട്
15.	ചുള്ളിയിൽ ചാള	,,	ഇല്ല
16.	കിഴക്കേകര ചാള	,,	ഉണ്ട്
17.	ചക്കമ്മാട്	,,	,,
18.	കൂറ്റംകോട്	,,	ഇല്ല
19.	വാരിയത്ത് ചാള	,,	ഉണ്ട്
20.	പുതിയത്ത് കുന്ന്	,,	ഇല്ല
21.	കക്കോട്ടിരി	,,	,,
22.	ചണ്ണയിൽ ചാള	,,	,,
23.	പറയൻ കോളനി (തോട്ടുപുറം)	,,	ഉണ്ട്
24.	കാരക്കാട്ടുപറമ്പ്	,,	ഇല്ല
25.	തെയ്യത്തും കുന്ന്	,,	,,
26.	ചേലക്കാട്	,,	,,
27.	വീതനശ്ശേരി	,,	,,
28.	ചുണ്ടിയംപറ്റക്കുന്ന്	,,	,,

ക്രമ നമ്പർ	പേര്	അംഗീകാരം	വൈദ്യുതി
30.	ഉരുളഞ്ചേരി	ഉണ്ട്	ഇല്ല
31.	പുത്രക്കോവ് - കുട്ടിപ്പാറ	,,	,,
32.	കോങ്ങോട്ടു കുന്ന് - പനങ്ങോട്	,,	ഉണ്ട്
33.	ആലിക്കോട്	,,	ഇല്ല
34.	പരപ്പറ്റ	,,	,,
35.	കോട്ടക്കുന്ന്	ഇല്ല	ഉണ്ട്
36.	മുണ്ടത്തോട്	,,	,,
37.	നിരന്നപറമ്പ് - കുട്ടിപ്പാറ	,,	ഇല്ല
38.	പൊങ്കയിൽ കുന്ന്	,,	,,
39.	മുണ്ടയിൽ	,,	,,
40.	മാച്ചാട്	,,	,,
41.	കവുങ്ങും താറ്റിൽ	,,	,,
42.	കക്കുണ്ട്	,,	,,
43.	കൊമ്പൻ ചോല	,,	,,
44.	എരഞ്ഞിക്കുന്ന്	,,	,,
45.	പനിച്ചോം കുന്ന്	,,	,,
46.	പുളിയക്കോട് - പറയൻകുന്ന്	,,	,,
47.	കരുവട്ടൻ ചോല	ഉണ്ട്	,,
48.	മൂളിയത്ത് കോളനി	ഇല്ല	,,

തൊഴിൽ

പൂർവികമായി കാർഷിക മേഖലയുമായി ബന്ധപ്പെട്ട തെഴിലിലാണ് പട്ടിക ജാതി വിഭാഗം ഏർപ്പെട്ടിരിക്കുന്നത്. പരമ്പരാഗത തോഴിലിൽ ഏർപ്പെട്ടിരുക്കുന്ന വിഭാഗങ്ങളേലും ഇവരിലുണ്ട് (ഉദാ: പറയർ, പാണർ തുടങ്ങിയവർ) എന്നാൽ ഇവർ ഏർപ്പെട്ടിരിക്കുന്ന തൊഴിൽ മേഖലകൾ ക്ഷീണിച്ചുവന്നതിന്റെ ഫലമായി പലരും നിർമ്മാണ തൊഴിൽ പോലുള്ള മേഖലകളുലേക്ക് മാറിക്കൊണ്ടിരിക്കയാണ്. ഇതിന്റെ ഫലമായി കൊയ്ത്ത് തുടങ്ങിയ കാർഷിക ജോലികൾക്ക് ആളെ കിട്ടാത്ത സ്ഥിതി പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഉണ്ട്. കാർഷിക മേഖലയുടേയും പരമ്പരാഗത മേഖലയുടേയും പുനരുദ്ധാരണത്തിലൂടെ ഇവരുടെ തൊഴിൽ പ്രശ്നം പരിഹരിക്കേണ്ടതാണ്.

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധി വരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കോളനികൾ കേന്ദ്രീകരിച്ച് വിവിധ സർക്കാർ പദ്ധതികൾ പ്രകാരമാണ് വീടുകൾ നിർമ്മിച്ചു നൽകിയിരിക്കുന്നത്. എന്നാൽ ഈ വീടുകളുടെ സംരക്ഷണ ചുമതല വീട്ടുടമസ്ഥനാണെന്ന ധാരണ പലർക്കും ഉള്ളതായി കാണുന്നില്ല. ഇത് പരിഹരിക്കുവാൻ ബോധവൽക്കരണം

ആവശ്യമാണ്. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതികളുടെ പ്രയോജനം വേണ്ടത്ര ലഭിക്കുന്നില്ല. ഇതിന് പരിഹാരം കാണേണ്ടതാണ്.

പല കോളനികളിലും കക്കൂസ് ഇല്ല എന്നത് ഒരു പ്രധാന ആരോഗ്യ പ്രശ്നമായി നിലനിൽക്കുന്നു. ഉള്ള കക്കൂസ് തന്നെ വേണ്ടവിധത്തിൽ ഉപയോഗിക്കുവാൻ പലരും തയ്യാറാവുന്നില്ല. ഇതിന് ഫലപ്രദമായ ബോധവൽക്കരണം ആവശ്യമാണ്.

പല കോളനികളിലും കുടിവെള്ളത്തിന്റേയും വൈദ്യുതിയുടേയും ദൗർലഭ്യം നിലവിലുണ്ട്. ഇതിനും പരിഹാരം കാണേണ്ടതായിട്ടുണ്ട്.

പ്രശ്നങ്ങൾ

1. പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന എല്ലാ കോളനികളും സർക്കാർ അംഗീകരിക്കാത്തതിനാൽ വീട് വൈദ്യുതി, കുടിവെള്ളം എന്നിവ നൽകാനുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നില്ല.
2. പരമ്പരാഗത തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ (ഓട, മുള) എളുപ്പത്തിൽ ലഭ്യമല്ല.
3. ഒറ്റപ്പെട്ട് താമസിക്കുന്ന ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങുവാനും വീട് വെക്കുവാനും വലിയ പ്രയാസം നേരിടുന്നു. വായ്പകൾ പലപ്പോഴും കടക്കെണികളായി മാറുന്നു.
4. പൊതു ശ്മശാനത്തിന്റെ അപര്യാപ്തത.
5. കക്കൂസ്, കുടിവെള്ളം വൈദ്യുതി എന്നീ പ്രാഥമിക സൗകര്യങ്ങൾ എല്ലാ കോളനികളിലും ഇല്ല.
6. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.
7. പണിയെടുക്കുന്ന അമ്മമാരുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുവാൻ ശിശു സംരക്ഷണ കേന്ദ്രങ്ങളുടെ അഭാവം മൂലം മുതിർന്ന കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങുന്നു.
8. മെച്ചപ്പെട്ട ആരോഗ്യ ശീലങ്ങളും, പോഷണവും വേണ്ടത്രയില്ല. ഇത് മൂലം കുട്ടികൾക്ക് രോഗം പിടിപെടാനുള്ള സാധ്യത വളരെ കൂടുതലാണ്.

പരിഹാര നിർദ്ദേശങ്ങൾ

1. ഹരിജൻ കോളനികളായി അംഗീകരിക്കാത്ത കോളനികൾ മുഴുവൻ അംഗീകരിക്കണം.
2. നിശ്ചിത എണ്ണം വീടുകൾ ഇല്ലാത്തതിനാൽ അംഗീകാരം ലഭിക്കാത്ത കോളനികൾക്ക് ക്ഷേമപദ്ധതികൾ ലഭ്യമാക്കുക.
3. ക്ഷേമപദ്ധതികൾ യഥാവിധി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
4. ഭൂ രഹിതരായ പൂകജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.
5. എല്ലാ പട്ടികജാതി കോളനികളിലും കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കുക.
6. കക്കുണ്ട് കോളനിയിൽ പൊതുകിണർ സ്ഥാപിക്കുക.
7. തൊടികപ്പുലം കോളനി നിവാസികൾ പൂർവ്വിക ശ്മശാനമായി ഉപയോഗിച്ചുവരുന്ന എരണിക്കുന്ന് പറമ്പ് ഇപ്പോൾ സ്ഥല ഉടമയുടെ തടസ്സം കാരണം ഉപയോഗ്യ ലഭ്യമല്ല. ഈ പ്രശ്നം പരിഹരിക്കണം.
8. കോളനികളുടെ ശ്മശാനഭൂമികൾക്ക് പട്ടയം നൽകുക.
9. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.
10. പട്ടികജാതിക്കാരുടെ ചികിത്സക്കും വിവാഹത്തിനും ധനസഹായം അനുവദിക്കുക.
11. പട്ടികജാതി സഹകരണം സംഘം പ്രവർത്തനം ശക്തിപ്പെടുത്തി പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടവർക്ക് അസംസ്കൃത വസ്തുക്കൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കുക. ഓട ലഭ്യമല്ലാത്ത ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഈ തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കണം. മുള, ഓട എന്നിവ തലച്ചുമടായി കൊണ്ടുവരുന്നതിന് ലൈസൻസ് നൽകുക.
12. സർക്കാർ ഏർപ്പെടുത്തുന്ന ക്ഷേമ പദ്ധതികളെ കുറിച്ച് ബോധവൽക്കരണ സെമിനാർ നടത്തുക.
13. പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ പഞ്ചായത്തടിസ്ഥാനത്തിൽ കർമ്മ സമിതി രൂപീകരിക്കുക.
14. മാതൃ-ശിശു സംരക്ഷണത്തിൽ ബോധവൽക്കരണം നടത്താൻ സമിതികൾ രൂപീകരിക്കുക.
15. സ്വയം തൊഴിൽ പദ്ധതിപ്രകാരം ഓട്ടോറിക്ഷാ ഡ്രൈവിംഗ് പഠിക്കുവാൻ പഞ്ചായത്ത് തലത്തിൽ സൗകര്യമുണ്ടാക്കുക.
16. മിച്ചഭൂമി വിതരണത്തിൽ പട്ടികജാതിക്കാർക്ക് മുൻഗണന നൽകുക.
17. കോളനികളിൽ ശിശു സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

18. പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് അപകട ഇൻഷൂറൻസും ക്ഷേമനിധിയും ഏർപ്പെടുത്തുക.

19. സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് പത്തനംതിട്ട ജില്ലയിലെ 'സുബല' മാതൃകയിൽ പാക്കേജ് പദ്ധതി ആരംഭിക്കുക.

20. പട്ടികജാതിക്കാർക്ക് ലഭിക്കുന്ന മിച്ചഭൂമി [illegible] ചെയ്യുന്നത് നിയമം മൂലം തടയുക.

21. ഘഢഅഅധ കോളനികൾക്ക് ലഭിക്കുന്ന [illegible] ആനുകൂല്യങ്ങളും മറ്റു കോളനികൾക്കും ലഭ്യമാക്കുക.



5.12

വിഭവസമാഹരണം

നമ്മുടെ പഞ്ചായത്ത് ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിൽ പ്രധാനമായത് വ്യവസായ മേഖലയിലാണ്. കാര്യമായ ഒരു വ്യവസായ സ്ഥാപനവും പോരൂർ പഞ്ചായത്തിലില്ല. ചെറുകിട വ്യവസായങ്ങൾ നാമമാത്രമായുണ്ട്. ഈ രണ്ടു രംഗങ്ങളിലും പുരോഗതി കൈവരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ അത്യാവശ്യമാണ്.

വ്യവസായം വളർന്നാൽ വിഭവസമാഹരണം ഒരളവുവരെ പരിഹൃതമാവും. വ്യവസായ വളർച്ചക്ക് വൈദ്യുതി രംഗത്ത് കാര്യമായ മാറ്റങ്ങൾ ആവശ്യമാണ്.

കാർഷിക രംഗം ഇന്ന് മുരടിച്ചിരിക്കയാണ്. കൃഷിയിടങ്ങളിൽ നിന്നും വരുമാനം തീരെയില്ലാതായി എന്നുതന്നെ പറയാം. കാർഷിക മേഖലയെ പുരോഗമിപ്പിച്ച് ഉൽപാദനക്ഷമത കൂട്ടുവാൻ വേണ്ട പ്രവർത്തനം ഊർജ്ജിതപ്പെടുണ്ടേയിരിക്കുന്നു. ഈ രണ്ട് മേഖലകളിലും പുരോഗതി വരാതെ വിഭവ സമാഹരണം വികസിപ്പിക്കാനാവില്ല.

ഈ മണ്ഡലങ്ങളിൽ ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയാൽ ഗുണഫലങ്ങൾ ഫലപ്രദമാക്കാൻ വളരെ എളുപ്പമാണ്.

സർക്കാർ ഗ്രാന്റുകൾക്ക് ഭരണാധികാരികളെ സാധീനിക്കേണ്ട നിലപാട് മാറ്റി പഞ്ചായത്തിന്റെ ന്യായമായ ആവശ്യങ്ങൾക്ക് അർഹമായ ഗ്രാന്റുകൾ ഉടനെ ലഭിക്കാൻ വേണ്ട നടപടികൾ ഉണ്ടായാലെ ഇതിന് പരിഹാരമുണ്ടാകുകയുള്ളൂ.

ഗ്രാമങ്ങളിൽ നിന്ന് സമാഹരിക്കാവുന്ന വിഭവങ്ങൾ മനുഷ്യ പ്രയത്നമല്ലാതെ മറ്റൊന്നും പ്രതീക്ഷിച്ചു കൂടാത്തതാണ്. പരമാവധി ജനപങ്കാളിത്തവും മേൽപറഞ്ഞ മറ്റു സാഹചര്യവും കണക്കിലെടുത്തുവേണം വിഭവ സമാഹരണ സംരംഭം വിലയിരുത്തുവാൻ. നമുക്ക് സമാഹരിക്കാൻ കഴിയുന്ന വിഭവങ്ങൾ ഒരുക്കൂട്ടുന്നതിനുള്ള പ്രവർത്തനവും കൂടി നടത്താവുന്നതാണ്.

ഏറ്റവും വരുമാനം കുറഞ്ഞ ഈ പഞ്ചായത്ത് മനുഷ്യ വിഭവങ്ങൾ കൂടി ഉപയോഗിച്ചാണ് മുൻകാലങ്ങളിൽ പുരോഗമന പ്രവർത്തനങ്ങൾ നടത്തിയത്. ഇന്നത്തെ സാമ്പത്തിക നിലയനുസരിച്ച പഞ്ചായത്തിന് സ്വന്തമായി വികസന പ്രവർത്തനങ്ങൾ എറ്റെടുത്ത് നടത്താൻ പ്രയാസമുണ്ട്. ഗവൺമെന്റിൽനിന്നുള്ള സാമ്പത്തിക സഹായവും ജനപങ്കാളിത്തവും ഉണ്ടെങ്കിൽ മാത്രമേ സമഗ്രമായ വികസനം ഉണ്ടാക്കാൻ കഴിയൂ.

പഞ്ചായത്തിന്റെ സ്ഥിതി വിവര കണക്കുകൾ ചുവടെ ചേർക്കുന്നു.

പട്ടിക - 1

ഇനം	1991-92	1995-96	വ്യത്യാസം
കെട്ടിട നികുതി	40338.30	71295.00	+ 30957.00
വിനോദ നികുതി	Nil	Nil	Nil
തോഴിൽ നികുതി	31285.00	38895.00	7610.00
ഉപാധി സഹിത നികുതി	182800.00	275300.00	92500.00
SEP	52637.00	114500.00	61863.00
JRY	543886.00	615191.00	71305.00
ഗ്രാന്റുകൾ	445521.00	532620.00	87099.00
	1296467.30	1647801.00	+ 351334.00

ചിലവ്

എസ്റ്റാബ്ലിഷ്മെന്റ്	191957.00	327797.00

പരിഹാരമാർഗങ്ങൾ

1. തൊഴിൽ നികുതി ഏർപ്പെടുത്തുക.
2. ഇന്ധന വാഹനങ്ങൾക്ക് നികുതി ഏർപ്പെടുത്തുക.
3. നിർമ്മാണച്ചെലവിനനുസരിച്ച് (ആഡംബരം) വീടുകൾക്ക് നികുതി ഏർപ്പെടുത്തുക.
4. കാറികൾക്ക് നികുതി ഏർപ്പെടുത്തുക.
5. പഞ്ചായത്ത് വക കംഫർട്ട് സ്റ്റേഷൻ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ നിർമ്മിക്കുക.
6. ആവുശാല. മാർക്കറ്റ് എന്നിവക്ക് നികുതി ഏർപ്പെടുത്തുക.
7. വിദേശ മൂലധനം സ്വരൂപിച്ച് സിനിമാശാലകൾ പോലെയുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുക.
8. സന്നദ്ധ സംഘടനകളുടേയും മറ്റു പൊതുജനങ്ങളുടേയും വാഗ്ദാനം ചെയ്ത മനുഷ്യ പ്രയത്നം ഉപയോഗിച്ച് നിർ... പ്രവർത്തനം നടത്തുക. (വാർഡുകളിൽ നിന്ന് വാഗ്ദാനം ചെയ്തവ ഇതിലുൾപ്പെടുത്താം)



ഉപസംഹാരം

നിലവിലുള്ള വികസന സമീപനം കുറ്റമറ്റതാണെന്ന് അവകാശപ്പെടുക വയ്യ. പുതിയ പഞ്ചായത്തീരാജ് നിയമം വഴി ജനങ്ങൾക്കും ജനപ്രതിനിധികൾക്കും കൈവന്നിട്ടുള്ള അധികാരാവകാശങ്ങൾ ഈ സമീപനത്തിന് കാതലായ മാറ്റം വരുത്താൻ പോന്നവയാണ്. റോഡും പാലവുമായാൽ വികസനമായി എന്ന ധാരണ പൊതുവെ ഉണ്ടെങ്കിലും ഇവ വികസനത്തിലേക്കുള്ള നാന്ദി മാത്രമാണ്.

വികസന രംഗത്തെ അവിഭാജ്യ ഘടകമായ സമ്പത്തുൽപാദന പ്രക്രിയ പ്രോൽസാഹിപ്പിക്കപ്പെടേണ്ടതുണ്ട്. പ്രഥമ മേഖലയായ കൃഷിയും അനുബന്ധ മേഖലകളും അവഗണിക്കപ്പെടുന്ന പ്രവണത ശരിയല്ല. മെച്ചപ്പെട്ട കാർഷികോൽപാദനം വ്യാവസായിക മുന്നേറ്റത്തിന്റെ അടിത്തറയാണ്. മിക്ക വ്യവസായങ്ങൾക്കും വേണ്ട അസംസ്കൃത വസ്തുക്കൾ കാർഷികോൽപ്പന്നങ്ങളാണ്. സേവന മേഖലയിലെ അനാരോഗ്യ പ്രവണതകൾ ഇല്ലാതാക്കണം. അങ്ങിനെ പരസപര പൂരിതങ്ങളായ കാർഷിക വ്യാവസായിക സേവന മേഖലകളുടെ മുന്നേറ്റത്തിലൂടെ മാത്രമേ വികസന സങ്കൽപം യാഥാർത്ഥ്യമാവുകയുള്ളൂ.

സമ്പത്തില്ലാതെ വികസനം സാദ്ധ്യമല്ല. പുതിയ വിഭവ സ്രോതസ്സുകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. പദ്ധതികൾക്കുവേണ്ടി ചിലവഴിക്കപെടുന്ന തുകയുടെ മുഴുവൻ ഫലവും ജനങ്ങൾക്ക ലഭിക്കുന്നില്ല എന്നത പൊതുവേയുള്ള പ്രതിഭാസമാണെങ്കിലും ഈ പഞ്ചായത്തിൽ പദ്ധതിയുടെ ഫലം വലിയ ചോർച്ചയില്ലാതെ ജനങ്ങളിലെത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പും താഴേ തട്ടിൽ നിന്ന് തുടങ്ങാൻ പോകുന്നതുകൊണ്ട് ഇത് തങ്ങളുടെ പദ്ധതിയാണെന്ന ബോധം ജനങ്ങൾക്കുണ്ടാവുകയും അവരുടെ കർമ്മബോധവും ദിശാബോധവും ഇത്തരം ചോർച്ചകൾ പരമാവധി ഒഴിവാക്കുവാനും ഉപകരിക്കും.

ഒരു രാജ്യത്തിന്റെ സമ്പത്ത് പ്രധാനമായും ആരോഗ്യമുള്ളവരും അദ്ധ്വാനശീലരുമായ ജനതയാണ്. ലോകത്തിൽ ആദ്യമായിട്ടുള്ള ഏറ്റവും വലിയ വിഭവം അതുതന്നെയാണ. ലഭ്യമാവുന്ന ഫണ്ടും ജന വിഭവവും ഉപയോഗപെടുത്തി, ലഭ്യമായ വിവരങ്ങളും, വിഭവങ്ങളും അടിസ്ഥാനമാക്കി ഗ്രാമ സഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളും ആവശ്യങ്ങളും വിദഗ്ധ സമിതികളുടെ സഹായത്തോടെ പദ്ധതികളാക്കിമാറ്റി സർക്കാരേതര ഏജൻസികളിൽ നിന്നും പരമാവധി ഫണ്ടുകൾ ശേഖരിച്ച് വ്യക്തവും സുതാര്യവുമായ മാനദണ്ഡങ്ങൾ മുൻനിർത്തി മുൻഗണനാടിസ്ഥാനത്തിൽ വികസന പരിപാടികൾ ഈ പഞ്ചായത്തിൽ നടപ്പാക്കാൻ കഴിയുമെന്ന് നമുക്കുറപ്പുണ്ട്.

9-ാം പദ്ധതിയുടെ അടങ്കൽ തുക വളരെ ഉയർന്നതാണെന്നിരിക്കേ സർക്കാർ നൽകുമെന്ന് കരുതുന്ന 40% വിഹിതം വികസനരംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് കാരണമാകും എന്ന പ്രതീക്ഷയോടെ ഈ സമഗ്ര വികസന രേഖ ഈ സെമിനാർ മുമ്പാകെ സമർപ്പിക്കുന്നു. വിശകലനത്തിലൂടേയും ചർച്ചകളിലൂടേയും ഇത് സമ്പുഷ്ടമാക്കുക.

വികസന രേഖ തയ്യാക്കിയ കോർ ഗ്രൂപ്പ്

ഇ. ഉണ്ണികൃഷ്ണൻ – ചെയർമാൻ
കെ. പി. ഭാസ്കരൻ നായർ – കൺവീനർ

കൃഷി – ജലസേചനം

1. എൻ. എം. ശങ്കരൻ നമ്പൂതിരി
2. യു. സി. നന്ദകുമാർ
3. കെ. പി. വാസുദേവൻ നായർ
4. അബ്ദുൾ വഹാബ് (കൃഷി വേൻ)
5. ഇ. മോഹന ചന്ദ്രൻ

മൃഗപരിപാലനം

1. ഡോ. പ്രേമാവതി (വെറ്റിനറി ഡോക്ടർ)
2. കെ. കുഞ്ഞൻ
3. സി. എം. അഹമ്മത് എന്ന നാണി
4. പി. പി. രാമചന്ദ്രൻ
5. വി. യം. ഹൈശുഹാജി
6. പി. കെ. അഷറഫ്
7. വി. അലവി

വിദ്യാഭ്യാസം

1. വി. പി ഇസ്ഹാക്ക് മാസ്റ്റർ
2. കെ. അബ്ദുൾ റസാക്ക് മാസ്റ്റർ
3. ഇ. അബ്ദുൾ റസാക്ക് മാസ്റ്റർ
4. എൻ. മുഹമ്മത് അബ്ദുസ്സലാം മാസ്റ്റർ
5. പി. രാമസുന്ദരൻ മാസ്റ്റർ
6. കെ. വി. യശോധരൻ മാസ്റ്റർ
7. ഇ. ശശിപ്രഭ ടീച്ചർ

ആരോഗ്യം, കുടിവെള്ളം

1. വി. കെ. ദ്രൗപതി
2. ഇ. രവീന്ദ്രനാഥ്
3. എം. മുജീബ് റഹ്മാൻ
4. സി. സാദിഖ്
5. മുഹമ്മദാലി J.H.I.P.H.C
6. ഡോ. കെ. യം. ആർ. നമ്പൂതിരി
7. ഡോ. പി. ശിവശങ്കരൻ

ഗതാഗതം, ഊർജ്ജം

1. കെ. കെ. അബ്ബാസ്
2. കെ. പി. അമാനുള്ള
3. കെ. ടി. അബ്ബാസലി
4. ഇ. അബ്ബാസ് മാസ്റ്റർ
5. കെ. ടി. ഉണ്ണിമൊയ്തീൻ
6. സി. യം. വിനയ ചന്ദ്രൻ
7. എൻ. മണികണ്ഠൻ

ഭവനനിർമ്മാണം – സാമൂഹ്യക്ഷേമം

1. പി. ശങ്കരനാരായണൻ
2. പി. ബാബുരാജ്
3. ഒ. കെ. സുരേഷ്
4. പി. കെ. ഷംസുദ്ദീൻ
5. പി. കുഞ്ഞൻ തൊടികപുലം
6. വി. സരസ്വതി
7. പി. ജലജ

സംസ്കാരം

1. കെ. രമാദേവി
2. ശ്രീജിത്ത് മാസ്റ്റർ
3. പി. കെ. മുഹമ്മദാലി
4. പി. കെ. മനോജ് കുമാർ
5. പി. പി. അബ്ദുൾ കരീം
6. പി. ശശികുമാർ
7. കെ. വി. നന്ദകുമാർ

വ്യവസായം

1. കെ. ടി. അബ്ദുൾ റഷീദ്
2. കെ. അബ്ദുൾ മജീദ്
3. വി. ശിവശങ്കരൻ
4. കെ. ടി. അലവിക്കുട്ടി
5. പി. മമ്മത്
6. ഒ. കെ. ശിവപ്രസാദ്
7. ടി. കെ. മോഹൻ ദാസ്

വനിതാക്ഷേമം

1. കെ. ടി. ജമീല
2. ബി. ആമിന – സൂപ്രവൈസർ ICDS
3. പി. സുനന്ദാവാസുദേവൻ
4. ടി. രാജേശ്വരി
5. വി. വത്സലകുമാരി
6. പി. ശാന്തകുമാരി

സഹകരണ മേഖല

1. ലീനാ സോമൻ
2. എം. വേലായുധൻ
3. പി. വിജയൻ P.S.S ബാങ്ക്
4. പി. ജാഫർ P.K.M.S.S
5. കെ. ശിവദാസ് ആലിക്കോട്
6. എം. മുരളീധരൻ
7. സരസ്വതി C.B.N.B

പട്ടിക ജാതിക്ഷേമം

1. പി. കൃഷ്ണൻ വൈദ്യർ
2. എം. സി. മുരളീധരൻ
3. കെ. ശിവദാസൻ
4. സി. അപ്പു
5. കെ. സുധാകരൻ
6. കെ. ടി. വിനോദ് കുമാർ
7. കെ. മധു

വിദവ സമാഹരണം

1. എൻ. മുഹമ്മത് ബഷീർ
2. ഇ. രഘുനാഥ്
3. ഇ. കെ. ഇല്യാസ്
4. കെ. കെ. വിജയരാജൻ
5. കെ. ദേവദാസ്
6. രാജേഷ്
7. പി. മുഹമ്മദാലി

സാമൂഹ്യസാംസ്കാരിക ചരിത്രം

1. വി. യം. ഡി. ഭട്ടതിരിപ്പാട്
2. ഇ. മുഹമ്മത് കുഞ്ഞി
3. യു. സി. ശ്രീധരൻ നമ്പൂതിരി
4. വി. യം. മുഹമ്മത് ഹാജി
5. കെ. പി. ഭാസ്കരൻ നായർ